سورة مريم

# 19. സൂറതു മർയം

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 98 - വിഭാഗം (റുകൂഉ്) 6

[വചനങ്ങൾ 99 ആക്കിയും ചിലർ എണ്ണിയിട്ടുണ്ട്. 58-ാം വചനമായ സജദഃയുടെ ആയത്ത് മദനീ കാലഘട്ടത്തിൽ അവതരിച്ചതാകുന്നു. ബാക്കി ഭാഗങ്ങളാണ് മക്കീ ഘട്ടത്തിൽ അവതരിച്ചത്.]

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

**പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

كٓهيعٓصٓ ﴿١﴾

**(1) 'കാഫ്- ഹാ- യാ- ഐൻ- സ്വാദ്.'**

ذِكْرُ رَحْمَتِ رَبِّكَ عَبْدَهُۥ زَكَرِيَّآ ﴿٢﴾

**(2) നിന്റെ രക്ഷിതാവ് അവന്റെ അടിയാൻ സകരിയ്യാക്ക് ചെയ്ത അനുഗ്രഹത്തെക്കുറിച്ചുള്ള പ്രസ്താവനയാണ് (ഇത്.)**

---

(1) كهيعص (ഉദ്ദേശ്യം അല്ലാഹുവിനറിയാം) (2) ذِكْرُ പ്രസ്താവിക്കുകയാണ്, പറയുകയാണ് رَحْمَةِ കാരുണ്യം, അനുഗ്രഹം رَبِّكَ നിന്റെ രക്ഷിതാവിന്റെ عَبْدَهُ തന്റെ അടിയാന് زَكَرِيَّا സകരിയ്യാക്ക്

---

ഈ സൂറത്തിലെ ഒന്നാം ആയത്തിലെന്നപോലെ, വേറെ ചില സൂറതുകളുടെ ആരംഭത്തിലും ഇപ്രകാരമുള്ള കേവലാക്ഷരങ്ങൾ കാണാവുന്നതാകുന്നു. ആകെ 29 അദ്ധ്യായങ്ങളിലാണ് അതുള്ളത്. ഈ അക്ഷരങ്ങൾകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്താണെന്ന് ഖണ്ഡിതമായി പറയുവാൻ നമുക്ക് സാധ്യമല്ല. സൂറതുകളുടെ പേരുകളാണെന്നും, ചില സൂചനാർത്ഥങ്ങളാണ് അവകൊണ്ട് ഉദ്ദേശ്യമെന്നും, അല്ലാഹുവിന്നും നബിﷺക്കും ഇടയിലുള്ള ചില സ്വകാര്യ സൂചനകളാണെന്നും മറ്റും അഭിപ്രായങ്ങൾ പറയപ്പെട്ടിട്ടുണ്ട്. അല്ലാഹുവിനറിയാം. (കൂടുതൽ വിവരം സൂറതുൽ ബക്വറഃയുടെ ആരംഭത്തിൽ കാണുക.)

إِذۡ نَادَىٰ رَبَّهُۥ نِدَآءً خَفِيّٗا ﴿٣﴾

قَالَ رَبِّ إِنِّي وَهَنَ ٱلۡعَظۡمُ مِنِّي وَٱشۡتَعَلَ ٱلرَّأۡسُ شَيۡبٗا وَلَمۡ أَكُنۢ بِدُعَآئِكَ رَبِّ شَقِيّٗا ﴿٤﴾

وَإِنِّي خِفۡتُ ٱلۡمَوَٰلِيَ مِن وَرَآءِي وَكَانَتِ ٱمۡرَأَتِي عَاقِرٗا فَهَبۡ لِي مِن لَّدُنكَ وَلِيّٗا ﴿٥﴾

يَرِثُنِي وَيَرِثُ مِنۡ ءَالِ يَعۡقُوبَۖ وَٱجۡعَلۡهُ رَبِّ رَضِيّٗا ﴿٦﴾

**《3》 (അതായത്) അദ്ദേഹം തന്റെ രക്ഷിതാവിനെ രഹസ്യമായി വിളിച്ചപ്പോൾ (പ്രാർത്ഥിച്ചപ്പോൾ);-**

**《4》 അദ്ദേഹം (ഇങ്ങനെ) പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും ഞാൻ, എന്റെ എല്ലുകൾ ബലഹീനമായിരിക്കുന്നു; തല നരയാൽ കത്തിത്തിളങ്ങുകയും ചെയ്തിരിക്കുന്നു; നിന്നോട് പ്രാർത്ഥിച്ചതിൽ- എന്റെ റബ്ബേ- ഞാൻ ദുർഭാഗ്യവാനാവുകയുണ്ടായിട്ടുമില്ല!**

**《5》 എന്റെ പിന്നീടുണ്ടാകുന്ന ബന്ധുകുടുംബങ്ങളെ (പിൻ തുടർച്ചക്കാരെ)ക്കുറിച്ച് ഞാൻ ഭയപ്പെടുന്നു; എന്റെ ഭാര്യ മച്ചിയായിരിക്കുകയുമാണ്. അതുകൊണ്ട്, നിന്റെ പക്കൽനിന്ന് ഒരു (നല്ല) ബന്ധുവെ (പിൻതുടർച്ചാവകാശിയെ) എനിക്ക് നീ ദാനം നൽകേണമേ!**

**《6》 എനിക്കും, യഅ്ക്വൂബ് കുടുംബത്തിനും അനന്തരാവകാശിയായിത്തീരുന്ന (ഒരു ബന്ധുവെ), അവനെ- എന്റെ റബ്ബേ- നീ ഒരു സുസമ്മതനാക്കുകയും ചെയ്യേണമേ!**

---

《3》 إِذۡنَادَىٰ അദ്ദേഹം വിളിച്ചപ്പോൾ, പ്രാർത്ഥിച്ചപ്പോൾ رَبَّهُۥ തന്റെ റബ്ബിനെ, രക്ഷിതാവിനെ نِدَآءً ഒരു വിളി, പ്രാർത്ഥന خَفِيًّا രഹസ്യമായ 《4》 قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ إِنِّي നിശ്ചയമായും ഞാൻ وَهَنَ ബലഹീനമായിരിക്കുന്നു الْعَظْمُ എല്ല് مِنِّي എന്നിലുള്ള (എന്റെ) وَاشْتَعَلَ കത്തിത്തിളങ്ങുകയും (വെളുത്തുപോകുകയും) ചെയ്തു الرَّأْسُ തല شَيْبًا നരയാൽ وَلَمْ أَكُنۢ ഞാൻ ആയിട്ടുമില്ല بِدُعَآئِكَ നിന്നോട് പ്രാർത്ഥിച്ചതിൽ رَبِّ എന്റെ റബ്ബേ شَقِيًّا ദുർഭാഗ്യവാൻ, പരാജിതൻ 《5》 وَإِنِّي നിശ്ചയമായും ഞാൻ خِفْتُ ഞാൻ ഭയപ്പെട്ടു, ഭയപ്പെടുന്നു الْمَوَالِيَ ബന്ധുകുടുംബങ്ങളെ, പിൻതുടർച്ചക്കാരെ مِن وَرَآءِي എന്റെ പിറകിലുള്ള, ശേഷമുള്ള وَكَانَتِ ആകുകയും ചെയ്തിരിക്കുന്നു امْرَأَتِي എന്റെ ഭാര്യ, എന്റെ സ്ത്രീ عَاقِرًا വന്ധ്യ فَهَبْ അതുകൊണ്ട് ദാനം നൽകണേ لِي എനിക്ക് مِن لَّدُنكَ നിന്റെ പക്കൽനിന്ന് (നിന്റെ വകയായി) وَلِيًّا ഒരു ബന്ധുവെ (പിൻതുടർച്ചാവകാശിയെ) 《6》 يَرِثُنِي അവൻ എന്നെ അനന്തരമെടുക്കും وَيَرِثُ അനന്തരമെ

ടുക്കുകയും ചെയ്യുന്നു مِنْ آلِ يَعْقُوبَ യഅ്ക്വൂബിന്റെ കുടുംബത്തിൽനിന്ന് وَاجْعَلْهُ അവനെ ആക്കുകയും വേണമേ رَبِّ എന്റെ റബ്ബേ رَضِيًّا സുസമ്മതൻ, തൃപ്തൻ

---

സുലൈമാൻ നബി (അ)യുടെ സന്തതികളിൽപെട്ട ആളാണ് സകരിയ്യാ നബി (അ). അദ്ദേഹത്തിന് 75 ഓ 80 ഓ വയസ്സായി തല മുഴുവനും നരച്ചുവെളുത്തു കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ, ഈസാ നബി (അ)യുടെ മാതൃസഹോദരിയും, ഇംറാന്റെ (عِمْرَان) മകളും ആകുന്നു. അവർ ഇതേവരെ പ്രസവിച്ചിട്ടില്ല. തൗഹീദും, സത്യമതവും പ്രചരിപ്പിക്കുക എന്ന അദ്ദേഹത്തിന്റെ കൃത്യം തന്റെ മരണശേഷം നിർവഹിക്കുവാൻ തക്ക പിൻഗാമികളെ അദ്ദേഹം കാണുന്നില്ല. തന്റെ പിതാക്കളായിരുന്ന മുൻ പ്രവാചകൻമാർ മുതൽക്കേ തുടർന്നു വന്നതാണ് ഈ മഹൽ കൃത്യം. അത് തുടർന്നു നടത്തിക്കൊണ്ടിരിക്കുവാൻ ആളില്ലാതെ മുറിഞ്ഞുപോകുന്നതിലുള്ള വ്യസനം അദ്ദേഹത്തിന് മനസ്സമാധാനമില്ലാതാക്കിയിരിക്കുകയാണ്. ഇതല്ലാതെ, തനിക്കൊരു സന്താനമുണ്ടായിട്ടില്ലല്ലോ എന്ന വ്യസനമല്ല അദ്ദേഹത്തിനുള്ളത്. നിലവിലുള്ള തന്റെ കുടുംബങ്ങളാകട്ടെ, അദ്ദേഹം ഇഷ്ടപ്പെടുന്ന ആ നേർമാർഗത്തിൽ ചരിക്കുന്നവരായി അദ്ദേഹം കണ്ടതുമില്ല. അങ്ങനെ തനിക്കൊരു സന്താനം നൽകേണമേ എന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥന നടത്തിയത് ജനസദസ്സിൽ വെച്ചായിരുന്നില്ല. അദ്ദേഹത്തിന്റെ ബലഹീനതയും, പരിതഃസ്ഥിതിയും ആ പ്രാർത്ഥനയിൽ എടുത്തു പറയുകയും, നൽകപ്പെടുന്ന കുട്ടി നല്ലവനായിരിക്കണമെന്നുകൂടി അപേക്ഷിക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹം അല്ലാഹുവിന്റെ മുമ്പിൽ താഴ്മ അർപ്പിക്കുന്നത്. എപ്പോഴും, ഏത് വിഷമാവസ്ഥയിലും അല്ലാഹുവിനോട് മാത്രമേ താൻ പ്രാർത്ഥിക്കാറുള്ളൂവെന്നും, അവയെല്ലാം തന്നെ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്നും, അത്പോലെ ഈ പ്രാർത്ഥനയും സ്വീകരിച്ചനുഗ്രഹിക്കണമെന്നും പ്രാർത്ഥനയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സൽക്കർമങ്ങളെക്കൊണ്ടുള്ള ഇടതേട്ടത്തി (توسل)ന്റെ ഇനത്തിൽ ഉൾപ്പെട്ടതാകുന്നു. അതാ, അദ്ദേഹത്തിന്റെ ദുആ (دُعَاء) സ്വീകരിക്കപ്പെടുന്നു! അല്ലാഹു പറയുന്നു:-

يَٰزَكَرِيَّآ إِنَّا نُبَشِّرُكَ بِغُلَٰمٍ ٱسْمُهُۥ يَحْيَىٰ لَمْ نَجْعَل لَّهُۥ مِن قَبْلُ سَمِيًّا ﴿٧﴾

**﴾7﴿ 'ഹേ, സകരിയ്യാ! നിശ്ചയമായും നാം, നിനക്ക് ഒരു ആൺകുട്ടിയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നു; അവനുപേർ, 'യഹ്‌യാ' എന്നാകുന്നു;' അവനുമായി പേരൊത്ത ഒരാളെയും മുമ്പ് നാം ഉണ്ടാക്കിയിട്ടില്ല.'**

قَالَ رَبِّ أَنَّىٰ يَكُونُ لِى غُلَٰمٌ وَكَانَتِ ٱمْرَأَتِى عَاقِرًا وَقَدْ بَلَغْتُ مِنَ ٱلْكِبَرِ عِتِيًّا ﴿٨﴾

**﴾8﴿ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! എങ്ങനെയാണ് എനിക്കൊരു ആൺകുട്ടിയുണ്ടാവുക? എന്റെ ഭാര്യ മച്ചിയായിരിക്കുന്നു; ഞാൻ വാർദ്ധക്യത്താൽ വരൾച്ച പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.'**

قَالَ كَذَٰلِكَ قَالَ رَبُّكَ هُوَ عَلَيَّ هَيِّنٌ وَقَدْ خَلَقْتُكَ مِن قَبْلُ وَلَمْ تَكُ شَيْـًٔا ﴿٩﴾

**《9》 അവൻ [അല്ലാഹു] പറഞ്ഞു: (കാര്യം) അങ്ങനെത്തന്നെ; നിന്റെ റബ്ബ് പറയുന്നു: അത് എനിക്ക് ഒരു നിസ്സാര കാര്യമത്രെ; നീ യാതൊരുവസ്തുവും ആയിരുന്നില്ലാതിരിക്കെ- മുമ്പ്- നിന്നെ ഞാൻ സൃഷ്ടിച്ചുവല്ലോ.'**

---

《7》 يَازَكَرِيَّا ഹേ, സകരിയ്യാ إِنَّا നിശ്ചയമായും നാം نُبَشِّرُكَ നിനക്ക് നാം സന്തോഷവാർത്ത അറിയിക്കുന്നു بِغُلَامٍ ഒരു ആൺകുട്ടിയെ (ബാലനെ)ക്കുറിച്ച് اسْمُهُ അവന്റെ പേര് يَحْيَىٰ യഹ്‌യാ എന്നാണ് لَمْ نَجْعَل لَّهُ നാം ഉണ്ടാക്കിയിട്ടില്ല, ആക്കിയിട്ടില്ല لَهُ അവന് مِن قَبْلُ മുമ്പ് سَمِيًّا പേരൊത്തവനെ, തുല്യമായവനെ, നാമധാരിയെ 《8》 قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ أَنَّىٰ يَكُونُ എങ്ങനെയാണ് ഉണ്ടാവുക لِي എനിക്ക് غُلَامٌ ഒരു ആൺകുട്ടി وَكَانَتِ ആയിരിക്കുന്നു امْرَأَتِي എന്റെ ഭാര്യ, എന്റെ സ്ത്രീ عَاقِرًا മച്ചി, പ്രസവിക്കാത്തവൾ وَقَدْ بَلَغْتُ ഞാൻ എത്തിയിട്ടുമുണ്ട്, പ്രാപിച്ചിട്ടുമുണ്ട് مِنَ الْكِبَرِ വാർദ്ധക്യത്താൽ عِتِيًّا വരൾച്ച (ബലഹീനത) 《9》 قَالَ അവൻ പറഞ്ഞു كَذَٰلِكَ അങ്ങനെത്തന്നെ قَالَ رَبُّكَ നിന്റെ റബ്ബ് പറയുന്നു هُوَ അത് عَلَيَّ എനിക്ക് هَيِّنٌ നിസ്സാര കാര്യമാണ് وَقَدْ خَلَقْتُكَ നിന്നെ ഞാൻ സൃഷ്ടിച്ചിട്ടുണ്ടല്ലോ مِن قَبْلُ മുമ്പ് وَلَمْ تَكُ നീ ആയിരുന്നില്ല (എന്നിരിക്കെ) شَيْـًٔا ഒരു വസ്തുവും, യാതൊന്നും തന്നെ

---

തനിക്കൊരു ആൺകുട്ടി ഉണ്ടാകുവാൻ പോകുന്നുവെന്ന് അറിഞ്ഞപ്പോൾ സകരിയ്യാ നബി (അ)ക്ക് അൽഭുതം തോന്നി. അല്ലാഹുവിന് എല്ലാ കാര്യത്തിനും കഴിവുണ്ടെന്ന് അദ്ദേഹത്തിന് അറിയാം. അതുകൊണ്ട് തന്നെയാണ് അദ്ദേഹം ദുആ ചെയ്തതും. താനൊരു യുവാവായിരുന്ന കാലത്ത്പോലും പ്രസവിക്കാത്ത മച്ചിയായിരുന്ന ഭാര്യയും താനും ഇപ്പോൾ, അങ്ങേഅറ്റം വാർദ്ധക്യം പ്രാപിച്ചിരിക്കുകയാണ്. ആ സ്ഥിതിക്ക് വല്ല മാറ്റവും സംഭവിച്ചോ അതല്ല- പുതിയ ഭാര്യവഴിയോ, മറ്റേതെങ്കിലും തരത്തിലോ, എങ്ങനെയാണിത് സംഭവിക്കുക? ഇതറിയുവാൻ അദ്ദേഹത്തിന് വെമ്പലുണ്ടാകുക സ്വാഭാവികമാണല്ലോ. അല്ലാഹുവിൽനിന്നും ലഭിക്കുന്ന മറുപടി തനിക്ക് മനസ്സമാധാനത്തിനും മറ്റുള്ളവർക്ക് ചിന്തിക്കുവാനും ഉതകുകയും ചെയ്യും. അങ്ങനെ, മേൽകണ്ട ചോദ്യം ചോദിച്ചു. അല്ലാഹുവിന്റെ മറുപടിയാകട്ടെ, വളരെ അർത്ഥഗർഭവുമായിരുന്നു.

യഹ്‌യാ നബി (അ)യുടെ പേരിന്റെ അറബിയിലുള്ള ഉച്ചാരണ രൂപമാണ് 'യഹ്‌യാ' (يَحْيَى). വേദക്കാർ അദ്ദേഹത്തെ 'യോഹന്നാ' (يوحنا) എന്നാണ് വിളിച്ചു വരുന്നത്. 'പേരൊത്ത ഒരാളെയും നാം മുമ്പ് ഉണ്ടാക്കിയിട്ടില്ല' എന്ന് പറഞ്ഞതിൽനിന്ന് ഈ പേരുള്ള ഒരാൾ മുമ്പുണ്ടായിട്ടില്ലെന്ന് മനസ്സിലാകുന്നു. ഇത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ചില വ്യാഖ്യാതാക്കൾ 'സമിയ്യൻ' (سميا) എന്ന വാക്കിന് 'തുല്യൻ' അല്ലെങ്കിൽ 'സമൻ' എന്നും അർത്ഥം കൽപിച്ചിട്ടുണ്ട്. അപ്പോൾ, അക്കാലത്ത് അത്ര യോഗ്യനായ ഒരാൾ വേറെ ഇല്ലായിരുന്നു എന്ന് സാരമായിരിക്കുന്നതാണ്. അദ്ദേഹമാണെങ്കിൽ, അദ്ദേഹത്തിന്റെ ജീവിതകാലത്ത് യാതൊരു പാപവും ചെയ്യുകയാകട്ടെ, പാപം

ചെയ്യണമെന്ന് ഉദ്ദേശിക്കുകയാകട്ടെ ഉണ്ടായിട്ടില്ല താനും.

അല്ലാഹു നൽകിയ സന്തോഷവാർത്തയെ നന്ദിപൂർവം സ്മരിച്ചുകൊണ്ടിരിക്കുവാനും, നേരത്തെത്തന്നെ അത് കണ്ട് ആസ്വദിക്കുവാനും സകരിയ്യാ നബി (അ)ക്ക് ആഗ്രഹമായി:-

قَالَ رَبِّ ٱجْعَل لِّىٓ ءَايَةً ۚ قَالَ ءَايَتُكَ أَلَّا تُكَلِّمَ ٱلنَّاسَ ثَلَٰثَ لَيَالٍ سَوِيًّا ﴿١٠﴾

**﴾10﴿ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! (എന്നാൽ,) നീ എനിക്ക് ഒരു ദൃഷ്ടാന്തം നിശ്ചയിച്ചു തരേണമേ?'**

**അവൻ [അല്ലാഹു] പറഞ്ഞു; 'ശരിയായ നിലയിൽ, മൂന്ന് രാത്രി [ദിവസം], നീ ജനങ്ങളോട് സംസാരിക്കുകയില്ലെന്നുള്ളതാണ് നിനക്ക് ദൃഷ്ടാന്തം.'**

فَخَرَجَ عَلَىٰ قَوْمِهِۦ مِنَ ٱلْمِحْرَابِ فَأَوْحَىٰٓ إِلَيْهِمْ أَن سَبِّحُوا۟ بُكْرَةً وَعَشِيًّا ﴿١١﴾

**﴾11﴿ അങ്ങനെ അദ്ദേഹം പ്രാർത്ഥനാ മണ്ഡപത്തിൽ നിന്ന് (പുറത്തുവന്നു) തന്റെ ജനങ്ങൾക്ക് പ്രത്യക്ഷപ്പെട്ടു; എന്നിട്ട്, 'നിങ്ങൾ രാവിലെയും, വൈകുന്നേരവും സ്തോത്രകീർത്തനം ചെയ്തുകൊള്ളുക' എന്ന് അവരുടെ നേരെ ആംഗ്യംകാണിച്ചു. [സൂചന നൽകി.]**

---

﴾10﴿ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ اجْعَلْ നീ നിശ്ചയിച്ചു തരേണമേ, ഏർപ്പെടുത്തിത്തരേണമേ لِي എനിക്ക് آيَةً ഒരു ദൃഷ്ടാന്തം, അടയാളം قَالَ അവൻ പറഞ്ഞു آيَتُكَ നിന്റെ ദൃഷ്ടാന്തം أَلَّا تُكَلِّمَ നീ സംസാരിക്കാതിരിക്കുക എന്നതാണ് النَّاسَ ജനങ്ങളോട്, മനുഷ്യരോട് ثَلَاثَ لَيَالٍ മൂന്ന് രാത്രി (ദിവസം) سَوِيًّا ശരിയായ നിലയിൽ ﴾11﴿ فَخَرَجَ അങ്ങനെ അദ്ദേഹം പുറപ്പെട്ടു, പ്രത്യക്ഷപ്പെട്ടു عَلَىٰ قَوْمِهِ തന്റെ ജനങ്ങൾക്ക്, ജനങ്ങളിൽ مِنَ الْمِحْرَابِ മിഹ്റാബിൽ നിന്ന്, പ്രാർത്ഥനാ മണ്ഡപത്തിൽ നിന്ന് فَأَوْحَىٰ എന്നിട്ട് അദ്ദേഹം ആംഗ്യം കാട്ടി, സൂചന നൽകി إِلَيْهِمْ അവർക്ക്, അവരോട് أَنْ سَبِّحُوا നിങ്ങൾ സ്തോത്രകീർത്തനം (തസ്ബീഹ്) ചെയ്തുകൊള്ളുക എന്ന് بُكْرَةً രാവിലെ, കാലത്ത് وَعَشِيًّا വൈകുന്നേരവും വൈകിയിട്ടും, സന്ധ്യാസമയത്തും

---

'ശരിയായ നിലയിൽ' എന്ന് അർത്ഥം പറഞ്ഞിട്ടുള്ളത് سَوِيًّا (സവിയ്യൻ) എന്ന പദത്തെ ഉദ്ദേശിച്ചാണ്. ഇത് രണ്ട് പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു; രോഗമോ അംഗവൈകല്യമോ കൂടാതെ ശരിക്ക് ആരോഗ്യവാനായിരിക്കെത്തന്നെ സകരിയ്യാ നബി (അ)ക്ക് മൂന്ന് ദിവസം സംസാരിക്കുവാൻ കഴിയാതെ വരുന്നതാണെന്നും, ശരിക്കും മൂന്ന് രാത്രി- മൂന്ന് ദിവസം- സംസാരിക്കുവാൻ കഴിയാതിരിക്കുമെന്നും. മറ്റൊരു വിധത്തിൽ

പറഞ്ഞാൽ: 'ശരിയായ നിലയിൽ' എന്ന സ്ഥിതിവിശേഷണം (حال) സകരിയ്യാ നബി (അ)യെ സംബന്ധിച്ചും രാത്രിയെ സംബന്ധിച്ചും ആയിരിക്കുവാൻ ഇടയുണ്ട് എന്ന് സാരം. ദിവസത്തെ ഉദ്ദേശിച്ചുകൊണ്ട് لَيْلَة (രാത്രി) എന്ന് പറയുക അറബിഭാഷയിൽ സാധാരണമാകുന്നു. അതുകൊണ്ടാണ് ഇതേ സംഭവത്തെപ്പറ്റി ആലുഇംറാൻ 41-ൽ 'മൂന്ന് ദിവസം' (ثَلاثة ايام) എന്നും പറഞ്ഞിരിക്കുന്നത്. محْرَاب (മിഹ്റാബ്) കൊണ്ട് ഇവിടെ ഉദ്ദേശ്യം സാധാരണ നമ്മുടെ ഇടയിൽ അറിയപ്പെടുന്ന തരത്തിലുള്ള മിഹ്റാബ് അല്ല. പള്ളികളിൽ ഇന്ന് പ്രചാരത്തിലുള്ള മിഹ്റാബ് നബി ﷺ ക്ക് ശേഷം ഉണ്ടായി ത്തീർന്നതാകുന്നു. ക്രിസ്ത്യാനികളുടെ ആരാധനാസ്ഥലങ്ങളിൽ അതിലെ പുരോഹിതൻമാർക്കുവേണ്ടി പ്രത്യേകം ഉണ്ടാക്കപ്പെടുന്ന മണ്ഡപമാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

സകരിയ്യാ (അ) പതിവ്പ്രകാരം ജനങ്ങളൊന്നിച്ച് പ്രാർത്ഥന നടത്തുവാൻ, അദ്ദേഹത്തിന്റെ പ്രത്യേക മണ്ഡപത്തിൽ നിന്ന് ഇറങ്ങിവന്നു നോക്കുമ്പോൾ, അദ്ദേഹത്തിന് സംസാരിക്കുവാൻ വയ്യാതായിരിക്കുന്നു. അതിനാൽ, താൻ കൂടാതെത്തന്നെ രണ്ടുനേരവും അത് നടത്തിക്കൊള്ളുവാൻ അദ്ദേഹം ആംഗ്യം മൂലം അവരോട് കൽപിച്ചു. അദ്ദേഹം ബൈത്തുൽ മുക്വദ്ദസ് പള്ളിയിലെ നേതാവായിരുന്നുവെന്നത് സ്മരണീയമാകുന്നു. മൂന്ന് ദിവസം ജനങ്ങളോടൊപ്പം സ്തോത്രകീർത്തനങ്ങളിൽ പങ്കെടുക്കാതിരുന്നത് സംസാരിക്കുവാൻ കഴിയാഞ്ഞതുകൊണ്ട് മാത്രം ആയിക്കൊള്ളണമെന്നില്ല; ആ ദിവസങ്ങളിൽ, അദ്ദേഹത്തിന് ഏകാന്തമായിക്കൊണ്ട് സ്തോത്രനമസ്കാരാദികർമങ്ങൾ ചെയ്യാനുണ്ടായത് കൊണ്ടായിരുന്നുവെന്നും വരാവുന്നതാണ്. അല്ലാഹുവിനറിയാം. ഏതായാലും, ഇസ്റായീല്യർക്ക്- അവരാണല്ലോ അദ്ദേഹത്തിന്റെ ജനത- രാവിലെയും വൈകുന്നേരവും ചില പ്രാർത്ഥനാ നമസ്കാരങ്ങൾ നടത്തേണ്ടതുണ്ടായിരുന്നുവെന്ന് ഈ വചനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാകുന്നു.

സകരിയ്യാ നബി (അ)ക്ക് ലഭിച്ച സന്തോഷവാർത്ത അതാ, സാക്ഷാൽക്കരിക്കപ്പെടുന്നു! പുത്രൻ ജനിക്കുന്നു- സാധാരണ കുട്ടികളെപ്പോലെയല്ലാത്ത ഒരു പുത്രൻ! അല്ലാഹു പറയുന്നത് നോക്കുക;

يَٰيَحْيَىٰ خُذِ ٱلْكِتَٰبَ بِقُوَّةٍ ۖ

**﴿12﴾ 'ഹേ, യഹ്യാ! വേദഗ്രന്ഥം ബലമായി സ്വീകരിച്ചുകൊള്ളുക' (എന്നും നാം പറഞ്ഞു).**

وَءَاتَيْنَٰهُ ٱلْحُكْمَ صَبِيًّا ﴿١٢﴾

**ശിശുവായിരിക്കുമ്പോൾ തന്നെ, നാം അവന് (വേദ) വിജ്ഞാനം നൽകുകയും ചെയ്തു;-**

وَحَنَانًا مِّن لَّدُنَّا وَزَكَوٰةً ۖ وَكَانَ تَقِيًّا ﴿١٣﴾

**﴿13﴾ നമ്മുടെ പക്കൽനിന്ന് അനുകമ്പയും, പരിശുദ്ധിയും (നൽകി); അവൻ ഒരു ഭക്തനും ആയിരുന്നു;**

وَبَرًّۢا بِوَٰلِدَيْهِ وَلَمْ يَكُن جَبَّارًا

**﴿14﴾ തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനും (ആയിരുന്നു);**

عَصِيًّا ﴿١٤﴾

അനുസരണമില്ലാത്ത ക്രൂരനായിരുന്നതുമില്ല.

وَسَلَٰمٌ عَلَيۡهِ يَوۡمَ وُلِدَ وَيَوۡمَ يَمُوتُ وَيَوۡمَ يُبۡعَثُ حَيًّا ﴿١٥﴾

﴾15﴿ അവൻ ജനിച്ച ദിവസവും, മരിക്കുന്ന ദിവസവും, ജീവനുള്ളവനായി എഴുന്നേൽപിക്കപ്പെടുന്ന ദിവസവും അവന് സലാം! [ശാന്തിയുണ്ട്.]

---

﴾12﴿ يَايَحۡيَىٰ ഹേ, യഹ്‌യാ خُذِ നീ സ്വീകരിക്കുക, എടുക്കുക الۡكِتَابَ വേദഗ്രന്ഥം بِقُوَّةٍ ബലമായി, ശക്തിയോടെ وَ آتَيۡنَاهُ അവന് നാം കൊടുത്തു الۡحُكۡمَ വിജ്ഞാനം, യുക്തി, വിധി صَبِيًّا ശിശുവായിരിക്കുമ്പോൾ ﴾13﴿ وَحَنَانًا അനുകമ്പയും, ദയയും مِنۡ لَدُنَّا നമ്മുടെ പക്കൽനിന്ന് وَزَكَاةً പരിശുദ്ധിയും وَ كَانَ അവൻ ആയിരുന്നുതാനും تَقِيًّا ഭക്തൻ, ഭയഭക്തിയുള്ളവൻ, സൂക്ഷ്മതയുള്ളവൻ ﴾14﴿ وَبَرًّا നന്മ ചെയ്യുന്നവനും بِوَالِدَيۡهِ തന്റെ മാതാപിതാക്കൾക്ക് وَلَمۡ يَكُنۡ അവൻ ആയിരുന്നതുമില്ല جَبَّارًا ക്രൂരൻ, നിഷ്ഠൂരൻ, ഡംഭുകാരൻ, കഠിനൻ عَصِيًّا അനുസരണമില്ലാത്തവനായ, വിപരീതം ചെയ്യുന്ന ﴾15﴿ وَسَلَامٌ ശാന്തി, സലാം عَلَيۡهِ അവന് (ഉണ്ട്, ഉണ്ടാവട്ടെ) يَوۡمَ وُلِدَ അവൻ ജനിച്ച ദിവസം وَيَوۡمَ يَمُوتُ അവൻ മരിക്കുന്ന ദിവസവും وَيَوۡمَ يُبۡعَثُ എഴുനേൽപിക്കപ്പെടുന്ന (മരണാനന്തരം ജീവിപ്പിക്കപ്പെടുന്ന) ദിവസവും حَيًّا ജീവനുള്ളവനായിക്കൊണ്ട്

---

വേദഗ്രന്ഥം എന്ന് പറഞ്ഞത് തൗറാത്തിനെ ഉദ്ദേശിച്ചാകുന്നു. ഈസാ നബി (അ)യുടെ മുമ്പ് മതനിയമ ഗ്രന്ഥമായി നിലവിലുണ്ടായിരുന്നത് അതായിരുന്നു. വേദഗ്രന്ഥം മനസ്സിലാക്കുവാനും, ജനങ്ങളെ ഉപദേശിക്കുവാനും വേണ്ടുന്ന കഴിവും പ്രാപ്തിയും അദ്ദേഹത്തിന് ചെറുപ്പത്തിൽതന്നെ അല്ലാഹു പ്രദാനം ചെയ്തു. വളരെ സൽസ്വഭാവിയും, സൽഗുണസമ്പൂർണ്ണനുമായിരുന്നു അദ്ദേഹം.

حُكۡم (ഹുക്മ്) എന്ന പദത്തിനാണ് നാം ഇവിടെ 'വിജ്ഞാനം' എന്ന് അർത്ഥം കൽപിച്ചത്. നീതിബോധം, വിധി എന്നും മറ്റും അതിന് അർത്ഥം പറയപ്പെട്ടിരിക്കുന്നു. പ്രവാചകത്വമാണ് ഇവിടെ അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും, അദ്ദേഹം മൂന്നോ, അല്ലെങ്കിൽ ഏഴോ വയസ്സുള്ളപ്പോൾ തന്നെ പ്രവാചകനായി നിയോഗിക്കപ്പെട്ടിട്ടുണ്ടെന്നും ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. ഇത് ശരിയാണെങ്കിൽ, യഹ്‌യാ നബി (അ)യുടെ ഒരു പ്രത്യേകതയാണ് അത് എന്ന കാര്യത്തിൽ സംശയമില്ല. ഏതായാലും ശൈശവം മുതൽക്കുതന്നെ അദ്ദേഹം അസാധാരണ ഗുണസമ്പന്നനും, ആരാധനാനിമഗ്നനുമായിരുന്നുവെന്ന് തീർച്ചയാകുന്നു.

ഈസാ നബി (അ)യുടെ ജനനകഥ വിശദമായി വിവരിച്ചിട്ടുള്ള ഒരു അദ്ധ്യായമാണ് ഈ സൂറത്ത്. അദ്ദേഹത്തിന്റെ വിഷയത്തിൽ ക്രിസ്ത്യാനികൾ കെട്ടിയുണ്ടാക്കിയ അതിർകവിഞ്ഞ പല വാദങ്ങളെയും, ജൂതൻമാരുടെ പല വ്യാജപ്രസ്താവനകളെയും ഖണ്ഡിച്ചുകൊണ്ട് സംഭവത്തിന്റെ യഥാർത്ഥരൂപം അല്ലാഹു ഈ സൂറത്തിൽ തുടർന്നു വിവരിക്കുന്നുണ്ട്. അതിനോട് ബന്ധപ്പെട്ട ഒരു സംഭവമാണ് യഹ്‌യാ നബി (അ)യുടെയും, അവർ തമ്മിൽ കുടുംബ ബന്ധമുള്ളത്പോലെത്തന്നെ, ദൗത്യനിർവഹണ കാര്യത്തിലും

ബന്ധമുണ്ടായിരുന്നു. ഈസാ (അ)ന്റെ പ്രബോധനത്തിന് വഴി തെളിയിക്കുന്ന ഒരു മുന്നോടിയായിട്ടാണ് യഹ്‌യാ (അ)ന്റെ ആഗമനം ഉണ്ടായിട്ടുള്ളത്. മാത്രമല്ല, സൂറഃ ആലു ഇംറാനിൽ അല്ലാഹു വ്യക്തമാക്കിയിട്ടുള്ളത്പോലെ, ഈസാ നബി (അ)യുടെ മാതാവിനെ സംരക്ഷിച്ചുവന്നതും സകരിയ്യാ നബി (അ) ആയിരുന്നു. മാതാവിന്റെ പ്രാർത്ഥനാഫലമായി മർയമിൽ പ്രത്യക്ഷപ്പെട്ട ചില ദൃഷ്ടാന്തങ്ങൾ സകരിയ്യാ നബി (അ)ക്ക് ആവേശം നൽകുകയുണ്ടായി. മക്കളില്ലാതിരുന്ന അദ്ദേഹത്തിന് സത്യപ്രബോധനം നടത്തുന്നതിൽ തന്റെ പിൻതുടർച്ചക്കാരനായി വരത്തക്ക ഒരു മകനുണ്ടായിക്കാണുവാൻ അതിയായ ആഗ്രഹം തോന്നുകയും ചെയ്തു. എന്നിട്ടാണ് അദ്ദേഹം മുകളിൽ പറഞ്ഞ പ്രകാരം ദുആ ചെയ്തത്. ഇങ്ങനെ, പല നിലക്കും പരസ്പരബന്ധമുള്ള രണ്ട് സംഭവ കഥകളാണ് യഹ്‌യാ നബിയുടെതും, ഈസാ നബിയുടെതും. عَلَيْهِما السلام

മുശ്‌രിക്കുകളുടെ മർദ്ദനം നിമിത്തം മക്കയിൽനിന്ന് ചില സ്വഹാബികൾ അബിസീനിയാ (حبشة)യിലേക്ക് ഹിജ്‌റഃ പോകുകയും, നജ്ജാശീ (നെഗാശീ) രാജാവിനെ അഭയം പ്രാപിക്കുകയും ഉണ്ടായല്ലോ. അവർ അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന കാലത്ത് അവരെ തങ്ങൾക്ക് വിട്ടുകിട്ടണമെന്ന് അപേക്ഷിച്ചുകൊണ്ടും, മുസ്‌ലിംകളുടെ മേൽ പല അപവാദങ്ങളും ആരോപിച്ചുകൊണ്ടും ക്വുറൈശികളുടെ ഒരു നിവേദകസംഘം നജ്ജാശീ രാജാവിനെ സമീപിക്കുകയുണ്ടായി. ഈ അവസരത്തിൽ രാജാവ് ആ സ്വഹാബികളെ വിളിപ്പിച്ച് പലതും അന്വേഷിക്കുകയുണ്ടായി. രാജാവ് ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹവുമായുണ്ടായ സംഭാഷണത്തിൽ ജഅ്ഫറുബ്നു അബീത്വാലിബ് (جَعفَر بن ابى طَالب - رض) രാജാവിന് സൂറത്ത് മർയം ഓതിക്കേൾപ്പിച്ചു. രാജാവ് സംതൃപ്തനാവുകയും, ഇസ്‌ലാം സ്വീകരിക്കുകയും ഉണ്ടായി. ഈസാ (അ)യെക്കുറിച്ച് 'ഇൻജീലി'ൽ അദ്ദേഹം കണ്ടതിനോട് ക്വുർആൻ യോജിച്ചിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു. എന്നാൽ, ഇന്ന് നമുക്ക് ബൈബ്ളുകളിൽ കാണുവാൻ കഴിയുന്ന ഇൻജീലുകൾ (സുവിശേഷങ്ങൾ) അന്നത്തേതിൽനിന്നും കേവലം വ്യത്യസ്ത രൂപത്തിലാണുള്ളതെന്ന കാര്യം നിസ്സംശയമാണ്. എന്നിരുന്നാലും, യഹ്‌യാ നബി (അ)യുടെ ജനനകഥയിൽ ഇന്നത്തെ ഇൻജീലും ഏറെക്കുറെ ക്വുർആനുമായി യോജിച്ചുകാണാം. അതിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത് സന്ദർഭോചിതമായിരിക്കും:-

'യഹൂദ്യാ *(*)* രാജാവായ ഹെറോദാവി *(**)*ന്റെ കാലത്ത് അബീയാക്കൂറിൽ സെഖര്യാവ് എന്ന് പേരുള്ളൊരു പുരോഹിതൻ ഉണ്ടായിരുന്നു. അവന്റെ ഭാര്യ അഹ്‌റോ *(***)*ന്റെ പുത്രന്മാരിൽ ഒരുത്തിയായിരുന്നു. അവൾക്ക് എലിശബേത്ത് എന്നു പേർ, ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും, കർത്താവിന്റെ സകല കൽപനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. എലിശബത്ത് മച്ചിയാകകൊണ്ട് അവർക്ക് സന്തതികളില്ലാഞ്ഞു; ഇരുവരും വയസ്സ് ചെന്നവരുമായിരുന്നു.... പൌരോഹിത്യ മര്യാദപ്രകാരം, കർത്താവിന്റെ മന്ദിരത്തിൽ ചെന്ന് ധൂമം കാട്ടുവാൻ അവന് നറുക്ക് വന്നു, അപ്പോൾ കർത്താവിന്റെ ദൂതൻ ധൂമപീഠത്തിന്റെ വലഭാഗത്ത് വന്നു നിൽക്കുന്നവനായിട്ട് അവനു പ്രത്യക്ഷമായി...... ദൂതൻ അവനോട് പറഞ്ഞത്:

***(*) യഹൂദ്യാ പടം 3 ൽ കാണാം. (**) ഹിറോദോത്തസ് هِير دوتس (***) ഈ അഹ്‌റോൻ اهرون അക്കാലത്തുള്ള ഒരാളാകുന്നു. മൂസാ (അ)ന്റെ സഹോദരൻ ഹാറൂൻ (അ) അല്ല. 28-ാം വചനത്തിൽ വരുന്ന ഹാറൂൻ ഇദ്ദേഹമാണെന്ന് ചിലർക്ക് അഭിപ്രായമുണ്ട്.***

'സെഖര്യാവേ, ഭയപ്പെടേണ്ടാ, നിന്റെ പ്രാർത്ഥനക്ക് ഉത്തരമായി നിന്റെ ഭാര്യ എലിശബേത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവന് 'യോഹന്നാൻ' എന്ന് പേരിടണം. നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും. അവന്റെ ജനനത്തിൽ പലരും സന്തോഷിക്കും. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും. വീഞ്ഞും മദ്യവും കുടിക്കുകയില്ല. അമ്മയുടെ ഗർഭത്തിൽവെച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ട് നിറയും. അവൻ യിസ്റായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുത്തും.......'

'സെഖര്യാവ് ദൂതനോട്: 'ഇത് ഞാൻ എന്തൊന്നിനാൽ അറിയും? ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സുചെന്നവളുമല്ലോ' എന്ന് പറഞ്ഞു. ദൂതൻ അവനോട്: 'ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ***(*)*** ആകുന്നു: നിന്നോട് സംസാരിപ്പാനും, ഈ സദ്വർത്തമാനം നിന്നോട് അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു. തക്കസമയത്ത് നിവൃത്തി വരുവാനുള്ള എന്റെ ഈ വാക്ക് വിശ്വസിക്കായ്കകൊണ്ട് അത് സംഭവിക്കും വരെ നീ സംസാരിപ്പാൻ കഴിയാതെ മൌനമായിരിക്കും' എന്ന് ഉത്തരം പറഞ്ഞു. ജനം സെഖര്യാവിനായി കാത്തിരുന്നു......... അവൻ പുറത്തു വന്നാറെ, അവരോട് സംസാരിപ്പാൻ കഴിഞ്ഞില്ല...... അവൻ അവർക്ക് ആംഗ്യം കാട്ടി......' (ലൂക്കോസ്: 1 ൽ 5- 23)

ജിബ്രീൽ (അ) വന്ന് സുവിശേഷം അറിയിച്ചപ്പോൾ അത് വിശ്വസിക്കാത്തതിന്റെ പേരിലാണ് സകരിയ്യാ നബി (അ)ക്ക് സംസാരിക്കുവാൻ കഴിയാതെവന്നതെന്നാണല്ലോ ഇൻജീലിൽ കണ്ടത്. ഇത് ക്വുർആൻ പറഞ്ഞതിന് എതിരാണെന്ന് വ്യക്തമാണ്. അതുകൊണ്ട് അത് നമുക്ക് അവഗണിക്കാം. യഹ്‌യാ നബി (അ)യുടെ കഥയിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കും:-

(1) അല്ലാഹുവിന്റെ ശക്തിമാഹാത്മ്യവും, കാരുണ്യവും അതിരറ്റതാകുന്നു. ഏത് സന്ദിഗ്ധഘട്ടത്തിലും നാം നിരാശപ്പെടരുത്. നാം ചെയ്യേണ്ടത് നമ്മുടെ കഴിവനുസരിച്ച് ചെയ്യുകയും, അതിനപ്പുറമുള്ളതിലെല്ലാം അവനോട് പ്രാർത്ഥിക്കുകയും ചെയ്യണം. ഹൃദയസാന്നിധ്യത്തോടും, ഭക്തിയാദരവോടുംകൂടി ചെയ്യുന്ന പ്രാർത്ഥന അല്ലാഹു പാഴാക്കുകയില്ല.

(2) സാധാരണ പ്രകൃതിനിയമങ്ങൾക്ക് അതീതമായി ചില സംഭവങ്ങൾ അല്ലാഹു ഈ ലോകത്ത് വെളിപ്പെടുത്തിയേക്കാവുന്നതാണ്.

(3) രഹസ്യമായി നടത്തുന്ന പ്രാർത്ഥന പ്രത്യേക ഫലം ചെയ്യുന്നതാകുന്നു. നമ്മുടെ എല്ലാ സ്ഥിതിഗതികളും അല്ലാഹു ശരിക്ക് അറിയുന്നവനാണെങ്കിലും നമ്മുടെ സാധുത്വവും അശക്തിയും സമ്മതിക്കുകയെന്ന നിലക്ക് പ്രാർത്ഥനയിൽ അത് വിസ്തരിച്ചു പറയുന്നത് നല്ലതാകുന്നു. ഹൃദയസാന്നിധ്യത്തോടും, നിഷ്കളങ്കതയോടും കൂടിയായിരിക്കണം പ്രാർത്ഥന. രഹസ്യമായ പ്രാർത്ഥന ഇതിന് കൂടുതൽ ഉതകുന്നു.

(4) സന്താനങ്ങൾക്ക് നല്ലതും പുതിയതുമായ പേരുകൾ വെക്കുകയാണ് വേണ്ടത്. പേരിന്റെ ഉദ്ദേശ്യം തന്നെ, തിരിച്ചറിയുകയാണല്ലോ. അടുത്തടുത്ത സ്ഥലങ്ങളിൽ ഒരേ പേർ ഒന്നിലധികം ആളുകൾക്ക് ഉണ്ടാകുന്ന പക്ഷം ഈ ഉദ്ദേശ്യത്തിന് കോട്ടം പറ്റുന്നു. നല്ല അർത്ഥം ദ്യോതിപ്പിക്കുന്ന പേരിടുന്നതിനെ നബിﷺ വളരെ പ്രോത്സാഹിപ്പിച്ചിട്ടുള്ളതായി ഹദീഥുകളിലും കാണാം.

---

* *എന്ന മലക്ക്* جبريل عليه السلام

(5) മക്കളുടെ നന്മക്കുവേണ്ടി മാതാപിതാക്കൾ ദുആ ചെയ്യേണ്ടതാകുന്നു.

(6) മാതാപിതാക്കൾക്ക് നന്മചെയ്യുക എന്നത് മക്കളുടെ- അവർ എത്ര യോഗ്യൻമാരായാലും ശരി- പ്രധാന കടമയും, മഹത്തായ പുണ്യകർമവുമാകുന്നു.

(7) പൊതുപ്രവർത്തനത്തിലും, സമുദായസേവനത്തിലും ഏർപ്പെടുന്ന ആൾ പൊതുജനസമ്മതനായിരിക്കേണ്ടതാകുന്നു.

യഹ്‌യാ നബി (അ)ക്ക് ശൈശവത്തിൽ തന്നെ വേദഗ്രന്ഥം കൈകാര്യം ചെയ്യാനുള്ള പരിപക്വതയും, കല്പനയും നൽകിയതിനെത്തുടർന്ന് അല്ലാഹു അദ്ദേഹത്തെപ്പറ്റി എടുത്തുപറഞ്ഞിട്ടുള്ള ചില പ്രത്യേകതകളും കൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്: (1) അദ്ദേഹത്തിന് വിജ്ഞാനം നൽകി (2) അല്ലാഹുവിങ്കൽ നിന്നുള്ള പ്രത്യേക അനുകമ്പ ലഭിച്ചു. അദ്ദേഹം ജനങ്ങളോട് വളരെ കനിവും, അനുകമ്പയും ഉള്ള ആളായിരുന്നു. (3) പാപങ്ങളിൽ നിന്നും, മാന്യമല്ലാത്ത കാര്യങ്ങളിൽ നിന്നും അദ്ദേഹത്തിന് പരിശുദ്ധി നൽകിയിരുന്നു. (4) അദ്ദേഹം പാപം ചെയ്യാൻ ഉദ്ദേശിക്കുകപോലും ചെയ്യാതെ, അല്ലാഹുവിന്റെ സകല നിയമനിർദ്ദേശങ്ങളും ശരിക്ക് അനുസരിച്ചിരുന്നു. (5) അദ്ദേഹം മാതാപിതാക്കൾക്ക് വളരെ നന്മ ചെയ്യുന്ന ആളായിരുന്നു. (6) ഡംഭ്, അഹംഭാവം, ക്രൂരത, കാഠിന്യം ആദിയായ സ്വഭാവദോഷങ്ങളില്ലാത്ത സൗമ്യശീലനും, അനുസരണശീലനുമായിരുന്നു.

## വിഭാഗം - 2

وَٱذْكُرْ فِى ٱلْكِتَـٰبِ مَرْيَمَ إِذِ ٱنتَبَذَتْ مِنْ أَهْلِهَا مَكَانًا شَرْقِيًّا ﴿١٦﴾

**《16》 (നബിയേ) വേദഗ്രന്ഥത്തിൽ മർയമിനെക്കുറിച്ചും പ്രസ്താവിക്കുക: അവൾ തന്റെ സ്വന്തക്കാരിൽ നിന്ന്, കിഴക്കുഭാഗത്തുള്ള ഒരു സ്ഥലത്ത് വിട്ടു (മാറി) താമസിച്ചപ്പോൾ;**

فَٱتَّخَذَتْ مِن دُونِهِمْ حِجَابًا

**《17》 അങ്ങനെ, അവൾ അവരിൽനിന്ന് (മറയത്തക്ക) ഒരു മറ സ്വീകരിച്ചു:**

فَأَرْسَلْنَآ إِلَيْهَا رُوحَنَا فَتَمَثَّلَ لَهَا بَشَرًا سَوِيًّا ﴿١٧﴾

**അപ്പോൾ, നാം അവളുടെ അടുക്കലേക്ക് നമ്മുടെ ആത്മാവിനെ [ജിബ്‌രീലിനെ] അയച്ചു; എന്നിട്ട്, അദ്ദേഹം ശരിയായ ഒരു മനുഷ്യനായി അവൾക്ക് രൂപപ്പെട്ടു.**

---

《16》 وَاذْكُرْ പ്രസ്താവിക്കുക, പറയുക فِى ٱلْكِتَـٰبِ വേദഗ്രന്ഥത്തിൽ (ഖുർആനിൽ) مَرْيَمَ മർയമിനെക്കുറിച്ച് إِذِ انْتَبَذَتْ അവൾ വിട്ടുമാറി താമസിച്ചപ്പോൾ, വിട്ടുപോയപ്പോൾ مِنْ أَهْلِهَا അവളുടെ സ്വന്തക്കാരിൽ (കുടുംബത്തിൽ, ആൾക്കാരിൽ)നിന്ന് مَكَانًا ഒരു സ്ഥലത്ത് شَرْقِيًّا കിഴക്ക് ഭാഗത്തുള്ള 《17》 فَاتَّخَذَتْ എന്നിട്ട് അവൾ സ്വീകരിച്ചു, ഏർപ്പെടുത്തി مِنْ دُونِهِمْ അവരിൽ നിന്ന് حِجَابًا ഒരു മറ فَأَرْسَلْنَا അപ്പോൾ നാം അയച്ചു إِلَيْهَا അവ

ളുടെ അടുക്കലേക്ക് رُوحَنَا നമ്മുടെ ആത്മാവിനെ فَتَمَثَّلَ എന്നിട്ട് അദ്ദേഹം രൂപപ്പെട്ടു, പ്രത്യക്ഷപ്പെട്ടു لَهَا അവൾക്ക് بَشَرًا ഒരു മനുഷ്യനായി سَوِيًّا ശരിയായ (സാധാരണപോലുള്ള)

---

മർയം (അ) ചെറുപ്പം മുതൽക്കേ ബൈത്തുൽമുക്വദ്ദസിലെ പരിചാരികയായിരുന്നു. അവർ കിഴക്കുഭാഗത്തായി ഒരിടത്ത് ഏകാന്തവാസം സ്വീകരിച്ചപ്പോഴായിരുന്നു ജിബ്‌രീൽ (അ) പ്രത്യക്ഷപ്പെട്ടത്. സകരിയ്യാ നബി (അ)യുടെ ഭാര്യ ഗർഭം ധരിച്ചതിന്റെ ആറാം മാസത്തിലാണ് ഇത് ഉണ്ടായതെന്നും, മർയം (അ) അന്ന് സ്വപിതാവിന്റെ രാജ്യമായ നസറേത്ത് *(*)* എന്ന ഗലീലാ (الناصرية اوجليليا) പട്ടണത്തിലായിരുന്നുവെന്നും, ലൂക്കോസിന്റെ സുവിശേഷം (1:26) പറയുന്നു. **الله اعلم**

'നമ്മുടെ ആത്മാവ്' (رُوحَنَا) എന്ന് പറഞ്ഞത് ജിബ്‌രീൽ (അ) എന്ന മലക്കിനെ ഉദ്ദേശിച്ചാകുന്നു. 'റൂഹ്' (ആത്മാവ്) എന്നും, 'റൂഹുൽക്വുദ്സു' (പരിശുദ്ധാത്മാവ്) എന്നും ജിബ്‌രീലിനെക്കുറിച്ച് ക്വുർആനിൽ പറഞ്ഞിട്ടുണ്ട്. ഈ സംഭവം ഉദ്ധരിക്കുന്നേടത്ത് 'ഗബ്രിയേൽ' എന്ന് ബൈബ്ളും പറഞ്ഞിട്ടുണ്ട്. എന്നാൽ, തനിക്ക് പ്രത്യക്ഷപ്പെട്ടത് മലക്കാണെന്ന് അറിഞ്ഞിട്ടില്ലാതിരുന്നത്കൊണ്ട് മർയം പരിഭ്രമിച്ചു:-

قَالَتْ إِنِّىٓ أَعُوذُ بِٱلرَّحْمَـٰنِ مِنكَ إِن كُنتَ تَقِيًّا ﴿١٨﴾

**﴾18﴿ അവൾ പറഞ്ഞു: 'നീ ഒരു ഭക്തിയുള്ളവനാണെങ്കിൽ, നിന്നിൽ നിന്ന് ഞാൻ പരമകാരുണികനായുള്ളവനിൽ ശരണം പ്രാപിക്കുന്നു.'**

قَالَ إِنَّمَآ أَنَا۠ رَسُولُ رَبِّكِ لِأَهَبَ لَكِ غُلَـٰمًا زَكِيًّا ﴿١٩﴾

**﴾19﴿ അദ്ദേഹം പറഞ്ഞു: 'നിനക്ക് പരിശുദ്ധനായ ഒരു ആൺകുട്ടിയെ (കുറിച്ചുള്ള സുവിശേഷം) പ്രദാനം ചെയ്യുന്നതിനായി, നിന്റെ റബ്ബിന്റെ ദൂതൻ മാത്രമാണ് ഞാൻ.'**

قَالَتْ أَنَّىٰ يَكُونُ لِى غُلَـٰمٌ وَلَمْ يَمْسَسْنِى بَشَرٌ وَلَمْ أَكُ بَغِيًّا ﴿٢٠﴾

**﴾20﴿ അവൾ പറഞ്ഞു: 'എങ്ങനെയാണ് എനിക്ക് കുട്ടിയുണ്ടാകുന്നത്? ഒരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടുമില്ല; ഞാൻ ദുർവൃത്തയായിരുന്നതുമില്ല (എന്നിരിക്കെ)!?'**

قَالَ كَذَٰلِكِ قَالَ رَبُّكِ هُوَ عَلَىَّ هَيِّنٌ ۖ وَلِنَجْعَلَهُۥٓ ءَايَةً لِّلنَّاسِ وَرَحْمَةً مِّنَّا ۚ

**﴾21﴿ അദ്ദേഹം പറഞ്ഞു: '(കാര്യം) അപ്രകാരം തന്നെ; നിന്റെ റബ്ബ് പറയുന്നു: 'അത് എനിക്ക് ഒരു നിസ്സാര കാര്യമാണ്; അവനെ മനുഷ്യർക്ക് ഒരു ദൃഷ്ടാന്തവും, നമ്മുടെ**

---

*(*) പടം 3 നോക്കുക*

**പക്കൽനിന്നുള്ള ഒരു കാരുണ്യവും ആക്കുവാൻ വേണ്ടിയുമാകുന്നു.**

وَكَانَ أَمْرًا مَّقْضِيًّا ﴿٢١﴾

**ഇത് തീരുമാനിക്കപ്പെട്ട ഒരു കാര്യവുമായിരിക്കുന്നു.'**

---

《18》 قَالَتْ അവൾ പറഞ്ഞു إِنِّي നിശ്ചയമായും ഞാൻ أَعُوذُ ഞാൻ ശരണം പ്രാപി
ക്കുന്നു, അഭയം തേടുന്നു بِالرَّحْمَٰنِ റഹ്മാനിൽ, പരമകാരുണികനിൽ مِنكَ നിന്നിൽനിന്ന്
إِن كُنتَ നീ ആണെങ്കിൽ تَقِيًّا ഭക്തിയുള്ളവൻ 《19》 قَالَ അദ്ദേഹം പറഞ്ഞു إِنَّمَا أَنَا
നിശ്ചയമായും ഞാൻ رَسُولُ ദൂതൻ (മാത്രം) ആകുന്നു رَبِّكِ നിന്റെ റബ്ബിന്റെ لِأَهَبَ
ഞാൻ ദാനം ചെയ്യാൻ لَكِ നിനക്ക് غُلَامًا ഒരു ആൺകുട്ടിയെ زَكِيًّا പരിശുദ്ധനായ 《20》
قَالَتْ അവൾ പറഞ്ഞു أَنَّىٰ يَكُونُ എങ്ങനെയാണുണ്ടാവുക لِي എനിക്ക് غُلَامٌ ഒരു
ആൺകുട്ടി وَلَمْ يَمْسَسْنِي എന്നെ സ്പർശിച്ചിട്ടില്ല, തൊട്ടിട്ടില്ലാതെ بَشَرٌ ഒരു മനുഷ്യനും
وَلَمْ أَكُ ഞാൻ ആയിട്ടുമില്ല بَغِيًّا ഒരു ദുർവൃത്ത, തോന്ന്യാസക്കാരി 《21》 قَالَ അദ്ദേഹം
പറഞ്ഞു كَذَٰلِكِ അങ്ങനെത്തന്നെ, അപ്രകാരം തന്നെ قَالَ رَبُّكِ നിന്റെ റബ്ബ് പറയുന്നു
هُوَ عَلَيَّ അത് എനിക്ക് هَيِّنٌ നിസ്സാര കാര്യമാണ് وَلِنَجْعَلَهُ അവനെ നാം ആക്കുവാനു
മാണ് آيَةً ഒരു ദൃഷ്ടാന്തം لِّلنَّاسِ ജനങ്ങൾക്ക് وَرَحْمَةً مِّنَّا നമ്മുടെ പക്കൽനിന്നുള്ള ഒരു
കാരുണ്യവും وَكَانَ അതായിരിക്കുന്നു أَمْرًا കാര്യം مَّقْضِيًّا തീരുമാനം ചെയ്യപ്പെട്ട

---

അല്ലാഹുവിന്റെ ദൃഷ്ടാന്തം ( آيَةً ) അവന്റെ പക്കൽനിന്നുള്ള കാരുണ്യം അഥവാ അനുഗ്രഹം (رَحْمَةً) ഇങ്ങനെ രണ്ട് കാര്യങ്ങളാണ് ഈസാ (അ)നെപ്പറ്റി അല്ലാഹു പറഞ്ഞത്. ഈ രണ്ട് വാക്കുകളിൽ അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും അല്ലാഹു ചുരുക്കി ചിത്രീകരിച്ചിരിക്കുന്നത് കാണാം. അദ്ദേഹത്തിന്റെ ജനനവും, അദ്ദേഹത്തിന്റെ കൈക്ക് വെളിപ്പെട്ട സംഭവങ്ങളും അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളെ പ്രകാശിപ്പിക്കുന്ന ദൃഷ്ടാന്തങ്ങളത്രെ. അദ്ദേഹത്തിന് ലഭിച്ച ദിവ്യോൽബോധനങ്ങളും, അദ്ദേഹം സമുദായത്തിന് ചെയ്ത ഉപദേശങ്ങളുമെല്ലാം മനുഷ്യസമുദായത്തിന് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശങ്ങളാകുന്നു. അപ്പോൾ 21-ാം വചനത്തിന്റെ ആദ്യഭാഗം (آيَةً لِّلنَّاسِ وَرَحْمَةً مِّنَّا) അദ്ദേഹത്തിന്റെ ജീവചരിത്ര സംക്ഷേപമാകുന്നു ഉൾക്കൊള്ളുന്നത് എന്ന് പറയാം.

۞ فَحَمَلَتْهُ فَانتَبَذَتْ بِهِۦ مَكَانًا قَصِيًّا ﴿٢٢﴾

**《22》 അങ്ങനെ, അവൾ അവനെ ഗർഭം ധരിച്ചു; എന്നിട്ട് അവൾ അതുമായി ഒരു ദൂരപ്പെട്ട സ്ഥലത്ത് വിട്ട് (മാറി) താമസിച്ചു.**

فَأَجَآءَهَا ٱلْمَخَاضُ إِلَىٰ جِذْعِ ٱلنَّخْلَةِ

**《23》 അനന്തരം, പ്രസവവേദന അവളെ ഈത്തപ്പന മരത്തിനടുക്കലേക്ക് കൊണ്ടുവന്നു.**

قَالَتْ يَٰلَيْتَنِى مِتُّ قَبْلَ هَٰذَا وَكُنتُ نَسْيًا مَّنسِيًّا ﴿٢٣﴾

**അവൾ പറഞ്ഞു: 'ഹാ! ഇതിനുമുമ്പുതന്നെ ഞാൻ മരിക്കുകയും, തീരെ വിസ്മരിക്കപ്പെട്ടുപോയ ഒരാളായി ത്തീരുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനേ!**

﴾22﴿ فَحَمَلَتْهُ അങ്ങനെ അവൾ അവനെ ഗർഭം ധരിച്ചു فَٱنتَبَذَتْ എന്നിട്ടവൾ വിട്ടു
പോയി بِهِۦ അതുമായി, അതുകൊണ്ട് مَكَانًا ഒരു സ്ഥലത്തേക്ക് قَصِيًّا ദൂരപ്പെട്ട ﴾23﴿
فَأَجَآءَهَا അനന്തരം അവളെ വരുത്തി, കൊണ്ടുവന്നു ٱلْمَخَاضُ പ്രസവവേദന إِلَىٰ جِذْعِ ٱلنَّخْلَةِ
ഈത്തപ്പനമരത്തിങ്കലേക്ക് قَالَتْ അവൾ പറഞ്ഞു يَٰلَيْتَنِى ഹാ ഞാൻ ആയെങ്കിൽ നന്നായേനേ مِتُّ ഞാൻ മരണപ്പെട്ടുപോയി (എങ്കിൽ) قَبْلَ هَٰذَا ഇതിന്മുമ്പ് وَكُنتُ ഞാൻ ആയിത്തീരുകയും (ചെയ്തെങ്കിൽ) نَسْيًا مَّنسِيًّا തീരെ മറക്കപ്പെട്ടുപോയ (ഒരാൾ), പറ്റെ വിസ്മരിക്കപ്പെട്ട ഒരു വസ്തു

ഭർത്താവില്ലാതെ ഗർഭവതിയായ സ്ത്രീക്ക് ജനങ്ങളിൽനിന്ന് വിട്ടകന്നു പോകുവാൻ തോന്നുക സ്വാഭാവികമാണല്ലോ. മർയം (അ) സ്വജനങ്ങളെ വിട്ടു യഹൂദ്യായിലെ ബെത്ത്ലഹേമിലേക്ക് *(*)* പോയി എന്നാണ് ബൈബ്ൾ (ലൂക്കോസ്: 2 ൽ 5) പറയുന്നത്. പ്രസവ വേദന വന്നപ്പോൾ, ചാരിയിരുന്നു ആശ്വസിക്കുവാനായി ഈത്തപ്പനയുടെ അടുക്കൽ ചെന്ന് തന്റെ നിസ്സഹായതയിൽ അവർ വ്യസനിച്ചു. 'നേരത്തെത്തന്നെ ഞാൻ മരിച്ചുപോകുകയും, എന്റെ കാര്യം ജനങ്ങളിൽനിന്ന് തീരെ വിസ്മരിക്കപ്പെട്ടുപോകുകയും ചെയ്തിരുന്നുവെങ്കിൽ, ഹാ– എത്ര നന്നായേനേ!' എന്നിങ്ങനെ വിലപിച്ചു.

'തീരെ വിസ്മരിക്കപ്പെട്ട ഒരാൾ' എന്നത് نَسْيًا مَّنسِيًّا എന്ന വാക്കിന്റെ ഉദ്ദേശ്യാർത്ഥമാകുന്നു. 'ശരാശരി' എന്നും 'കൃകൃത്യം' എന്നും നാം (മലയാളക്കാർ) പറയാറുള്ളത്പോലെ– ശക്തികൂട്ടി പറയുമ്പോൾ– അറബിഭാഷയിൽ ഉപയോഗിക്കാറുള്ള ഒരു പ്രയോഗമാണത്. നേരെ വാക്കർത്ഥം 'മറക്കപ്പെട്ടുപോയ മറന്നത്' എന്നാകുന്നു. അങ്ങനെ, മർയം (അ) അവിടെവെച്ച് പ്രസവിച്ചു.

فَنَادَىٰهَا مِن تَحْتِهَآ أَلَّا تَحْزَنِى قَدْ جَعَلَ رَبُّكِ تَحْتَكِ سَرِيًّا ﴿٢٤﴾

**﴾24﴿ ഉടനെ, അവൻ അതിന്റെ ചുവട്ടിൽ നിന്ന് അവളെ വിളിച്ചുപറഞ്ഞു: 'വ്യസനിക്കേണ്ട, നിന്റെ രക്ഷിതാവ് നിന്റെ കീഴിൽ ഒരു മഹാനെ ആക്കിത്തന്നിരിക്കുകയാണ്:**

وَهُزِّىٓ إِلَيْكِ بِجِذْعِ ٱلنَّخْلَةِ تُسَٰقِطْ عَلَيْكِ رُطَبًا جَنِيًّا ﴿٢٥﴾

**﴾25﴿ 'നിന്റെ അടുക്കലേക്ക് (കാരക്ക വീണുകിട്ടുവാൻ) ഈത്തപ്പന കുലുക്കിക്കൊള്ളുക. അത് നിനക്ക് പുതിയ ഈത്തപ്പഴം വീഴ്ത്തിത്തരുന്നതാണ്.**

---

*(*) പടം 3 നോക്കുക*

فَكُلِى وَٱشْرَبِى وَقَرِّى عَيْنًا ۖ فَإِمَّا تَرَيِنَّ مِنَ ٱلْبَشَرِ أَحَدًا فَقُولِىٓ إِنِّى نَذَرْتُ لِلرَّحْمَٰنِ صَوْمًا فَلَنْ أُكَلِّمَ ٱلْيَوْمَ إِنسِيًّا ﴿٢٦﴾

**﴾26﴿ 'അങ്ങനെ, നീ തിന്നുകയും, കുടിക്കുകയും, (സന്തോഷത്താൽ) കണ്ണ് കുളിർക്കുകയും ചെയ്തുകൊള്ളുക. ഇനി, നീ മനുഷ്യരിൽ വല്ലവരെയും കാണുകയാണെങ്കിൽ, 'പരമകാരുണികന് [അല്ലാഹുവിന്] വ്രതം അനുഷ്ഠിക്കുവാൻ ഞാൻ നേർന്നിരിക്കുകയാണ്; ആകയാൽ, ഞാൻ ഇന്ന് ഒരു മനുഷ്യനോടും സംസാരിക്കുകയില്ലതന്നെ' എന്ന് നീ പറഞ്ഞേക്കുക.'**

---

﴾24﴿ فَنَادَاهَا അപ്പോൾ അവൻ അവളെ വിളിച്ചു (പറഞ്ഞു) مِن تَحْتِهَا അതിന്റെ ചുവട്ടിൽ നിന്ന്, അവളുടെ അടിയിൽ നിന്ന് أَلَّا تَحْزَنِي നീ വ്യസനിക്കേണ്ട എന്ന് قَدْ جَعَلَ ആക്കിയിട്ടുണ്ട് رَبُّكِ നിന്റെ റബ്ബ് تَحْتَكِ നിന്റെ താഴെ, നിന്റെ കീഴിൽ سَرِيًّا ഒരു മഹാനെ, മാന്യനെ, ഒരു ഉറവുചാൽ ﴾25﴿ وَهُزِّي നീ കുലുക്കുകയും ചെയ്തുകൊള്ളുക إِلَيْكِ നിന്റെ അടുക്കലേക്ക് بِجِذْعِ النَّخْلَةِ ഈത്തപ്പനമരത്തെ, ഈന്തത്തടിയെ تُسَاقِطْ അത് വീഴ്ത്തിത്തരും عَلَيْكِ നിനക്ക് رُطَبًا ഈത്തപ്പഴം (പഴുത്തത്) കാരക്ക جَنِيًّا പുതിയ, പുതുതായി പറിച്ചെടുത്ത ﴾26﴿ فَكُلِي അങ്ങനെ നീ തിന്നുക وَاشْرَبِي നീ കുടിക്കുകയും ചെയ്യുക وَقَرِّي നീ കുളിർക്കുകയും ചെയ്യുക, അടങ്ങുകയും ചെയ്യുക عَيْنًا കണ്ണ് فَإِمَّا تَرَيِنَّ ഇനി നീ കാണുന്നപക്ഷം مِنَ الْبَشَرِ മനുഷ്യരിൽ നിന്ന് أَحَدًا ഒരാളെ, ആരെയെങ്കിലും فَقُولِي അപ്പോൾ നീ പറയുക إِنِّي നിശ്ചയമായും ഞാൻ نَذَرْتُ ഞാൻ നേർന്നിരിക്കുന്നു, നേർച്ചയാക്കിയിരിക്കുന്നു لِلرَّحْمَٰنِ പരമകാരുണികന് (റഹ്മാനായ അല്ലാഹുവിന്) صَوْمًا വ്രതം, നോമ്പ് فَلَنْ أُكَلِّمَ ആകയാൽ ഞാൻ സംസാരിക്കുകയില്ലതന്നെ الْيَوْمَ ഇന്ന് إِنسِيًّا ഒരു മനുഷ്യനോടും

---

വ്രതം (നോമ്പ്) അനുഷ്ഠിക്കുമ്പോൾ സംസാരിക്കാതെ മൗനം അവലംബിക്കുന്ന സമ്പ്രദായം യഹൂദരുടെ ഇടയിൽ പതിവുണ്ടായിരുന്നു. മർയമിനെ സംബന്ധിച്ചിടത്തോളം, ജനസംസാരം ഇല്ലാതായിക്കിട്ടുവാനും ഈ മൗനവ്രതം സഹായകമായിരിക്കുമല്ലോ.

ഈത്തപ്പനയുടെ ചുവട്ടിൽ നിന്ന് വിളിച്ചുപറഞ്ഞത് അപ്പോൾ ജനിച്ച ആ ശിശു– അതെ, ഈസാ (അ)– തന്നെ ആയിരുന്നുവെന്നാണ് ക്വുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം പറയുന്നത്. ഈസാ നബി (അ)യെ സംബന്ധിച്ചിടത്തോളം അതിൽ അസാംഗത്യമൊന്നുമില്ല. വാചകത്തിന്റെ ഘടനയിൽ നിന്ന് പ്രത്യക്ഷത്തിൽ അങ്ങനെത്തന്നെയാണ് മനസ്സിലാകുന്നതും. തൊട്ടിലിൽ ശിശുവായിക്കൊണ്ടിരിക്കെത്തന്നെ അദ്ദേഹം ജനങ്ങളോട് സംസാരിക്കുന്നതാണ് (وَيُكَلِّمُ النَّاسَ فِي الْمَهْدِ) എന്ന് സൂറഃ ആലുഇംറാൻ 46–ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. താഴെ 30–ാം വചനത്തിൽ, അപ്രകാരം അദ്ദേഹം

സംസാരിച്ചതായി കാണുകയും ചെയ്യാം. മർയമിന് മനസ്സമാധാനവും, മനോധൈര്യവും, ഉണ്ടാക്കുവാനായി അല്ലാഹു കുട്ടിയെ സംസാരിപ്പിച്ചതായിരിക്കും. മറ്റൊരു വിഭാഗക്കാർ പറയുന്നത്: വിളിച്ചു പറഞ്ഞത് മലക്ക് ആയിരുന്നുവെന്നാകുന്നു. ഏതായാലും 26-ാം ആയത്തിന്റെ അവസാനം വരെയുള്ള ഭാഗം മുഴുവനും വിളിച്ചു പറയപ്പെട്ടതിൽ ഉൾപ്പെടുന്നു.

سَرِيًّا (സരിയ്യൻ) എന്ന വാക്കിനാണ് 'ഒരു മഹാൻ' എന്ന് അർത്ഥം പറഞ്ഞത്. താൻ പ്രസവിച്ച കുട്ടിയുടെ ഭാവിയെ സൂചിപ്പിച്ചുകൊണ്ട് മർയമിന്റെ വ്യസനം ഇല്ലാതാക്കി സാന്ത്വനപ്പെടുത്തുവാൻവേണ്ടിയാകുന്നു 'നിന്റെ കീഴിൽ ഒരു മഹാനെ ആക്കിയിരിക്കുന്നു'വെന്ന് പറഞ്ഞത്. ഭാവിയിൽ ഒരു വലിയ മഹാനാകുവാൻപോകുന്ന കുട്ടിയാണ് നീ പ്രസവിച്ചിരിക്കുന്ന ഈ കുട്ടി; നിനക്ക് തൽക്കാലം ഇവിടെ തിന്നുവാനും, കുടിക്കുവാനും വിഷമമില്ല; ആകയാൽ കുട്ടിയോട്കൂടി മനസ്സമാധാനത്തിലും സന്തോഷത്തിലും കഴിഞ്ഞുകൂടിക്കൊള്ളുക എന്ന് സാരം. سَرِيًّا എന്ന വാക്കിന് ഉറവുചാൽ എന്നും അർത്ഥമുണ്ട്. ഈ അർത്ഥമാണ് ചില വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളത്. അപ്പോൾ, 'ഇതാ-നിന്റെ താഴെയുള്ള ഉറവുചാലിൽനിന്ന് നിനക്ക് വെള്ളവും ഉപയോഗിക്കാം' എന്ന് സാരമാകുന്നു.

فَأَتَتْ بِهِۦ قَوْمَهَا تَحْمِلُهُۥ ۖ قَالُوا۟ يَـٰمَرْيَمُ لَقَدْ جِئْتِ شَيْـًٔا فَرِيًّا ﴿٢٧﴾

﴿27﴾ **അനന്തരം, അവനെ [കുട്ടിയെ] വഹിച്ചു [എടുത്തു] കൊണ്ട് അവൾ തന്റെ ജനങ്ങളുടെ അടുക്കൽ ചെന്നു.**

**അവർ പറഞ്ഞു: 'ഹേ, മർയം! അത്യാശ്ചര്യകരമായ ഒരു കാര്യം നീ ചെയ്തിരിക്കുന്നു!-**

يَـٰٓأُخْتَ هَـٰرُونَ مَا كَانَ أَبُوكِ ٱمْرَأَ سَوْءٍ وَمَا كَانَتْ أُمُّكِ بَغِيًّا ﴿٢٨﴾

﴿28﴾ **ഹാറൂന്റെ സഹോദരീ! നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല; നിന്റെ മാതാവ് ഒരു ദുർവൃത്തയും ആയിരുന്നില്ല.**

فَأَشَارَتْ إِلَيْهِ ۖ قَالُوا۟ كَيْفَ نُكَلِّمُ مَن كَانَ فِى ٱلْمَهْدِ صَبِيًّا ﴿٢٩﴾

﴿29﴾ **അപ്പോൾ അവൾ അവന്റെ [കുട്ടിയുടെ] നേരെ ചൂണ്ടിക്കാട്ടി. അവർ പറഞ്ഞു: '(കേവലം) ഒരു ശിശുവായിക്കൊണ്ട് തൊട്ടിലിൽ ഉള്ള ഒരുവനോട്- ഞങ്ങൾ എങ്ങനെയാണ് സംസാരിക്കുക?'**

---

﴿27﴾ فَأَتَتْ بِهِ അങ്ങനെ അവൾ അവനെയും കൊണ്ട്വന്നു, ചെന്നു قَوْمَهَا അവളുടെ ജനങ്ങളുടെ അടുക്കൽ تَحْمِلُهُ അവനെ വഹിച്ചു (എടുത്തു)കൊണ്ട് قَالُوا അവർ പറഞ്ഞു

فَرِيًّا ഹേ മർയം يَامَرْيَمُ തീർച്ചയായും നീ ചെയ്തു വരുത്തി لَقَدْ جِئْتِ ഒരു കാര്യം شَيْئًا
അത്യാശ്ചര്യകരമായ (ആക്ഷേപകരമായ) ﴾28﴿ يَاأُخْتَ هَارُونَ ഹാറൂന്റെ സഹോദരീ
مَا كَانَ ആയിരുന്നില്ല أَبُوكِ നിന്റെ പിതാവ് امْرَأَ سَوْءٍ ഒരു ദുഷിച്ച (ചീത്ത) മനുഷ്യൻ
وَمَا كَانَتْ ആയിരുന്നതുമില്ല أُمُّكِ നിന്റെ മാതാവ് بَغِيًّا ഒരു ദുർവൃത്ത, തോന്ന്യാസക്കാരി
﴾29﴿ فَأَشَارَتْ അപ്പോൾ അവൾ ചൂണ്ടി (ആംഗ്യം) കാട്ടി إِلَيْهِ അവനിലേക്ക് قَالُوا
അവർ പറഞ്ഞു كَيْفَ എങ്ങനെയാണ് نُكَلِّمُ ഞങ്ങൾ സംസാരിക്കുക مَنْ كَانَ ആയിട്ടു
ള്ളവനോട് فِي الْمَهْدِ തൊട്ടിലിൽ صَبِيًّا ശിശു, ശിശുവായിക്കൊണ്ട്

---

മർയമിന്റെ കുടുംബത്തിൽപെട്ട സദ്വൃത്തനായ ഒരാളായിരുന്ന ഹാറൂനെ ഉദ്ദേശിച്ചുകൊണ്ടാണ്, ജനങ്ങൾ 'ഹാറൂന്റെ സഹോദരി' എന്ന് മർയമിനെ സംബോധന ചെയ്യുന്നത്. പൂർവ്വ നബിമാരുടെയും, സജ്ജനങ്ങളുടെയും പേരുകൾ സ്വീകരിക്കുക അന്ന് പതിവുണ്ടായിരുന്നു. ഇമാം മുസ്‌ലിം, തിർമദീ (റ) മുതലായവർ മുഗീറഃ (مغيرة بن شعبة رض)യിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഈ വസ്തുത വ്യക്തമാക്കിയിട്ടുണ്ട്. ആ നല്ല മനുഷ്യന്റെ ചാർച്ചയിൽ ഉൾപ്പെട്ടവളും, മാന്യരായ മാതാപിതാക്കളുടെ മകളുമായ നീ, ഇത്തരം അപരാധകൃത്യം ചെയ്തുകളഞ്ഞുവല്ലോ എന്ന് സാരം.

قَالَ إِنِّي عَبْدُ اللَّهِ ءَاتَىٰنِيَ الْكِتَٰبَ وَجَعَلَنِي نَبِيًّا ﴿٣٠﴾

**﴾30﴿ അവൻ [കുട്ടി] പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ അടിയാനാകുന്നു:- എനിക്ക് അവൻ വേദഗ്രന്ഥം തന്നിരിക്കുന്നു: എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു;**

وَجَعَلَنِي مُبَارَكًا أَيْنَ مَا كُنتُ وَأَوْصَٰنِي بِالصَّلَوٰةِ وَالزَّكَوٰةِ مَا دُمْتُ حَيًّا ﴿٣١﴾

**﴾31﴿ 'ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു; ഞാൻ ജീവനോടെ ഇരിക്കുന്ന കാലത്തെല്ലാം നമസ്കാരവും 'സകാത്തും' അനുഷ്ഠിക്കുവാൻ അവൻ എന്നോട് ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു,**

وَبَرًّا بِوَٰلِدَتِي وَلَمْ يَجْعَلْنِي جَبَّارًا شَقِيًّا ﴿٣٢﴾

**﴾32﴿ എന്റെ മാതാവിന് നന്മചെയ്യുന്നവനും (ആക്കിയിരിക്കുന്നു); എന്നെ അവൻ ഒരു നിർഭാഗ്യവാനായ ക്രൂരനാക്കിയിട്ടുമില്ല.**

وَالسَّلَٰمُ عَلَيَّ يَوْمَ وُلِدتُّ وَيَوْمَ أَمُوتُ وَيَوْمَ أُبْعَثُ حَيًّا ﴿٣٣﴾

**﴾33﴿ 'ഞാൻ ജനിച്ചദിവസവും, മരണപ്പെടുന്ന ദിവസവും, ഞാൻ ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എനിക്ക് സമാധാനം [ശാന്തി] ഉണ്ടായിരിക്കും.'**

﴾30﴿ قَالَ അവൻ പറഞ്ഞു إِنِّي നിശ്ചയമായും ഞാൻ عَبْدُ اللَّهِ അല്ലാഹുവിന്റെ അടി
യാനാകുന്നു آتَانِيَ അവൻ എനിക്ക് നൽകിയിരിക്കുന്നു الْكِتَابَ വേദഗ്രന്ഥം وَجَعَلَنِي
എന്നെ അവർ ആക്കുകയും ചെയ്തു نَبِيًّا പ്രവാചകൻ, നബി ﴾31﴿ وَجَعَلَنِي എന്നെ
അവൻ ആക്കുകയും ചെയ്തു مُبَارَكًا അനുഗ്രഹിക്കപ്പെട്ടവൻ, അനുഗൃഹീതൻ
أَيْنَ مَا كُنتُ ഞാൻ എവിടെ ആയിരുന്നാലും وَأَوْصَانِي എന്നോട് അവൻ ആജ്ഞാപിക്കു
കയും (വസിയ്യത്ത് ചെയ്യുകയും) ചെയ്തു بِالصَّلَاةِ നമസ്കാരത്തിന്നും وَالزَّكَاةِ സകാ
ത്തിനും, വിശുദ്ധധർമത്തിന്നും مَا دُمْتُ ഞാൻ ആയിരിക്കുമ്പോഴെല്ലാം حَيًّا ജീവനുള്ള
വൻ ﴾32﴿ وَبَرًّا നന്മ ചെയ്യുന്നവനും, ഗുണം ചെയ്യുന്നവനും بِوَالِدَتِي എന്റെ മാതാവിന്ന്
وَلَمْ يَجْعَلْنِي എന്നെ അവൻ ആക്കിയിട്ടുമില്ല جَبَّارًا ക്രൂരൻ, കഠിനൻ, ഡംഭുകാരൻ شَقِيًّا
നിർഭാഗ്യവാനായ ﴾33﴿ وَالسَّلَامُ സമാധാനം, ശാന്തി, രക്ഷ عَلَيَّ എന്റെ മേൽ ഉണ്ട്
يَوْمَ وُلِدتُّ ഞാൻ ജനിച്ച ദിവസം, പ്രസവിക്കപ്പെട്ട ദിവസം وَيَوْمَ أَمُوتُ ഞാൻ മരിക്കുന്ന
ദിവസവും وَيَوْمَ أُبْعَثُ ഞാൻ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും حَيًّا ജീവനുള്ളവനായി

ശിശുവായിരുന്നപ്പോൾ തന്നെ ഈസാ (അ) പ്രവാചകനാവുകയുണ്ടായിട്ടില്ല. 'വേദഗ്രന്ഥം നൽകി' എന്നും, 'പ്രവാചകനാക്കി' എന്നും പറഞ്ഞിട്ടുള്ളത്, ആ രണ്ട് കാര്യവും അടുത്ത് സംഭവിക്കുവാൻ പോകുന്നവയാണെന്ന് തീർച്ചപ്പെട്ടതാകകൊണ്ടാകുന്നു. ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനും, പ്രതീക്ഷിച്ചുകൊണ്ടിരിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതിനുമായി, വരാനിരിക്കുന്ന ഇത്തരം സംഭവങ്ങളെക്കുറിച്ച് ഭൂതകാലരൂപത്തിൽ സംസാരിക്കുക പതിവാകുന്നു. അല്ലാഹു പറയുന്നു:-

ذَٰلِكَ عِيسَى ٱبْنُ مَرْيَمَ ۚ قَوْلَ ٱلْحَقِّ ٱلَّذِى فِيهِ يَمْتَرُونَ ﴿٣٤﴾

**﴾34﴿ അതാണ്, 'മർയമിന്റെ മകൻ ഈസാ [യേശു]. (*) (എന്നുവെച്ചാൽ;) യാതൊന്നിൽ അവർ തർക്കമായിക്കൊണ്ടിരിക്കുന്നുവോ ആ (വിഷയത്തിലുള്ള) സത്യവചനം!**

مَا كَانَ لِلَّهِ أَن يَتَّخِذَ مِن وَلَدٍ ۖ سُبْحَٰنَهُۥٓ ۚ إِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٣٥﴾

**﴾35﴿ ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് ഉണ്ടാകാവതല്ലതന്നെ- അവനെത്ര പരിശുദ്ധൻ! അവൻ ഒരു കാര്യം തീരുമാനിക്കുന്നതായാൽ, 'ഉണ്ടാവുക' എന്ന് മാത്രം അതിനോട് അവൻ പറയുന്നു; അപ്പോഴത് ഉണ്ടാകുന്നതാകുന്നു.**

*(*) 'യേശു' (يسوع- Jesus) എന്നും, 'മശീഹാ' (المسيح- Messiah) എന്നും 'ക്രിസ്തു' (Christ) എന്നും 'യേശുക്രിസ്തു' എന്നുമെല്ലാം പറയപ്പെടുന്നത് ഈസാ (അ)നെക്കുറിച്ചുതന്നെയാകുന്നു.*

وَإِنَّ ٱللَّهَ رَبِّي وَرَبُّكُمْ فَٱعْبُدُوهُ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٣٦﴾

**﴾36﴿ (ഈസാപ്രഖ്യാപിച്ചു:) 'നിശ്ച യമായും, അല്ലാഹു എന്റെയും, നിങ്ങ ളുടെയും രക്ഷിതാവാകുന്നു.**

**ആകയാൽ, നിങ്ങൾ അവനെ (മാ ത്രം) ആരാധിക്കുവിൻ; ഇതത്രെ ചൊവ്വായമാർഗം.'**

---

﴾34﴿ ذَٰلِكَ അത്, അതാണ് عِيسَى ٱبْنُ مَرْيَمَ മർയമിന്റെ മകൻ ഈസാ قَوْلَ ٱلْحَقِّ സത്യവ ചനം, യഥാർത്ഥ വാക്ക് ٱلَّذِي യാതൊരു (വചനം) فِيهِ അതിൽ يَمْتَرُونَ അവർ തർക്കിക്കു ന്നു, സംശയിക്കുന്നു ﴾35﴿ مَا كَانَ ഉണ്ടാകാവതല്ല, പാടുള്ളതല്ല لِلَّهِ അല്ലാഹുവിന് أَن يَتَّخِذَ അവൻ സ്വീകരിക്കൽ, സ്വീകരിക്കുകയെന്നത് مِن وَلَدٍ ഒരു സന്താനവും سُبْحَٰنَهُۥٓ അവൻ എത്ര പരിശുദ്ധൻ إِذَا قَضَىٰٓ അവൻ തീരുമാനിച്ചാൽ أَمْرًا ഒരു കാര്യം فَإِنَّمَا يَقُولُ എന്നാല വൻ പറയുക മാത്രം ചെയ്യും لَهُۥ അതിനോട്, അതിനെക്കുറിച്ച് كُن ഉണ്ടാകുക എന്ന് (മാ ത്രം) فَيَكُونُ അപ്പോൾ അത് ഉണ്ടാകും ﴾36﴿ وَإِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു رَبِّي എന്റെ രക്ഷിതാവാകുന്നു وَرَبُّكُمْ നിങ്ങളുടെ രക്ഷിതാവും فَٱعْبُدُوهُ അതുകൊണ്ട് നിങ്ങൾ അവനെ ആരാധിക്കുവിൻ هَٰذَا ഇത്, ഇതാണ് صِرَٰطٌ മാർഗമാണ്, മാർഗം مُّسْتَقِيمٌ ചൊവ്വായ

---

33-ാം വചനം വരേക്കും ഈസാ നബി (അ)യുടെ ഉത്ഭവത്തെയും, ഉൽബോധന ത്തെയും സംബന്ധിച്ചുള്ള വിവരമായിരുന്നു. 34-ാം വചനം, ഈ വിഷയത്തിലുള്ള യഥാർത്ഥം ഇത്രമാത്രമാണെന്നും പ്രഖ്യാപിച്ചു. അപ്പോൾ അദ്ദേഹം ദൈവപുത്രനാ ണെന്ന ക്രിസ്തീയവാദവും, വ്യഭിചാരപുത്രനാണെന്ന യഹൂദവാദവും തനി അജ്ഞാ നവും, ദുർമാർഗവുമാണെന്ന ഒരു സൂചനയും അതിൽ അടങ്ങിയിരിക്കുന്നു. 35-ാം വച നത്തിൽ, ഈസാ നബി (അ)യാകട്ടെ, മറ്റാരെങ്കിലുമാകട്ടെ, അല്ലാഹുവിന്റെ സന്താനമാ ണെന്ന്വരുവാൻ യാതൊരു സാധ്യതയുമില്ലെന്ന് സ്ഥാപിച്ചിരിക്കുന്നു. ഈസാ നബി (അ)യുടെ പ്രസ്താവനയിൽ പെട്ടതാണ് 36-ാം വചനം. ഇടയ്ക്കുവെച്ച് 34 ഉം 35 ഉം വചനങ്ങളിൽ അല്ലാഹുവിന്റെ വാക്കുകളാണുള്ളത്.

ഈസാ (അ) ദൈവപുത്രനാണെന്ന സിദ്ധാന്തം, സെന്റ് പോൾ (പൗലോസ്) പ്രച രിപ്പിച്ചതാകുന്നു. ആദമിന്റെ സന്താനമായ മനുഷ്യൻ ജൻമനാ പാപിയാണെന്ന അടി സ്ഥാനത്തിൻമേലാണ് ഈ വാദം സ്ഥാപിക്കപ്പെടുന്നത്. ആ പാപത്തിൽ നിന്ന് മനു ഷ്യന് മുക്തി ലഭിക്കുവാൻ ഒരു പരിഹാരം അനിവാര്യമായിരുന്നുവെന്നും, അതിനായി ദൈവകാരുണ്യം 'ദൈവപുത്ര' രൂപത്തിൽ അവതരിച്ചു ആത്മാർപ്പണം ചെയ്തുവെന്നും, പ്രസ്തുത രക്തം മുഖേന മനുഷ്യപാപത്തെ കഴുകിക്കളയുകമാത്രമായിരുന്നു അതിന് പരിഹാരമെന്നും ആണ്, ചുരുക്കത്തിൽ ആ സിദ്ധാന്തത്തിന്റെ സാരം.

ബിംബാരാധനയുടെ ഒരു പകർപ്പായ ഈ സിദ്ധാന്തത്തെ ക്വുർആൻ ശക്തിയായി എതിർക്കുന്നു. അല്ലാഹുവിന്റെ അനാശ്രയത്വവും, സാർവ്വത്രികമായ കഴിവും, സൃഷ്ടി ഗുണങ്ങളിൽനിന്നെല്ലാമുള്ള പരിശുദ്ധിയും അത് (ക്വുർആൻ) സ്ഥാപിക്കുകയും ചെയ്യു ന്നു. മനുഷ്യരുടെ പാപപരിഹാരത്തിന് ഒരു മനുഷ്യനെ മകനായി സ്വീകരിച്ചു കുരി ശിൽ കയറ്റുകയല്ലാതെ വേറെ മാർഗമില്ലെന്ന് വരത്തക്കവണ്ണം അത്രയും ബലഹീനന

ല്ല, അല്ലാഹു. അന്യാശ്രയം ആവശ്യമുള്ളവർക്ക്മാത്രം യോജിച്ചതത്രെ അത്. പിതാവില്ലാതെ ജനിച്ചുവെന്നതുകൊണ്ട് ഈസാ (അ) മനുഷ്യനും, അല്ലാഹുവിന്റെ അടിമയും അല്ലാതാകുന്നില്ല. ഏതൊരു കാര്യമാകട്ടെ, ഉണ്ടാകണമെന്ന് അല്ലാഹു ഉദ്ദേശിക്കുകമാത്രമേ വേണ്ടൂ– അത് ഉണ്ടായിക്കൊള്ളുന്നതാണ്. ഈ വസ്തുത ക്രിസ്ത്യാനികൾക്കും അറിയാവുന്നതത്രെ. പിന്നെ എന്താണീ വാദത്തിന് ഒരു അർത്ഥമുള്ളത്?!

ഈസാ നബി (അ)യുടെതിനെക്കാൾ അത്ഭുതകരമാണ് ആദം നബി (അ)യുടെ ഉത്ഭവം. അദ്ദേഹത്തിന് പിതാവുമില്ല, മാതാവുമില്ല. എന്നിട്ടും, അദ്ദേഹം മനുഷ്യനും, അല്ലാഹുവിന്റെ അടിമയും അല്ലാതാകുന്നില്ലല്ലോ. അല്ലാഹു പറയുന്നു: അല്ലാഹുവിന്റെ അടുക്കൽ ഈസാ നബിയുടെ നില, ആദമിന്റെ നിലപോലെത്തന്നെ: അവൻ അദ്ദേഹത്തെ മണ്ണിൽനിന്ന് സൃഷ്ടിച്ചു; പിന്നീട് അതിനോട് 'ഉണ്ടാവുക' എന്ന് പറഞ്ഞു. അപ്പോഴതാ (അത്) ഉണ്ടാകുന്നു!' **إِنَّ مَثَلَ عِيسَى عِنْدَ اللهِ كَمَثَلِ آدَمَ خَلَقَهُ مِنْ تُرَابٍ ثُمَّ قَالَ لَهُ كُنْ فَيَكُون – آل عمران : ٥٩**

ഈസാ നബി (അ)യുടെ ജനനകഥാവിവരണത്തിൽ നിന്ന് മനസ്സിലാക്കാവുന്ന ചില സംഗതികൾ:–

(1) ഈ ലോകത്ത് നടപ്പിലുള്ളതായി കാണപ്പെടുന്ന കാര്യകാരണബന്ധങ്ങൾ സുസ്ഥിരവും അഖണ്ഡവുമല്ല. പ്രകൃതിനിയമമെന്ന് നാം വിചാരിച്ചും, പറഞ്ഞും വരുന്നത് വാസ്തവത്തിൽ, സാധാരണമായി ചില പതിവുകളിൽ നിന്നും, നമ്മുടെ പരിചയത്തിൽ നിന്നും അറിയപ്പെടുന്ന നിഗമനങ്ങൾക്കാകുന്നു. പ്രകൃതിയുടെ സ്രഷ്ടാവും, നിയന്താവുമായ അല്ലാഹുവിന്റെ അടുക്കൽ, ആ പ്രകൃതി മറ്റൊരു പ്രകൃതിക്ക് വിധേയമായിരിക്കാം. അത് സൃഷ്ടികൾക്ക് ഗ്രഹിക്കുക സാദ്ധ്യവുമല്ല. ഈസാ നബി (അ)യുടെ ജനനസംഭവം ഈ യാഥാർത്ഥ്യം തികച്ചും വ്യക്തമാക്കുന്നു.

(2) ഒരു കാര്യത്തിന്റെ സത്യാവസ്ഥ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാനോ, ബോധ്യപ്പെടുത്തുവാനോ പ്രയാസമായിവരികയും, പറയുന്നത് അവർ വിലവെക്കാതിരിക്കുകയും ചെയ്യുമ്പോൾ, അവിടെ മൗനം അവലംബിക്കുന്നത് നല്ലതാകുന്നു.

(3) നമസ്കാരവും, സകാത്തും ഈ സമുദായത്തിലെന്നപോലെ, മുൻ സമുദായങ്ങളിലും കൽപ്പിക്കപ്പെട്ടിരുന്ന രണ്ട് പ്രധാന പുണ്യകർമങ്ങളാകുന്നു. അവയുടെ വിശദീകരണങ്ങളിലോ, അനുഷ്ഠാന സമ്പ്രദായങ്ങളിലോ വ്യത്യാസമുണ്ടായെന്ന് വരാം.

(4) ഒരാൾ നിഷ്കളങ്കനും, സത്യവാനും ആകുന്നപക്ഷം ജനങ്ങളെല്ലാം അവനെ ഉപേക്ഷിച്ചാലും ഒരു പ്രത്യേക സംരക്ഷണത്തിലായി അല്ലാഹു അവനെ സഹായിക്കുന്നതാണ്.

فَٱخۡتَلَفَ ٱلۡأَحۡزَابُ مِنۢ بَيۡنِهِمۡۖ فَوَيۡلٞ لِّلَّذِينَ كَفَرُواْ مِن مَّشۡهَدِ يَوۡمٍ عَظِيمٍ ٣٧

**﴾37﴿ എന്നിട്ട്, അവരുടെ ഇടയിൽ നിന്ന് കക്ഷികൾ ഭിന്നിച്ചു! അതിനാൽ, വമ്പിച്ച ഒരു ദിവസത്തെ കാഴ്ച [അനുഭവം] നിമിത്തം (ആ) അവിശ്വസിച്ചവർക്ക് നാശം!**

أَسۡمِعۡ بِهِمۡ وَأَبۡصِرۡ يَوۡمَ يَأۡتُونَنَا لَٰكِنِ ٱلظَّٰلِمُونَ ٱلۡيَوۡمَ فِي ضَلَٰلٖ مُّبِينٖ ﴿٣٨﴾

﴿38﴾ നമ്മുടെ അടുക്കൽ അവർ വരുന്ന ദിവസം, അവർക്ക് എന്തൊരു കേൾവിയും, കാഴ്ചയുമായിരിക്കും! പക്ഷേ, ഇന്നാകട്ടെ, (ആ) അക്രമികൾ വ്യക്തമായ ദുർമാർഗത്തിലാകുന്നു.

وَأَنذِرۡهُمۡ يَوۡمَ ٱلۡحَسۡرَةِ إِذۡ قُضِيَ ٱلۡأَمۡرُ وَهُمۡ فِي غَفۡلَةٖ وَهُمۡ لَا يُؤۡمِنُونَ ﴿٣٩﴾

﴿39﴾ (നബിയേ) നെടുംഖേദത്തിന്റെ ദിവസത്തെ- കാര്യം തീരുമാനിക്കപ്പെടുന്ന സന്ദർഭത്തെ- സംബന്ധിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുക. അവരാകട്ടെ, അശ്രദ്ധയിലാണ്; അവർ വിശ്വസിക്കുന്നുമില്ല.

إِنَّا نَحۡنُ نَرِثُ ٱلۡأَرۡضَ وَمَنۡ عَلَيۡهَا وَإِلَيۡنَا يُرۡجَعُونَ ﴿٤٠﴾

﴿40﴾ നിശ്ചയമായും, ഭൂമിയെയും, അതിലുള്ളവരെയും അനന്തരാവകാശമെടുക്കുന്നത് നാമാണ്; നമ്മുടെ അടുക്കലേക്ക്തന്നെ അവർ മടക്കപ്പെടുകയും ചെയ്യും.

---

﴿37﴾ فَاخْتَلَفَ എന്നിട്ട് ഭിന്നിച്ചു, അഭിപ്രായവ്യത്യാസത്തിലായി الْأَحْزَابُ കക്ഷികൾ مِنْ بَيْنِهِمْ അവരുടെ ഇടയിൽനിന്ന് فَوَيْلٌ അതിനാൽ നാശം لِلَّذِينَ كَفَرُوا അവിശ്വസിച്ചവർക്ക് مِنْ مَشْهَدِ (അനുഭവപ്പെടുന്ന) കാഴ്ചയാൽ يَوْمٍ ഒരു ദിവസത്തെ عَظِيمٍ വമ്പിച്ചതായ ﴿38﴾ أَسْمِعْ بِهِمْ അവർക്ക് എന്തൊരു കേൾവിയാണ് (വല്ലാത്തൊരു കേൾവി) وَأَبْصِرْ എന്തൊരു കാഴ്ചയാണ് (വല്ലാത്ത കാഴ്ച) يَوْمَ يَأْتُونَنَا അവർ നമ്മുടെ അടുക്കൽ വരുന്ന ദിവസം لَٰكِنِ പക്ഷേ, എങ്കിലും الظَّالِمُونَ അക്രമികൾ الْيَوْمَ ഇന്ന് فِي ضَلَالٍ ദുർമാർഗത്തിലാകുന്നു مُبِينٍ വ്യക്തമായ, സ്പഷ്ടമായ ﴿39﴾ وَأَنْذِرْهُمْ അവർക്ക് നീ മുന്നറിയിപ്പ് (താക്കീത്) നൽകുക يَوْمَ الْحَسْرَةِ നെടുംഖേദത്തിന്റെ ദിവസം إِذْ قُضِيَ തീരുമാനിക്കപ്പെടുമ്പോൾ الْأَمْرُ കാര്യം وَهُمْ അവരാകട്ടെ, അവർ فِي غَفْلَةٍ അശ്രദ്ധയിലാണ്, ബോധമില്ലായ്മയിലാണ് وَهُمْ അവർ, അവരാകട്ടെ لَا يُؤْمِنُونَ അവർ വിശ്വസിക്കുന്നുമില്ല ﴿40﴾ إِنَّا نَحْنُ നിശ്ചയമായും നാമാണ്, നാം തന്നെ نَرِثُ നാം അനന്തരാവകാശമെടുക്കുന്നു الْأَرْضَ ഭൂമിയെ وَمَنْ عَلَيْهَا അതിനുമീതെയുള്ളവരെയും وَإِلَيْنَا നമ്മുടെ അടുക്കലേക്ക് തന്നെ يُرْجَعُونَ അവർ മടക്കപ്പെടുന്നു

---

ഈസാ നബി (അ)യുടെ കാലം മുതൽക്ക്തന്നെ ഇസ്റാഈല്യർ രണ്ട് വിഭാഗക്കാരായി: അദ്ദേഹത്തിൽ വിശ്വസിച്ചവരും, അദ്ദേഹത്തെ നിഷേധിച്ചവരും. അതായത്: ജൂതരും, ക്രിസ്ത്യാനികളും. പിന്നീട് ക്രിസ്ത്യാനികൾക്കിടയിൽ പിളർപ്പുണ്ടായി. ആദ്യം

അവർ മൂന്ന് കക്ഷികളായിത്തീർന്നു. ഓരോന്നിനും വെവ്വേറെ നേതാക്കളും, അഭിപ്രായങ്ങളുമാണ് ഉണ്ടായിരുന്നത്. 1. യേശു ദൈവംതന്നെയായിരുന്നു, അദ്ദേഹം വന്നു ഭൂമിയിൽ ജീവിച്ചു വാനലോകത്തേക്ക് മടങ്ങിപ്പോയതാണ് എന്ന് വാദിക്കുന്ന 'യാക്കോബിയൻ' വിഭാഗം. (اليعقبية - Jacobites) 2. യേശു ദൈവപുത്രനാണ്, കുറച്ച് കാലത്തേക്ക് ദൈവം പുത്രനെ ഇങ്ങോട്ടയച്ചു. പിന്നീട് മടക്കിവിളിച്ചതാണ് എന്ന് പറയുന്ന 'നസ്ത്വൂരിയൻ' വിഭാഗം (النسطورية-Nestoriens) 3. അദ്ദേഹം ദൈവത്തിന്റെ സൃഷ്ടിയായ അടിയാനായിരുന്നു എന്ന് വിശ്വസിക്കുന്ന 'ഖുസ്ത്വൻത്വീൻ' (قسطنطين) രാജാവിന്റെ കക്ഷി (الملكانية- Melchits)

പിന്നീട് ഇവരിൽ പല അവാന്തര വിഭാഗങ്ങളും ഉണ്ടായി. ഓരോ കക്ഷിക്കും പ്രത്യേകമായ പല വിശ്വാസാചാരങ്ങളും ഉണ്ടായിട്ടുണ്ട്. പിതാവ്, പുത്രൻ, മാതാവും (ദൈവവും, യേശുവും, മറിയയും) ഇങ്ങനെ മൂന്ന് ദൈവങ്ങളാണെന്നും, പിതാവും, പരിശുദ്ധാത്മാവ് എന്നീ 'ത്രിഭൂതങ്ങൾ' (الاقانيم الثلثة) ചേർന്ന 'ത്രിയേകശക്തി'യാണ് ദൈവമെന്നും മറ്റുമുള്ള സിദ്ധാന്തങ്ങൾ പിന്നീട് ഉടലെടുത്തതാകുന്നു. *(*)* ഈ ഒടുവിൽ പറഞ്ഞ ത്രിയേകത്വ സിദ്ധാന്തമാണ് ഇന്ന് ക്രൈസ്തവലോകം പൊതുവിൽ അംഗീകരിച്ചുവരുന്നത്. പിതാവ്, അല്ലെങ്കിൽ പുത്രനാകുന്ന ദൈവം- ഇങ്ങനെ രണ്ട് അഭിപ്രായമുണ്ട്- മർയമിൽ അവതരിച്ചു പരിശുദ്ധാത്മാവോട് ചേർന്നു മനുഷ്യരൂപമെടുത്തു യേശുവായി ജനിച്ചതാണെന്നും മറ്റുമാണവർ പറഞ്ഞുവരുന്നത്. ഇതൊന്നുംതന്നെ, ഈസാ പ്രവാചകൻ (അ) അറിഞ്ഞതോ, പറഞ്ഞതോ, പഠിപ്പിച്ചതോ അല്ല എന്നുള്ളതിൽ ഒട്ടും സംശയമില്ല. പക്ഷേ, ഒന്നിലധികം ദൈവങ്ങളിലും, ദൈവാവതാരങ്ങളിലും, പാപപരിഹാരാദികളിലും വിശ്വസിച്ചുവന്നിരുന്ന വിഗ്രഹാരാധകൻമാർക്കിടയിൽ ക്രൈസ്തവമതപ്രചരണാർത്ഥം പിന്നീട് ക്രിസ്തീയ സഭകളും, പുരോഹിതൻമാരും കെട്ടിയുണ്ടാക്കിയതാകുന്നു. അങ്ങനെ വിഗ്രഹാരാധകൻമാർക്കും തങ്ങൾക്കുമിടയിൽ വേഗം യോജിക്കാവുന്ന ഒരു പുത്തൻ മതം അവർ സൃഷ്ടിച്ചുണ്ടാക്കി. അതിന്റെ താത്വികവശം വിവരിച്ചു കേൾക്കുമ്പോൾ, ഒന്ന് മൂന്നായും, മൂന്ന് ഒന്നായും പിതാവ് പുത്രനായും, പുത്രൻ പിതാവായും, ദൈവം മകനായും, മകൻ ദൈവമായും- അങ്ങനെ വൈരുദ്ധ്യത്തിനുമേൽ വൈരുദ്ധ്യം- കാണപ്പെടുന്ന ഒരു സിദ്ധാന്തമത്രെ ഇന്ന് ക്രൈസ്തവ സിദ്ധാന്തം.

മേൽ പറഞ്ഞ എല്ലാ വാദങ്ങളെയും ഖുർആൻ പാടെ നിഷേധിക്കുന്നു. അല്ലാഹു പറയുന്നു:-

(١) وَلَا تَقُولُوا ثَلَاثَةٌ انْتَهُوا خَيرا لَكُمْ – النساء: ١٧١

(٢) لَقَدْ كَفَرَ الَّذِينَ قَالُوا إِنّ اللّهَ هُوَ الْمَسِيحُ ابْنُ مَرْيَمَ– المائدة: ٧٢

(٣) لَقَدْ كَفَرَ الّذِينَ قَالُوا إِنَّ اللّهَ ثَالِثُ ثَلَاثَةٍ – المَائدة: ٧٣

സാരം: (1) 'നിങ്ങൾ മൂന്ന് ദൈവങ്ങളെന്ന് പറയരുത്; നിങ്ങൾ വിരമിച്ചുകൊള്ളുക; അത് നിങ്ങൾക്ക് ഗുണകരമായിരിക്കും.' (2) 'അല്ലാഹു തന്നെയാണ് മർയമിന്റെ മകൻ മസീഹ് എന്ന് പറയുന്നവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു.' (3) 'അല്ലാഹു മൂന്നിൽ

***(*) ത്രിയേകത്വ സിദ്ധാന്തം മുതലായവയെപ്പറ്റി കൂടുതൽ വിവരം മാഇദഃ നിസാഉ് എന്നീ സൂറത്തുകളിൽ കാണാം.***

മൂന്നാമനാണെന്ന് പറയുന്നവർ നിശ്ചയമായും അവിശ്വസിച്ചിരിക്കുന്നു.'

ഈസാ നബി (അ)യുടെ കാര്യത്തിൽ ജൂതരുടെ വാദം അങ്ങേഅറ്റം നികൃഷ്ടവും നിന്ദ്യവുമാകുന്നു. എന്നാൽ ക്രിസ്ത്യാനികളുടെ വാദമാകട്ടെ, ഇങ്ങേഅറ്റം അതിരുകവിഞ്ഞതുമാകുന്നു. ക്രിസ്ത്യാനികൾ അദ്ദേഹത്തെ മനുഷ്യത്വത്തിൽ നിന്ന് ദിവ്യത്വത്തിലേക്ക് ഉയർത്തുമ്പോൾ, ജൂതൻമാർ അദ്ദേഹത്തെ വ്യഭിചാരപുത്രനായും, ആഭിചാരിയായും തരം താഴ്ത്തുന്നു. അതുകൊണ്ടത്രെ, ജൂതൻമാരും ക്രിസ്ത്യാനികളുമാകുന്ന വേദക്കാരോടായി അല്ലാഹു ഇങ്ങനെ പറയുന്നത്:

**يَٰٓأَهۡلَ ٱلۡكِتَٰبِ لَا تَغۡلُواْ فِي دِينِكُمۡ غَيۡرَ ٱلۡحَقِّ وَلَا تَتَّبِعُوٓاْ أَهۡوَآءَ قَوۡمٖ قَدۡ ضَلُّواْ مِن قَبۡلُ وَأَضَلُّواْ كَثِيرٗا وَضَلُّواْ عَن سَوَآءِ ٱلسَّبِيلِ -المائدة**

സാരം: 'ഹേ, വേദക്കാരേ! നിങ്ങളുടെ മതവിഷയത്തിൽ സത്യമല്ലാത്തവിധം നിങ്ങൾ അതിരു കവിഞ്ഞുപോകരുത്. മുമ്പ് വഴിപിഴക്കുകയും, വളരെ ആളുകളെ വഴിപിഴപ്പിക്കുകയും, നേർമാർഗത്തിൽ നിന്ന് വ്യതിചലിക്കുകയും ചെയ്തിട്ടുള്ള ഒരു ജനതയുടെ തന്നിഷ്ടങ്ങളെ പിൻപറ്റുകയും ചെയ്യരുത്.' (മാഇദഃ 77)

**يَٰٓأَهۡلَ ٱلۡكِتَٰبِ لَا تَغۡلُواْ فِي دِينِكُمۡ وَلَا تَقُولُواْ عَلَى ٱللَّهِ إِلَّا ٱلۡحَقَّۚ إِنَّمَا ٱلۡمَسِيحُ عِيسَى ٱبۡنُ مَرۡيَمَ رَسُولُ ٱللَّهِ وَكَلِمَتُهُۥٓ أَلۡقَىٰهَآ إِلَىٰ مَرۡيَمَ وَرُوحٞ مِّنۡهُۖ فَـَٔامِنُواْ بِٱللَّهِ وَرُسُلِهِۦۖ الخ -النساء**

'ഹേ, വേദക്കാരേ! നിങ്ങൾ നിങ്ങളുടെ മതവിഷയത്തിൽ അതിരുകവിയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തത് പറയുകയും ചെയ്യരുത്. നിശ്ചയമായും, മർയമിന്റെ മകൻ ഈസാ എന്ന മസീഹ് അല്ലാഹുവിന്റെ റസൂലും (ദൂതനും) അവന്റെ വചനവും- അത് അവൻ മർയമിലേക്ക് എത്തിച്ചതാണ്- അവന്റെ പക്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുവിൻ'. (നിസാഉ് 171)

പരമ്പരാഗതമായി സിദ്ധിച്ച ആ വിശ്വാസം ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ അടിയുറച്ചുപോയി സത്യം കേൾക്കുവാനുള്ള കാതും, കാണുവാനുള്ള കണ്ണും അവർക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. എന്നാൽ ഒരു ദിവസം വരുവാനുണ്ട്. അന്ന് അവരുടെ ബധിരതയും, അന്ധതയുമെല്ലാം നീങ്ങിപ്പോകുന്നതാകുന്നു. പക്ഷേ, ഫലമുണ്ടാകുകയില്ല. തീരാത്ത നെടുംഖേദവും, അതികഠിനമായ ശിക്ഷയുമാണവിടെ അവർക്ക് അനുഭവപ്പെടുക. ഈ ഭൂമിയിൽ ആരും സ്ഥിരമായി ജീവിക്കുന്നതല്ല. എല്ലാം അല്ലാഹുവിന് ഒഴിഞ്ഞുകൊടുത്തുകൊണ്ട് അവന്റെ അടുക്കൽ ചെല്ലേണ്ടിവരും. അതിനാൽ, രക്ഷക്കുള്ള മാർഗം ഇപ്പോൾ തന്നെ അന്വേഷിക്കേണ്ടതാകുന്നു. എന്നിങ്ങനെയുള്ള ഒരു താക്കീതാണ് 39-ഉം, 40-ഉം വചനങ്ങളിൽ അടങ്ങിയിട്ടുള്ളത്.

ഇമാം ബുഖാരീ (റ) ഇമാം മുസ്‌ലിം (റ) എന്നിവരും മറ്റും നിവേദനം ചെയ്യുന്ന ഒരു നബിവചനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'സ്വർഗക്കാരായ സജ്ജനങ്ങൾ സ്വർഗത്തിലും, നരകക്കാരായ ദുർജ്ജനങ്ങൾ നരകത്തിലും പ്രവേശിച്ചു കഴിഞ്ഞശേഷം, ഇരുകൂട്ടരെയും വിളിച്ചു അവരുടെ മുമ്പാകെ മരണത്തെ ഒരു കൊറ്റനാടായി രൂപാന്തരപ്പെടുത്തി അതിനെ അറുത്തുകളയുന്നതാകുന്നു. പിന്നീട് ഇരുകൂട്ടരോടും ഇപ്രകാരം പറയപ്പെടും: 'ഹേ, സ്വർഗക്കാരേ! ശാശ്വതജീവിതം! എനി മരണമില്ല. ഹേ, നരകക്കാരേ! ശാശ്വതജീവിതം! എനി മരണമില്ല.' തുടർന്നുകൊണ്ട് തിരുമേനി: 'നെടുംഖേദത്തിന്റെ

ദിവസത്തെ സംബന്ധിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുക' (وَأَنذِرْهُمْ يَوْمَ الْحَسْرَةِ.....) എന്ന 39 -ാം വചനം ഓതുകയും ചെയ്തു' ഈ ഹദീഥിൽ നിന്ന് 'നെടുംഖേദത്തിന്റെ ദിവസം' മരണാനന്തരമുള്ളതാണെന്ന് വരുന്നു. മിക്ക മുഫസ്സിറുകളും (ക്വുർആൻ വ്യാഖ്യാതാക്കളും) അങ്ങനെയാണ് അഭിപ്രായപ്പെട്ടിട്ടുള്ളതും. ഈ ദിവസത്തെക്കുറിച്ച് താഴെ പറയുന്ന മറ്റൊരു അഭിപ്രായംകൂടിയുണ്ട്. ഹദീഥിൽ ഇതിനെപ്പറ്റി ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടും, ആയത്തിന്റെ ഉള്ളടക്കത്തോട് യോജിച്ചു കാണാവുന്നത്കൊണ്ടും ആ അഭിപ്രായവും ഇവിടെ ചൂണ്ടിക്കാട്ടുന്നത് നന്നായിരിക്കും.:-

37 -ാം ആയത്തിൽ يَوْمٍ عَظِيمٍ( വമ്പിച്ച ഒരു ദിവസം) എന്നും 38-ാം വചനത്തിൽ يَوْمَ يَأْتُونَنَا (നമ്മുടെ അടുക്കൽ വരുന്ന ദിവസം) എന്നും പ്രസ്താവിച്ചത് മരണാനന്തര ജീവിതത്തെക്കുറിച്ചാണെന്ന് സ്പഷ്ടമാകുന്നു. പിന്നീട് അതിന്ശേഷം 'നെടുംഖേദത്തിന്റെ ദിവസത്തെക്കുറിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുക' എന്ന് 39-ാം വചനത്തിൽ പ്രത്യേകം ഒന്ന് എടുത്ത് പറഞ്ഞിരിക്കെ, അത് മറ്റൊരു ദിവസത്തെക്കുറിച്ചായിരിക്കുമെന്ന് കരുതാമല്ലോ. ക്രൈസ്തവ ലോകത്തിനാകമാനം ബാധിക്കുന്ന ഒരു മഹാവിപത്തായിരിക്കണം അത്. വാസ്തവത്തിൽ അങ്ങനെ ഒരു വിപത്ത് അവർക്ക് സംഭവിച്ചിട്ടുമുണ്ട്.

സൂറത്തുമർയം അവതരിച്ചു 25 കൊല്ലം കഴിഞ്ഞില്ല- അപ്പോഴേക്കും അവർക്ക് അത് വന്നെത്തി. ക്രിസ്തീയ തലസ്ഥാനവും, ക്രിസ്ത്യാനികളുടെ പുണ്യഗേഹവും, അവരുടെ കേന്ദ്രവുമായി പരിലസിച്ചിരുന്ന ജറൂശലേം (ബൈത്തുൽ മുക്വദ്ദസ്പട്ടണം)- അതാ പെട്ടന്ന്- അവരുടെ കയ്യിൽനിന്ന് ഒരു പുതിയ ജനതയുടെ- മുസ്‌ലിംകളുടെ- കയ്യിലേക്ക് നീങ്ങിയെന്ന വാർത്ത ക്രിസ്തീയലോകത്തെ ആകമാനം സ്തംഭിപ്പിച്ചുകളഞ്ഞു. പ്രസിദ്ധ ചരിത്രകാരനായ ഗിബ്ബൺ (Gibbon) പറയുകയാണ്: ഈ വാർത്ത കേട്ടപ്പോൾ, ഒരക്ഷരം മിണ്ടുവാൻ സാധിക്കാത്ത ഒരവസ്ഥയാണ് ക്രൈസ്തവലോകത്തെ ആകമാനം ആവരണം ചെയ്തത്. കാരണം; തങ്ങൾക്ക് നേരിട്ട ഏറ്റവും വമ്പിച്ച ഈ അപമാനം തടയുവാൻ, മതാദ്ധ്യക്ഷസ്ഥാനത്തുനിന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്ന വല്ല അമാനുഷികശക്തിക്കോ, അല്ലെങ്കിൽ ബൈസന്തീൻ *(*)* സാമ്രാജ്യത്തിന്റെ വമ്പിച്ച സൈന്യശക്തിക്കോ സാധ്യമായില്ല. ബൈത്തുൽമുക്വദ്ദസിന്റെ മാത്രം പതനമായിരുന്നില്ല അത്. ഏഷ്യയിലെയും, ആഫ്രിക്കയിലെയും മുഴുവൻ ക്രൈസ്തവരുടെയും പതനം കുറിക്കുന്ന സംഭവമായിരുന്നു അത്.

സിരിയായുടെ പകുതിഭാഗം വിട്ടുകൊടുത്തിട്ടെങ്കിലും മുസ്‌ലിംകളുമായി സഖ്യത്തിൽ ഏർപ്പെടാത്തപക്ഷം, സിരിയ മുഴുവനും, റോമാ പകുതിയും നമുക്ക് നഷ്ടപ്പെടേണ്ടിവരുമെന്ന് ഹിർക്കലിയൂസ് *(**)* ചക്രവർത്തി പറഞ്ഞുനോക്കിയെങ്കിലും, ക്രിസ്തീയപുരോഹിതൻമാർ വിസമ്മതിക്കുകയാണുണ്ടായത്. ഒടുക്കം സംഭവിച്ചത് അദ്ദേഹം പറഞ്ഞതുപോലെത്തന്നെയായിരുന്നു. അബൂബക്ർ (റ) സിരിയായിലേക്ക് സൈന്യത്തെ അയച്ചു. ഉമർ (റ) ആ കൃത്യം പൂർത്തിയാക്കുകയും ചെയ്തു. എണ്ണംകൊണ്ടും, സന്നാഹംകൊണ്ടും ആയിരക്കണക്കിന് തങ്ങൾക്ക് വർദ്ധനവുണ്ടായിരുന്നിട്ടും ആ ഖേദത്തിന്റെ ദിവസം അനുഭവിക്കുന്നതിൽനിന്ന് അവർക്ക് ഒഴിവ് കിട്ടിയില്ല; സിരിയായിൽനിന്ന് അന്ത്യയാത്ര പുറപ്പെട്ടുപോകുമ്പോൾ ലബ്നാനിലെ ഉന്നത ഗോപുരങ്ങളെനോക്കി- കപ്പലിന്റെ

***(*) ബൈസന്തീൻ (بيزنطي- Byzantine)= റോമാസാമ്രാജ്യം. (**) റോമൻകൈസറായ هرقل (Hercules).***

മുകളിൽ നിന്നുകൊണ്ട്- ഗദ്ഗദസ്വരത്തിൽ ഹിർക്കലിയൂസ് ആ രാജ്യത്തോട് അന്ത്യ യാത്ര പറഞ്ഞത് ഇന്നും ചരിത്രത്തിന്റെ താളുകളിലും, ചരിത്രകാരൻമാരുടെ നാവുകളിലും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു 'പ്രിയപ്പെട്ട സിരിയാ! വിടതന്നാലും! നിനക്ക് സലാം! ഇനിമേൽ നാം തമ്മിൽ കാണുകയില്ല! സലാം!' ക്രൈസ്തവലോകത്തെ സംബന്ധിച്ചിടത്തോളം ഇത് ശരിയായ അർത്ഥത്തിലുള്ള ഒരു നെടുംഖേദത്തിന്റെ ദിവസംതന്നെയായിരുന്നില്ലേ? ചിന്തിച്ചുനോക്കുക! 40-ാം വചനത്തിലെ ഉള്ളടക്കം ഈ വ്യാഖ്യാനത്തോട് യോജിക്കുന്നത് കാണാം. والله اعلم

അടുത്ത ആയത്തുമുതൽ ഇബ്റാഹീം നബി (അ)യുടെ കഥ ആരംഭിക്കുന്നു:-

## വിഭാഗം - 3

وَٱذْكُرْ فِى ٱلْكِتَـٰبِ إِبْرَٰهِيمَ ۚ إِنَّهُۥ كَانَ صِدِّيقًا نَّبِيًّا ﴿٤١﴾

﴾41﴿ വേദഗ്രന്ഥത്തിൽ ഇബ്റാഹീമിനെക്കുറിച്ചും പ്രസ്താവിക്കുക: നിശ്ചയമായും അദ്ദേഹം പരമ സത്യവാനും, പ്രവാചകനുമായിരുന്നു.

إِذْ قَالَ لِأَبِيهِ يَـٰٓأَبَتِ لِمَ تَعْبُدُ مَا لَا يَسْمَعُ وَلَا يُبْصِرُ وَلَا يُغْنِى عَنكَ شَيْـًٔا ﴿٤٢﴾

﴾42﴿ അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക:) 'എന്റെ പിതാവേ! എന്തിനായിട്ടാണ്, കേൾക്കുകയാകട്ടെ, കാണുകയാകട്ടെ, ഒരു കാര്യത്തിനും നിങ്ങൾക്ക് ഉപകരിക്കുകയാകട്ടെ ചെയ്യാത്തതിനെ [ബിംബത്തെ] നിങ്ങൾ ആരാധിക്കുന്നത്?!

يَـٰٓأَبَتِ إِنِّى قَدْ جَآءَنِى مِنَ ٱلْعِلْمِ مَا لَمْ يَأْتِكَ فَٱتَّبِعْنِىٓ أَهْدِكَ صِرَٰطًا سَوِيًّا ﴿٤٣﴾

﴾43﴿ 'എന്റെ പിതാവേ! നിങ്ങൾക്ക് സിദ്ധിച്ചിട്ടില്ലാത്ത ചില അറിവ് എനിക്ക് ലഭിച്ചിട്ടുണ്ട്; ആകയാൽ, നിങ്ങൾ എന്നെ പിൻതുടരുക, ഞാൻ നിങ്ങൾക്ക് ശരിയായ മാർഗം കാണിച്ചു തന്നുകൊള്ളാം.

يَـٰٓأَبَتِ لَا تَعْبُدِ ٱلشَّيْطَـٰنَ ۖ إِنَّ ٱلشَّيْطَـٰنَ كَانَ لِلرَّحْمَـٰنِ عَصِيًّا ﴿٤٤﴾

﴾44﴿ എന്റെ പിതാവേ! നിങ്ങൾ പിശാചിനെ ആരാധിക്കരുത്: നിശ്ചയമായും പിശാച് പരമകാരുണികനോട് [അല്ലാഹുവിനോട്] അനുസരണമില്ലാത്തവനാകുന്നു.

يَـٰٓأَبَتِ إِنِّىٓ أَخَافُ أَن يَمَسَّكَ عَذَابٌ مِّنَ ٱلرَّحْمَـٰنِ فَتَكُونَ

﴾45﴿ എന്റെ പിതാവേ! പരമകാരുണികനിൽനിന്നുള്ള ശിക്ഷ നിങ്ങളെ ബാധിക്കുന്നതിനെ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു; അപ്പോൾ,

لِلشَّيْطَٰنِ وَلِيًّا ﴿٤٥﴾

**നിങ്ങൾ പിശാചിന് ഒരു ബന്ധുവായി തീരുന്നതാണ്.'**

إِبْرَاهِيمَ വേദഗ്രന്ഥത്തിൽ فِي الْكِتَابِ പ്രസ്താവിക്കുക, പറയുക وَاذْكُرْ ﴿41﴾
ഇബ്റാഹീമിനെക്കുറിച്ച്, ഇബ്റാഹീമിനെ إِنَّهُ നിശ്ചയമായും അദ്ദേഹം كَانَ ആയിരുന്നു
صِدِّيقًا പരമസത്യവാൻ, സത്യസന്ധൻ نَبِيًّا പ്രവാചകൻ ﴿42﴾ إِذْ قَالَ അദ്ദേഹം പറഞ്ഞ
പ്പോൾ لِأَبِيهِ തന്റെ പിതാവിനോട് يَا أَبَتِ എന്റെ പിതാവേ لِمَ تَعْبُدُ എന്തിനാണ് നിങ്ങൾ
ആരാധിക്കുന്നത്, ഇബാദത്ത് ചെയ്യുന്നത് مَا لَا يَسْمَعُ കേൾക്കാത്തതിനെ وَلَا يُبْصِرُ കാണു
കയുമില്ലാത്ത وَلَا يُغْنِي ഉപകരിക്കുകയുമില്ലാത്ത عَنكَ താങ്കൾക്ക് شَيْئًا ഒരു കാര്യത്തി
നും, ഒട്ടും തന്നെ ﴿43﴾ يَا أَبَتِ എന്റെ പിതാവേ إِنِّي നിശ്ചയമായും ഞാൻ قَدْ جَاءَنِي
എനിക്ക് വന്നിട്ടുണ്ട്, ലഭിച്ചിട്ടുണ്ട് مِنَ الْعِلْمِ അറിവിൽ നിന്ന് (ചിലത്) مَا لَمْ يَأْتِكَ നിങ്ങൾക്ക്
സിദ്ധിക്കാത്ത, വന്നെത്താത്തത് فَاتَّبِعْنِي അതുകൊണ്ട് എന്നെ പിൻതുടരുക أَهْدِكَ ഞാൻ
നിങ്ങൾക്ക് കാട്ടിത്തരാം, മാർഗദർശനം നൽകാം صِرَاطًا മാർഗം, മാർഗത്തിലേക്ക്, മാർഗ
ത്തിൽ سَوِيًّا ശരിയായ, നേരായ ﴿44﴾ يَا أَبَتِ എന്റെ പിതാവേ لَا تَعْبُدِ നിങ്ങൾ ആരാധി
ക്കരുത്, ഇബാദത്ത് ചെയ്യരുത് الشَّيْطَانَ പിശാചിന് إِنَّ الشَّيْطَانَ നിശ്ചയമായും പിശാച്
كَانَ ആകുന്നു, ആയിരിക്കുന്നു لِلرَّحْمَٰنِ പരമകാരുണികന്, റഹ്മാനായുള്ളവന് عَصِيًّا
അനുസരണമില്ലാത്തവൻ, എതിര് നടക്കുന്നവൻ, അനുസരണം കെട്ടവൻ ﴿45﴾ يَا أَبَتِ
എന്റെ പിതാവേ إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു أَن يَمَسَّكَ നിങ്ങളെ
സ്പർശിക്കും (ബാധിക്കും) എന്ന് عَذَابٌ വല്ല ശിക്ഷയും مِّنَ الرَّحْمَٰنِ പരമകാരുണിക
നിൽ നിന്ന് فَتَكُونَ അപ്പോൾ നിങ്ങളായിത്തീരും لِلشَّيْطَانِ പിശാചിന് وَلِيًّا ബന്ധു

ബിംബാരാധനയിൽ മുളച്ചുവളർന്ന ഒരാളായിരുന്നു, ഇബ്റാഹീം നബി (അ)യുടെ പിതാവായ ആസർ (آزَر). പിതൃബഹുമാനവും, വാൽസല്യവും സർവ്വത്ര പ്രകടമാക്കിക്കൊണ്ട് ഇബ്റാഹീം (അ) പിതാവിനെ ഉപദേശിക്കുന്നു. വിഗ്രഹാരാധനയുടെ നിരർത്ഥതയും, അതിന്റെ ഭവിഷ്യത്തും പിതാവ് പിഴച്ചുപോകുന്നതിലുള്ള താങ്ങാനാവാത്ത വ്യസനവും ആ വാചകങ്ങളിൽ നാം കാണുന്നു. 'എന്റെ പിതാവേ, എന്റെ പിതാവേ' എന്നാവർത്തിച്ചു വിളിച്ചുകൊണ്ട് വളരെ ആദരവോടെയാണ് അദ്ദേഹം പിതാവിനെ ഉപദേശിക്കുന്നത്. പിതാവാകട്ടെ, പിശാചിന്റെ പ്രേരണകൾക്കും അഭീഷ്ടങ്ങൾക്കും തികച്ചും അടിമപ്പെട്ടിരിക്കുകയാണ്. അത്കൊണ്ടാണ് നിങ്ങൾ പിശാചിനെ ആരാധിക്കരുത്' എന്ന് അദ്ദേഹം പറയുന്നതും. പുത്രന്റെ ഉപദേശം പിതാവ് വിലവെക്കുന്നില്ലെന്ന് മാത്രമല്ല, പുത്രനോട് കയർക്കുകകൂടി ചെയ്യുന്നു:

قَالَ أَرَاغِبٌ أَنتَ عَنْ ءَالِهَتِى يَٰٓإِبْرَٰهِيمُ ۖ لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ ۖ

**﴿46﴾ അയാൾ പറഞ്ഞു: 'എന്റെ ഇലാഹുകളെ [ആരാധ്യൻമാരെ] വേണ്ടെന്ന്വെക്കുന്നവനാണോ നീ -ഇബ്റാഹീമേ!? നീ (ഇതിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ, നിശ്ചയമായും ഞാൻ നിന്നെ എറിഞ്ഞാട്ടുകതന്നെ**

وَٱهْجُرْنِى مَلِيًّا ﴿٤٦﴾

ചെയ്യും; സുരക്ഷിതനായി നീ എന്നെ വിട്ടേച്ച് പോയിക്കൊള്ളുക!'

﴾46﴿ قَالَ അദ്ദേഹം പറഞ്ഞു أَرَاغِبٌ താൽപര്യമില്ലാത്തവനാണോ, ആഗ്രഹിക്കുന്നവനാണോ أَنتَ നീ عَنْ آلِهَتِي എന്റെ ഇലാഹുകളെ വിട്ടു (കളയുവാൻ) يَاإِبْرَاهِيمُ ഇബ്റാഹീമേ لَئِن لَّمْ تَنتَهِ നീ വിരമിക്കുന്നില്ലെങ്കിൽ لَأَرْجُمَنَّكَ നിശ്ചയമായും ഞാൻ നിന്നെ എറിഞ്ഞാട്ടും وَاهْجُرْنِي നീ എന്നെ വിട്ടേച്ചു (ഉപേക്ഷിച്ചു) പോകണം مَلِيًّا സുരക്ഷിതനായ നിലയിൽ, കുറേകാലം

ഇതായിരുന്നു പിതാവിന്റെ മറുപടി. ഉപദേശം സ്വീകരിക്കുന്നത്പോകട്ടെ, അതിനെപ്പറ്റി യാതൊന്നും ചിന്തിക്കുവാൻപോലും പിതാവ് തയ്യാറില്ല. മാത്രമല്ല, മകന് കനത്ത ഒരു താക്കീതും! തൗഹീദിൽ (ഏകദൈവ വിശ്വാസത്തിൽ) നിന്ന് വിരമിച്ചുശിർക്കിന്റെ (ബഹുദൈവ വിശ്വാസത്തിന്റെ) മാർഗം സ്വീകരിക്കാത്തപക്ഷം നിന്നെ ഞാൻ എറിഞ്ഞാട്ടും, തൽക്കാലം നിനക്ക് രക്ഷ വേണമെങ്കിൽ നീ എന്നെ വിട്ടേച്ചുപോയിക്കൊള്ളുക. ഇതായിരുന്നു താക്കീത്. مَلِيًّا(മലിയ്യൻ) എന്ന വാക്കിന് കുറേ കാലത്തേക്ക് എന്നും അർത്ഥം വരാം. രണ്ടായാലും ഉദ്ദേശ്യം വ്യക്തമാണ്. ഇബ്റാഹീം (അ) പിതാവിന് നൽകുന്ന പ്രത്യുത്തരം ഇപ്രകാരമായിരുന്നു:

قَالَ سَلَٰمٌ عَلَيْكَ ۖ سَأَسْتَغْفِرُ لَكَ رَبِّىٓ ۖ إِنَّهُۥ كَانَ بِى حَفِيًّا ﴿٤٧﴾

﴾47﴿ അദ്ദേഹം പറഞ്ഞു: 'നിങ്ങൾക്ക് സലാം'! നിങ്ങൾക്കു വേണ്ടി ഞാൻ എന്റെ റബ്ബിനോട് പാപമോചനത്തിനർത്ഥിച്ചു കൊള്ളാം; നിശ്ചയമായും, അവൻ എന്നോട് വളരെ കനിവുള്ളവനാകുന്നു'.

وَأَعْتَزِلُكُمْ وَمَا تَدْعُونَ مِن دُونِ ٱللَّهِ وَأَدْعُوا۟ رَبِّى عَسَىٰٓ أَلَّآ أَكُونَ بِدُعَآءِ رَبِّى شَقِيًّا ﴿٤٨﴾

﴾48﴿ 'നിങ്ങളെയും, അല്ലാഹുവിന് പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ച്ചുവരുന്നതിനെയും ഞാൻ വിട്ടൊഴിഞ്ഞു പോകയാണ്; ഞാൻ എന്റെ റബ്ബിനെ വിളി(ച്ചു പ്രാർത്ഥി)ച്ചു കൊണ്ടിരിക്കയും ചെയ്യും. എന്റെ റബ്ബിനെ വിളിക്കുന്നതിൽ ഞാൻ ദൗർഭാഗ്യവാനാകാതിരുന്നേക്കാം.

﴾47﴿ قَالَ അദ്ദേഹം പറഞ്ഞു سَلَامٌ സലാം, സമാധാനം عَلَيْكَ നിങ്ങൾക്ക് سَأَسْتَغْفِرُ ഞാൻ പാപമോചനം തേടാം لَكَ നിങ്ങൾക്ക് (വേണ്ടി) رَبِّي എന്റെ റബ്ബിനോട് إِنَّهُ നിശ്ചയമായും അവൻ كَانَ ആകുന്നു بِي എന്നെപ്പറ്റി, എന്നിൽ حَفِيًّا വളരെ കനിവുള്ളവൻ ﴾48﴿ وَأَعْتَزِلُكُمْ ഞാൻ നിങ്ങളെ വിട്ടൊഴിഞ്ഞുപോകുന്നു وَمَاتَدْعُونَ നിങ്ങൾ വിളി

وَأَدْعُو ക്കുന്നതിനെയും, പ്രാർത്ഥിക്കുന്നതിനെയും مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ
عَسَىٰ ഞാൻ വിളിക്കുകയും (പ്രാർത്ഥിക്കുകയും) ചെയ്യും رَبِّي എന്റെ രക്ഷിതാവിനെ
ആയേക്കാം أَلَّا أَكُونَ ഞാൻ ആകാതിരിക്കുവാൻ بِدُعَاءِ വിളിക്കുന്നത് (പ്രാർത്ഥിക്കുന്ന
ത്) കൊണ്ട് رَبِّي എന്റെ റബ്ബിനെ شَقِيًّا ദുർഭാഗ്യവാൻ, പരാജിതൻ

---

പുത്രവാൽസല്യം പോലും പ്രകടമാക്കാത്ത മറുപടിയായിരുന്നു പിതാവ് നൽകിയതെന്ന് പറയേണ്ടതില്ല. അങ്ങനെ, ഇബ്റാഹീം (അ) പിതാവിനോട് സലാം ചൊല്ലിപ്പിരിഞ്ഞു. അപ്പോഴും പിതാവിന്റെ കാര്യത്തിൽ അദ്ദേഹം നിരാശപ്പെട്ടിരുന്നില്ല. ഞാൻ നിങ്ങൾക്ക് പാപമോചനം തേടിക്കൊള്ളാമെന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം വിടവാങ്ങുന്നത്. അദ്ദേഹം അത് ചെയ്കയും ചെയ്തു. പക്ഷേ, പിതാവ് അല്ലാഹുവിന്റെ ശത്രുവും പിശാചിന്റെ ബന്ധുവും തന്നെയാണെന്ന് പിന്നീട് അദ്ദേഹത്തിന് ഉറപ്പായി. അതോടെ അത് നിർത്തലാക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

وَمَا كَانَ اسْتِغْفَارُ إِبْرَاهِيمَ لِأَبِيهِ إِلَّا عَن مَّوْعِدَةٍ وَعَدَهَا إِيَّاهُ فَلَمَّا تَبَيَّنَ لَهُ أَنَّهُ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ - التوبة

സാരം: ഇബ്റാഹീം തന്റെ പിതാവിനുവേണ്ടി പാപമോചനത്തിന്നർത്ഥിച്ചത് അദ്ദേഹത്തോട് ചെയ്തിരുന്ന ഒരു വാഗ്ദാനം മൂലമല്ലാതെ മറ്റൊന്നുമായിരുന്നില്ല. എന്നാൽ, അദ്ദേഹം അല്ലാഹുവിന്റെ ശത്രുവാണെന്ന് തനിക്ക് വ്യക്തമായപ്പോൾ അദ്ദേഹത്തിൽനിന്ന് താൻ ഒഴിഞ്ഞ് നിൽക്കുക തന്നെ ചെയ്തു. (തൗബഃ 114)

തൗഹീദിന്റെ മാർഗത്തിൽ എന്ത് ത്യാഗവും വരിക്കുവാൻ ഇബ്റാഹീം നബി (അ) തയ്യാറായിരുന്നു. അദ്ദേഹം നാടും, വീടും കുടുംബവുമെല്ലാം ഉപേക്ഷിച്ചുകൊണ്ട് സ്വദേശമായ ഇറാകിൽനിന്ന് ശാമിലേക്ക് വന്നു. കൻആൻ പ്രദേശത്ത് (*) താമസമാക്കി. കൂടെ സഹോദരപുത്രൻ ലൂത്വ് നബി (അ)യും ഉണ്ടായിരുന്നു. പിന്നീട് മക്കളും, മക്കളുടെ മക്കളുമായി ആ കുടുംബം പെരുകിപ്പെരുകി വരികയും, പുതിയൊരു ലോകചരിത്രം തന്നെ സൃഷ്ടിക്കുകയും ചെയ്തു. അടുത്ത ആയത്തുകളിൽ ഇതിനെപ്പറ്റി സൂചിപ്പിക്കുന്നു. (ഇബ്റാഹീം നബി (അ)യുടെ ചരിത്രം വിശദമായി സൂറത്തു ഇബ്റാഹീമിന്റെ തുടക്കത്തിൽ നാം വിവരിച്ചിട്ടുണ്ട്.)

فَلَمَّا ٱعْتَزَلَهُمْ وَمَا يَعْبُدُونَ مِن دُونِ ٱللَّهِ وَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ ۖ وَكُلًّا جَعَلْنَا نَبِيًّا ﴿٤٩﴾

**﴾49﴿ അങ്ങനെ, അവരെയും, അവർ അല്ലാഹുവിന് പുറമെ ആരാധിച്ചു വരുന്നവരെയും അദ്ദേഹം വിട്ടൊഴിഞ്ഞു പോയാറെ, അദ്ദേഹത്തിന് (പുത്രൻ) ഇസ്ഹാകിനെയും, (പൗത്രൻ) യഅ്കൂബിനെയും നാം പ്രദാനം ചെയ്തു; എല്ലാ (ഓരോരു) വരെയും നാം നബിമാരാക്കുകയും ചെയ്തു.**

---

*(*) സ്ഥലങ്ങൾ പടം 6 ൽ കാണുക.*

وَوَهَبْنَا لَهُم مِّن رَّحْمَتِنَا وَجَعَلْنَا لَهُمْ لِسَانَ صِدْقٍ عَلِيًّا ﴿٥٠﴾

**﴾50﴿ നമ്മുടെ അനുഗ്രഹത്തിൽ നിന്നും അവർക്ക് നാം പ്രദാനം ചെയ്കയും, സത്യത്തിന്റെ ഉന്നതമായ (സൽ) കീർത്തി അവർക്ക് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു.**

---

﴾49﴿ فَلَمَّا اعْتَزَلَهُمْ അങ്ങനെ അദ്ദേഹം അവരെ വിട്ടൊഴിഞ്ഞപ്പോൾ وَمَا يَعْبُدُونَ അവർ ആരാധിക്കുന്നവയെയും مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ وَهَبْنَا നാം പ്രദാനം ചെയ്തു, ദാനം കൊടുത്തു لَهُ അദ്ദേഹത്തിന് إِسْحَاقَ ഇസ്ഹാകിനെ وَيَعْقُوبَ യഅ്ക്വൂബിനെയും وَكُلًّا എല്ലാവരെയും, ഓരോരുത്തരെയും جَعَلْنَا നാം ആക്കി نَبِيًّا നബി, പ്രവാചകൻ ﴾50﴿ وَوَهَبْنَا നാം പ്രദാനം ചെയ്കയും ചെയ്തു لَهُمْ അവർക്ക് مِن رَّحْمَتِنَا നമ്മുടെ അനുഗ്രഹത്തിൽ നിന്ന്, കാരുണ്യത്തിൽ നിന്ന് وَجَعَلْنَا നാം ഉണ്ടാക്കുകയും ചെയ്തു, ഏർപ്പെടുത്തുകയും ചെയ്തു لَهُمْ അവർക്ക് لِسَانَ صِدْقٍ സത്യത്തിന്റെ കീർത്തി (സൽകീർത്തി) عَلِيًّا ഉന്നതമായ, ഉന്നതമായ നിലയിൽ

---

ഒരു കാലത്തും മങ്ങിപ്പോകാത്തവണ്ണം ജനങ്ങളിൽനിന്നുള്ള പ്രശംസയും, അഭിനന്ദനവും അവർക്കുണ്ടായിരിക്കുമെന്ന് സാരം. ജൂതർ, ക്രിസ്ത്യാനികൾ, മുസ്ലിംകൾ എന്നീ തരവ്യത്യാസമില്ലാതെ, ദൈവിക മതസ്ഥരെല്ലാം തന്നെ അവരെ പ്രശംസിക്കുന്നവരും ബഹുമാനിക്കുന്നവരുമാകുന്നു. ലോകാവസാനം വരെ ഈ കീർത്തി നിലനിൽക്കയും ചെയ്യും. നമസ്കാരം, ഹജ്ജ് മുതലായ കർമങ്ങളിൽപോലും ഈ പ്രവാചക കുടുംബത്തിന്റെ സ്മരണകൾ കാണാവുന്നതാണ്.

ഇബ്റാഹീം നബി (അ)യുടെ പുത്രനാണ് ഇസ്ഹാക് (അ). ഇദ്ദേഹത്തിന്റെ മകനാണ് യഅ്ക്വൂബ് (അ). പ്രവാചകൻമാരിൽ അധികഭാഗവും യഅ്ക്വൂബ് നബി (അ) യുടെ സന്താനപരമ്പരയിൽപെട്ടവരാകുന്നു. പന്ത്രണ്ട് ഗോത്രങ്ങളുള്ള ഇസ്റാഈൽ (യിസ്റായേൽ) വംശത്തിന്റെ പിതാവുമാണ് അദ്ദേഹം. ഇസ്ഹാക് നബി (അ)യുടെ സഹോദരനായ ഇസ്മാഈൽ നബി (അ)യുടെ സന്തതികളിൽ നിന്നാണ് മുഹമ്മദ് തിരുമേനി ﷺ ജനിച്ചത്. അപ്പോൾ വമ്പിച്ച രണ്ട് വംശപരമ്പരകളായ ഇസ്റാഈൽ വംശങ്ങളും ഇസ്മാഈൽ വംശങ്ങളും(അറബികളും) ഇബ്റാഹീം നബി (അ)യുടെ സന്തതികളാകുന്നു. *(*)*

ഒരു കാര്യം ഇവിടെവെച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്. 48-ാം വചനത്തിൽ, 'നിങ്ങൾ വിളിച്ചുവരുന്നവ' അല്ലെങ്കിൽ 'പ്രാർത്ഥിച്ചുവരുന്നവ' (وَمَا تَدْعُونَ) എന്നും 'ഞാൻ വിളിച്ചുകൊണ്ടിരിക്കും' അല്ലെങ്കിൽ 'പ്രാർത്ഥിച്ചുകൊണ്ടിരിക്കും' (وَأَدْعُوا) എന്നും പറഞ്ഞുവല്ലോ. ഈ രണ്ട് ക്രിയാരൂപങ്ങളുടെയും ധാതു (الْمَصْدَر) അതേ വചനത്തിൽ തന്നെ കാണുന്ന 'ദുആ' (دُعَاء) എന്ന പദമാകുന്നു. ഇതിന് 'വിളിക്കുക, പ്രാർത്ഥിക്കുക, വിളിച്ചു പ്രാർത്ഥിക്കുക, തേടുക, ക്ഷണിക്കുക, അപേക്ഷിക്കുക' എന്നിങ്ങനെയുള്ള അർത്ഥങ്ങളെല്ലാം വരുന്നതാണ്. ഒരു അദൃശ്യശക്തിക്ക് മുമ്പിൽ ഭക്തിയോട്കൂടി ചെയ്യുന്ന അപേ

---

***(*) 12 ഇസ്റാഈൽ ഗോത്രങ്ങളുടെ വാസസ്ഥലങ്ങൾ പടം 5 ലും അറബി ഗോത്രങ്ങളുടെ വാസസ്ഥലങ്ങൾ പടം 8 ലും 11 ലും കാണാം.***

ക്ഷക്കാണ് 'പ്രാർത്ഥന' എന്ന് പറയുന്നത്. ഈ അർത്ഥത്തിലാണ് 'ദുആ' എന്ന പദവും, അതിൽനിന്ന് ഉൽഭവിക്കുന്ന മറ്റുള്ള പദരൂപങ്ങളും അധികവും ഉപയോഗിക്കപ്പെടാറുള്ളത്. പ്രാർത്ഥിക്കുക എന്ന അർത്ഥത്തിൽ തന്നെ 'പടച്ചവനെ വിളിക്കുക' എന്നും അല്ലാഹുവിനോട് തേടുക എന്നും മറ്റും മലയാളികളായ നാം പറയാറുള്ളത്പോലെ, ദുആയുടെ അർത്ഥത്തിൽ അറബിഭാഷയിലും വേറെ ചില വാക്കുകൾ ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി 3-ാം വചനത്തിൽ സകരിയ്യ (അ) പ്രാർത്ഥിച്ചതിനെപ്പറ്റി 'വിളിച്ചു' എന്നർത്ഥമാകുന്ന 'നാദാ' (**نَادَى**) എന്ന പദമാണല്ലോ ഉള്ളത് ആ 'വിളി' (**نداء**) കൊണ്ടുദ്ദേശ്യം 'പ്രാർത്ഥന' തന്നെയാണെന്ന് അടുത്ത 4-ാം വചനത്തിന്റെ അവസാനഭാഗത്തിൽനിന്ന് തന്നെ വ്യക്തമാകുന്നതാണ്. മാത്രമല്ല, സകരിയ്യാ നബി (അ)യുടെ അതേ സംഭവത്തെപ്പറ്റി സൂറഃ ആലുഇംറാൻ 38 ൽ 'സകരിയ്യാ തന്റെ റബ്ബിനോട് പ്രാർത്ഥിച്ചു' (**دَعَازَ كَرِيَّارَبَّهُ**) എന്നാണ് പറയുന്നതും. ചുരുക്കിപ്പറഞ്ഞാൽ 'ദുആ'യുടെയും 'പ്രാർത്ഥന' യുടെയും അർത്ഥത്തിൽ വേറെയും പദങ്ങൾ ഉപയോഗിക്കപ്പെടാറുണ്ട്;

മേൽകാണിച്ച അർത്ഥത്തിലുള്ള എല്ലാ 'ദുആ'യും (പ്രാർത്ഥനയും) 'ഇബാദത്താ'കുന്ന ആരാധന (**عِبَادَة**)യിൽ ഉൾപ്പെട്ടതാകുന്നു. 'ഇബാദത്താ'കട്ടെ, അല്ലാഹുവിനല്ലാതെ മറ്റാർക്കും ചെയ്യാൻ പാടില്ലെന്ന് പറയേണ്ടതില്ല. അപ്പോൾ അല്ലാഹുവിനല്ലാതെ പ്രാർത്ഥന (ദുആ) ചെയ്യാനും പാടില്ലെന്ന് വ്യക്തമാണ്. 48, 49 വചനങ്ങളിൽ നിന്ന് തന്നെ ഈ വസ്തുത മനസ്സിലാക്കുവാൻ കഴിയും. 48-ാം വചനത്തിൽ ഇബ്റാഹീം നബി (അ); 'ഞാൻ നിങ്ങളെയും നിങ്ങൾ വിളിക്കുന്നവരെയും വിട്ടൊഴിഞ്ഞ് പോകുന്നു' എന്നും, 'എന്റെ റബ്ബിനെ വിളിക്കു'മെന്നും പറഞ്ഞു. 49-ാം വചനത്തിൽ അദ്ദേഹം വിട്ടൊഴിഞ്ഞുപോയതിനെപ്പറ്റി പ്രസ്താവിച്ചപ്പോൾ, 'അവരെയും അവർ ആരാധിക്കുന്നവ (ഇബാദത്ത് ചെയ്യുന്നവ)യെയും വിട്ടുപോയാറെ' എന്നാണല്ലോ അല്ലാഹു പറഞ്ഞത്. ഇത്പോലെ വേറെ സ്ഥലങ്ങളിലും കാണാവുന്നതാകുന്നു. എന്ന് വെച്ചാൽ, ഒരേ കാര്യത്തെക്കുറിച്ചുതന്നെ 'ദുആ' എന്നും, 'ഇബാദത്ത്' എന്നും ഉപയോഗിച്ചു കാണാം. 'ഇബാദത്തി'ൽ ഉൾപെട്ടതാണെന്ന് മാത്രമല്ല, ഇബാദത്തിന്റെ ഇനങ്ങളിൽ അതിപ്രധാനമായത് കൂടിയാണ് 'ദുആ' എന്ന പ്രാർത്ഥന. നബി തിരുമേനിﷺ ഇപ്രകാരം പറയുന്നു: **الدُّعَآءُ مخ العِبَادة - الترمذى**പ്രാർത്ഥന, ആരാധനയുടെ മജ്ജയാകുന്നു (തി). മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞത് ഇങ്ങനെയാണ്: **الدُّعَآءُ هُوَ العِبَادَة - احمد، ابوداود، وغيرهما** (പ്രാർത്ഥന തന്നെയാണ് ആരാധന (അ; ദാ). ഇതുകൊണ്ടാണ്, പലപ്പോഴും 'ദുആ' (**دُعَاء**) എന്ന ധാതുവിൽനിന്ന് ഉൽഭവിക്കുന്ന പദങ്ങളുടെ ഉദ്ദേശ്യം വിവരിക്കുന്ന വേളയിൽ, ചില വ്യാഖ്യാതാക്കൾ 'ഇബാദത്ത്' (**عِبَادة**) എന്ന ധാതുവിൽനിന്നുള്ള പദങ്ങളെക്കൊണ്ട് വ്യാഖ്യാനിച്ചു കാണുന്നതും.

## വിഭാഗം - 4

وَٱذۡكُرۡ فِي ٱلۡكِتَٰبِ مُوسَىٰٓۚ إِنَّهُۥ كَانَ مُخۡلَصٗا وَكَانَ رَسُولٗا نَّبِيّٗا ﴿٥١﴾

**﴿51﴾ (നബിയേ) വേദഗ്രന്ഥത്തിൽ മൂസായെക്കുറിച്ചും പ്രസ്താവിക്കുക: നിശ്ചയമായും അദ്ദേഹം ഒരു നിഷ്കളങ്കനായിരുന്നു; ഒരു ദൂതനും പ്രവാ**

ചകനും [റസൂലും നബിയും] ആയിരുന്നു.

وَنَـٰدَيْنَـٰهُ مِن جَانِبِ ٱلطُّورِ ٱلْأَيْمَنِ وَقَرَّبْنَـٰهُ نَجِيًّا ﴿٥٢﴾

﴾52﴿ (സീനാ) പര്‍വ്വതത്തിന്റെ വലത്തുഭാഗത്ത്നിന്ന് അദ്ദേഹത്തെ നാം വിളിക്കുകയും, ഒരു രഹസ്യഭാഷിതനെന്ന നിലയില്‍ അദ്ദേഹത്തിന് നാം സാമീപ്യം നല്‍കുകയും ചെയ്തു.

وَوَهَبْنَا لَهُۥ مِن رَّحْمَتِنَآ أَخَاهُ هَـٰرُونَ نَبِيًّا ﴿٥٣﴾

﴾53﴿ നമ്മുടെ അനുഗ്രഹത്താല്‍ തന്റെ സഹോദരന്‍ ഹാറൂനിനെ ഒരു പ്രവാചകനായ നിലയില്‍, നാം അദ്ദേഹത്തിന് പ്രദാനം ചെയ്കയും ചെയ്തു.

---

﴾51﴿ وَاذْكُرْ പറയുക, പ്രസ്താവിക്കുക فِي الْكِتَابِ വേദഗ്രന്ഥത്തില്‍ مُوسَى മൂസാ യെക്കുറിച്ച് إِنَّهُ كَانَ നിശ്ചയമായും അദ്ദേഹം ആയിരുന്നു مُخْلَصًا നിഷ്കളങ്കന്‍ (ശുദ്ധന്‍) وَكَانَ അദ്ദേഹം ആയിരുന്നു, ആവുകയും ചെയ്തിരുന്നു رَسُولًا ഒരു റസൂല്‍, ദൂതന്‍ نَبِيًّا പ്രവാചകന്‍, പ്രവാചകനായ ﴾52﴿ وَنَادَيْنَاهُ നാം അദ്ദേഹത്തെ വിളിച്ചു مِن جَانِبِ الطُّورِ (സീനാ) പര്‍വ്വതത്തിന്റെ ഭാഗത്ത്നിന്ന് الْأَيْمَنِ വലത്തെ وَقَرَّبْنَاهُ അദ്ദേഹത്തിന് നാം സാമീപ്യം (അടുപ്പം) നല്‍കുകയും ചെയ്തു نَجِيًّا സ്വകാര്യഭാഷിതനായി, സ്വകാര്യം പറയുന്നവനായി ﴾53﴿ وَوَهَبْنَا നാം പ്രദാനം ചെയ്കയും ചെയ്തു لَهُ അദ്ദേഹത്തിന് مِن رَحْمَتِنَا നമ്മുടെ അനുഗ്രഹത്താല്‍, കാരുണ്യത്താല്‍ أَخَاهُ അദ്ദേഹത്തിന്റെ സഹോദരനെ هَارُونَ ഹാറൂനിനെ نَبِيًّا പ്രവാചകനായി, നബിയായി

---

മൂസാ നബി (അ)യുടെ ചരിത്രം അടുത്ത സൂറത്തില്‍ സുദീര്‍ഘം വിവരിച്ചിട്ടുണ്ട്. അധികവിവരം അവിടെ വെച്ച് കാണാവുന്നതാണ്. ആ ചരിത്രത്തിലെ ചില വശങ്ങള്‍ സ്പര്‍ശിക്കുക മാത്രമാണ് ഈ വചനങ്ങള്‍ ചെയ്യുന്നത്. പ്രബോധനകൃത്യം നിര്‍വഹിക്കുന്നതില്‍ തന്നെ സഹായിക്കുന്ന ഒരു സഹായകനായി സഹോദരന്‍ ഹാറൂന്‍ നബി (അ)യെയും നിശ്ചയിച്ചു കൊടുക്കണമെന്ന് മൂസാ (അ) അല്ലാഹുവിനോട് പ്രാര്‍ത്ഥിച്ചു. അതിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തെ മൂസാ നബി (അ)യുടെ സഹായകനും ഒരു നബിയുമായി നിശ്ചയിക്കുകയും ചെയ്തു. സാധാരണ മറ്റു നബിമാര്‍ക്ക് സിദ്ധിച്ചിട്ടില്ലാത്ത ഒരനുഗ്രഹമാണത്. ഇത്പോലെത്തന്നെ, അല്ലാഹുവിന്റെ ഭാഷണം മദ്ധ്യവര്‍ത്തിയില്ലാതെ നേരിട്ട് കേട്ടതും മൂസാ നബി (അ)ക്ക്മാത്രം സിദ്ധിച്ച അതിമഹത്തായ ഒരു അനുഗ്രഹമാകുന്നു.

'ത്വൂര്‍' (الطُّور) എന്ന വാക്കിന് പര്‍വ്വതം എന്നര്‍ത്ഥമാണെങ്കിലും സീനാപര്‍വ്വതത്തെ ഉദ്ദേശിച്ചു പല സ്ഥലത്തും ക്വുര്‍ആനില്‍ ആ വാക്ക് ഉപയോഗിച്ചു കാണുന്നുണ്ട്. മൂസാ നബി (അ)ക്ക് ആദ്യമായി വഹ്‌യ് (ദിവ്യസന്ദേശം) ലഭിച്ചതും, അല്ലാഹുവിന്റെ സംഭാഷണം കേള്‍ക്കുകയെന്ന മഹാഭാഗ്യം സിദ്ധിച്ചതും, തൗറാത്ത് ലഭിച്ചതുമെല്ലാം സീനാ

യിൽ വെച്ചായിരുന്നു. അദ്ദേഹം മദ്‌യനിൽ (*) നിന്ന് ഈജിപ്തിലേക്ക് പോകുമ്പോൾ വഴിമദ്ധ്യേ തന്നെ അഭിമുഖീകരിച്ചു നിൽക്കുന്ന പർവ്വതത്തിന്റെ വലത്ത്ഭാഗത്ത്വെച്ചാണ് അല്ലാഹുവിന്റെ വിളിയുണ്ടായത്. സീനാ അർദ്ധദ്വീപ് അറേബ്യയുടെ ഏതാണ്ട് വടക്കു പടിഞ്ഞാറും, ഈജിപ്തിൽനിന്ന് ഏതാണ്ട് തെക്കുകിഴക്കുമായി സ്ഥിതിചെയ്യുന്നു. (**)

'ലാമി'ന് 'ഇ'കാര (كَسْرَة)ത്തോട് കൂടി مُخْلِصًا എന്നും, 'അ'കാര (فتحة)ത്തോട് കൂടി مخلَصا എന്നും വായിക്കപ്പെട്ടിട്ടുണ്ട്. ഒന്നാമത്തെ വായന അനുസരിച്ചാണ് 'നിഷ്കളങ്കൻ' എന്ന് നാം ആയത്തിന് തർജ്ജമ കൽപിച്ചത്. രണ്ടാമത്തേതനുസരിച്ച് ആ വാക്കിന് 'ശുദ്ധി ചെയ്യപ്പെട്ടവൻ' എന്നോ 'തിരഞ്ഞെടുക്കപ്പെട്ടവൻ' എന്നോ അർത്ഥം പറയാവുന്നതാകുന്നു.

وَٱذْكُرْ فِى ٱلْكِتَـٰبِ إِسْمَـٰعِيلَ ۚ إِنَّهُۥ كَانَ صَادِقَ ٱلْوَعْدِ وَكَانَ رَسُولًا نَّبِيًّا ﴿٥٤﴾

**﴿54﴾ വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെക്കുറിച്ചും പ്രസ്താവിക്കുക: നിശ്ചയമായും അദ്ദേഹം വാഗ്ദാനത്തിൽ സത്യംപാലിക്കുന്നവനായിരുന്നു; ഒരു റസൂലും നബിയും [ദൂതനും പ്രവാചകനും] ആയിരുന്നു.**

وَكَانَ يَأْمُرُ أَهْلَهُۥ بِٱلصَّلَوٰةِ وَٱلزَّكَوٰةِ وَكَانَ عِندَ رَبِّهِۦ مَرْضِيًّا ﴿٥٥﴾

**﴿55﴾ അദ്ദേഹം തന്റെ ആൾക്കാരോട് നമസ്കാരത്തിനും 'സകാത്തി'നും [വിശുദ്ധധർമത്തിനും] ആജ്ഞാപിക്കാറുണ്ടായിരുന്നു; തന്റെ രക്ഷിതാവിന്റെ അടുക്കൽ അദ്ദേഹം സുസമ്മതനുമായിരുന്നു.**

---

﴿54﴾ وَاذْكُرْ പ്രസ്താവിക്കുക فِى الْكِتَابِ വേദഗ്രന്ഥത്തിൽ إِسْمَاعِيلَ ഇസ്മാഈലിനെക്കുറിച്ച് إِنَّهُ كَانَ നിശ്ചയമായും അദ്ദേഹം ആയിരുന്നു صَادِقَ الْوَعْدِ വാഗ്ദാനത്തിൽ സത്യം പാലിക്കുന്നവൻ وَكَانَ അദ്ദേഹം ആകുകയും ചെയ്തിരുന്നു رَسُولًا റസൂൽ, ദൂതൻ نَبِيًّا നബി, പ്രവാചകൻ ﴿55﴾ وَكَانَ അദ്ദേഹം ആയിരുന്നു يَأْمُرُ അദ്ദേഹം ആജ്ഞാപിക്കും أَهْلَهُ തന്റെ ആൾക്കാരോട്, സ്വന്തക്കാരോട് بِالصَّلَاةِ നമസ്ക്കാരത്തിന് وَالزَّكَاةِ സകാത്തിനും, വിശുദ്ധ ധർമത്തിനും وَكَانَ അദ്ദേഹം ആകുകയും ചെയ്തിരുന്നു عِنْدَ رَبِّهِ തന്റെ രക്ഷിതാവിന്റെ അടുക്കൽ مَرْضِيًّا സുസമ്മതൻ, തൃപ്തൻ

---

ഇബ്റാഹീം നബി (അ)യുടെ പുത്രനും, അറബികളുടെ വംശപിതാവുമായ ഇസ്മാഈൽ നബി (അ)യുടെ ജീവചരിത്രസംക്ഷേപം ഈ രണ്ട് ആയത്തുകളിൽ അടങ്ങുന്നു. അദ്ദേഹത്തിന്റെ മൂന്ന് സവിശേഷഗുണങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണ്: (1) അദ്ദേഹം വാഗ്ദാനത്തിൽ സത്യം പാലിച്ചിരുന്നു. (2) അദ്ദേഹം സ്വന്തക്കാരോട് നമ

*(*) (**) പടം 4 നോക്കുക*

സ്കാരത്തിനും വിശുദ്ധധർമത്തിനും ആജ്ഞാപിക്കാറുണ്ടായിരുന്നു. (3) അദ്ദേഹം റബ്ബിന്റെ അടുക്കൽ സുസമ്മതനായിരുന്നു.

'നിന്നെ അറുക്കുവാൻ എനിക്ക് അല്ലാഹുവിന്റെ കൽപന കിട്ടിയിട്ടുണ്ടെ'ന്ന് പിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'പിതാവേ! കൽപിക്കപ്പെട്ടത് ചെയ്തു കൊള്ളുക! അല്ലാഹു ഉദ്ദേശിക്കുന്നതായാൽ ക്ഷമയുള്ളവനായി എന്നെ നിങ്ങൾക്ക് കാണാവുന്നതാകുന്നു.' ( يَاأَبَتِ افْعَلْ مَا تُؤْمَرُ سَتَجِدُنِي إِنْ شَاءَ اللهُ مِنَ الصَّابِرِينَ - الصافات : ١٠٢ ) ഈ വാഗ്ദാനം അദ്ദേഹം പാലിച്ച സംഭവം ലോകപ്രസിദ്ധമാണ്. എന്നിരിക്കെ ഒന്നാമത്തെ സവിശേഷ ഗുണത്തിന് വേറെ ഉദാഹരണം ആവശ്യമില്ല. വർത്തമാനത്തിൽ കളവുപറയുക, വിശ്വസിച്ചാൽ ചതിക്കുക, വാഗദാനം ലംഘിക്കുക എന്നീ മൂന്നുകാര്യങ്ങൾ കപട വിശ്വാസിയുടെ ലക്ഷണങ്ങളാണെന്നത്രെ നബി തിരുമേനിﷺ അരുളിച്ചെയ്യുന്നത്. ഈ മൂന്ന് കാര്യങ്ങളും പരസ്പരം ബന്ധപ്പെട്ടു നിലകൊള്ളുന്നവയുമാണ്. വാഗ്ദാനപാലനത്തിന് ഇസ്‌ലാം കൽപിക്കുന്ന വമ്പിച്ച സ്ഥാനം ഇതിൽനിന്നെല്ലാം മനസ്സിലാക്കാം.

ജനങ്ങളോട് പൊതുവിലും, സ്വന്തക്കാരോട് പ്രത്യേകിച്ചും സൽക്കർമങ്ങളെക്കുറിച്ച് ഉപദേശിക്കലും,ദുഷ്കർമങ്ങളെപ്പറ്റി വിരോധിക്കലും ഇസ്‌ലാമിൽ വളരെ പ്രാധാന്യം കൽപിക്കപ്പെട്ടിട്ടുള്ളതാകുന്നു. ٦ :قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا - التحريم (നിങ്ങളെയും നിങ്ങളുടെ സ്വന്തക്കാരെയും നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുവിൻ) എന്നത്പോലെയുള്ള പല ക്വുർആൻ വചനങ്ങളും, പല ഹദീഥുകളും ഇക്കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിത്തരുന്നുണ്ട്. സൽക്കർമങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായ കാര്യങ്ങളാണ് നമസ്കാരവും സകാത്തും. അല്ലാഹുവിനും അടിയാനും ഇടക്കുള്ള ബാധ്യതകളിൽവെച്ച് നമസ്കാരവും, അടിയാനും ജനങ്ങളും തമ്മിലുള്ള ബാധ്യതകളിൽവെച്ച് സക്കാത്തും കൂടുതൽ ശ്രേഷ്ഠത അർഹിക്കുന്നു. അപ്പോൾ, സ്വന്തം നിലക്കും, മറ്റുള്ളവരെ സംബന്ധിക്കുന്ന ബാധ്യത എന്ന നിലക്കും ഉള്ള എല്ലാ പ്രധാന കടമകളും ഇസ്മാഈൽ (അ) നിറവേറ്റിയിരുന്നു എന്ന് സാരം വരുന്നു.

ഒരു സമുദായത്തിന്റെ സ്ഥാപകനും, നേതാവുമാകുന്ന ആൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ടുന്ന ഗുണമാണ് വാക്കിലും, പ്രവൃത്തിയിലും, വാഗ്ദാനത്തിലും സത്യം പാലിക്കുക എന്നത്. അതും അദ്ദേഹത്തിനുണ്ടായിരുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള ബോധം, ഭയഭക്തി, അനുസരണശീലം ആദിയായവ സ്വജനങ്ങളിൽ ഉളവാക്കുക, അഥവാ, അവരെ ആത്മീയശുദ്ധിയുള്ള ജനതയാക്കിത്തീർക്കുക, ഇതാണ് നേതാവിന്റെ മറ്റൊരു കടമ. ഇതിനും പുറമെ, ആ ജനത ഒരു സുസംഘടിത ജനതയായിത്തീരുന്നതിന് അവരുടെ സാമൂഹ്യജീവിതം പരസ്പര സഹായസഹകരണാടിസ്ഥാനത്തിലും, സ്നേഹത്തിലും ആക്കിത്തീർക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. ഇതെല്ലാം ഇസ്മാഈൽ നബി (അ) ശരിക്കും നിർവഹിച്ചിരുന്നുവെന്നും മേൽകണ്ട ചരിത്രസംക്ഷേപത്തിൽനിന്ന് മനസ്സിലാക്കാം. ഇങ്ങനെയുള്ള ഒരു മഹാൻ അല്ലാഹുവിന്റെ അടുക്കൽ തീർച്ചയായും സുസമ്മതനായിരിക്കുമെന്ന് വ്യക്തമാണ്.

وَٱذْكُرْ فِى ٱلْكِتَٰبِ إِدْرِيسَ ۚ إِنَّهُۥ كَانَ صِدِّيقًا نَّبِيًّا ﴿٥٦﴾

**﴾56﴿ വേദഗ്രന്ഥത്തിൽ ഇദ്‌രീസിനെക്കുറിച്ചും പ്രസ്താവിക്കുക; നിശ്ചയമായും അദ്ദേഹം ഒരു പരമസത്യവാനും, പ്രവാചകനും ആയിരുന്നു.**

وَرَفَعۡنَٰهُ مَكَانًا عَلِيًّا ﴿٥٧﴾

**﴾57﴿ നാം അദ്ദേഹത്തെ ഉന്നതമായ ഒരു സ്ഥാനത്ത് ഉയർത്തിയിരിക്കുന്നു.**

---

﴾56﴿ وَاذۡكُرۡ പ്രസ്താവിക്കുക فِي ٱلۡكِتَٰبِ വേദഗ്രന്ഥത്തിൽ إِدۡرِيسَ ഇദ്‌രീസിനെക്കുറിച്ച് إِنَّهُۥ كَانَ നിശ്ചയമായും അദ്ദേഹം ആയിരുന്നു صِدِّيقًا പരമസത്യവാൻ, സത്യസന്ധൻ نَبِيًّا നബി, പ്രവാചകൻ ﴾57﴿ وَرَفَعۡنَٰهُ നാം അദ്ദേഹത്തെ ഉയർത്തുകയും ചെയ്തു مَكَانًا ഒരു സ്ഥാനത്ത് عَلِيًّا ഉന്നതമായ, ഉയർന്ന

---

ഉന്നതമായ സ്ഥാനവും നിലപാടും അദ്ദേഹത്തിന് നൽകിയിരിക്കുന്നുഎന്ന് സാരം. ഈ ഒടുവിലെ വചനത്തിന് 'ഉന്നതമായ ഒരു സ്ഥലത്തേക്ക് നാം അദ്ദേഹത്തെ ഉയർത്തിയിരിക്കുന്നു' എന്ന് ചിലർ അർത്ഥം കൽപിച്ചുകാണുന്നു. ആകാശത്തിലേക്കോ, അല്ലെങ്കിൽ സ്വർഗത്തിലേക്കോ ഇദ്‌രീസ് നബി (അ)യെ അല്ലാഹു ഉയർത്തിയിട്ടുണ്ടെന്നും, അദ്ദേഹം അവിടെയാണ് ഇപ്പോഴും ഉള്ളതെന്നും ആ അർത്ഥത്തിന് അവർ വ്യാഖ്യാനവും നൽകിയിരിക്കുന്നു. ഇതിന് വിശദീകരണം കൊടുക്കുന്ന പല കഥകളും ചില കിതാബുകളിലുണ്ട്. ഖുർആനിലോ, ഹദീഥിലോ ഈ വ്യാഖ്യാനത്തിന് പിൻബലം കാണുന്നില്ല.

ഇദ്‌രീസ് (അ)ന്റെ സാക്ഷാൽ പേർ 'ഹാനോഖ്' അല്ലെങ്കിൽ 'അഖ്നോഖ്' (خنوخ أو أخنوخ) എന്നാകുന്നു. 'ഊസരീസ്' (اوزريس) എന്നും, 'അസ്വീരിസ്' (اسويرس) എന്നും അദ്ദേഹത്തെക്കുറിച്ച് പറയാറുണ്ട്. ഇദ്‌രീസ് (ادريس) എന്നത് അദ്ദേഹത്തിന്റെ സാക്ഷാൽ പേരിന്റെ അറബി വകഭേദമാണെന്നും, സ്ഥാനപ്പേരാണെന്നും പക്ഷാന്തരമുണ്ട്. അദ്ദേഹം നൂഹ് നബി (അ)യുടെ പിതാവിന്റെ പിതാമഹനായിരുന്നുവെന്നാണ് പറയപ്പെടുന്നത് 'ഹാനൂക്കിന്റെ ആയുഷ്കാലം ആകെ മുന്നൂറ്ററുപത്തഞ്ചു സംവത്സരമായിരുന്നു. ഹാനൂക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടു പോയതിനാൽ കാണാതെയായി.' എന്ന് ബൈബ്ൾ (ഉൽപത്തി: 5 ൽ 23, 24) പറയുന്നു. ഒരു പക്ഷേ, ഈ പറഞ്ഞതിൽ നിന്നായിരിക്കാം അദ്ദേഹത്തെ സംബന്ധിച്ച് മേൽ സൂചിപ്പിച്ച കഥകൾ ഉടലെടുത്തത്. الله اعلم

ആദ്യമായി പേനകൊണ്ടെഴുതിയത്, വസ്ത്രം തുന്നുവാൻ തുടങ്ങിയത്,ഗണിതവും കണക്കും ആദ്യം പഠിച്ചത്, ഇങ്ങനെ പലതും അദ്ദേഹത്തിന്റെ പ്രത്യേകതകളായി പല ചരിത്രകാരൻമാരും, ഖുർആൻ വ്യാഖ്യാതാക്കളും രേഖപ്പെടുത്തിയിരിക്കുന്നു. പ്രവാചകപ്രധാനികളായ പലരെക്കുറിച്ചും പ്രസ്താവിച്ചശേഷം അല്ലാഹു പറയുന്നു:

أُوْلَٰٓئِكَ ٱلَّذِينَ أَنۡعَمَ ٱللَّهُ عَلَيۡهِم مِّنَ ٱلنَّبِيِّـۧنَ مِن ذُرِّيَّةِ ءَادَمَ

**﴾58﴿ അക്കൂട്ടർ [മേൽ പ്രസ്താവിക്കപ്പെട്ടവർ] ആദമിന്റെ സന്തതികളിൽനിന്ന് അല്ലാഹു അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ള പ്രവാചകൻമാരാകുന്നു.**

وَمِمَّنْ حَمَلْنَا مَعَ نُوحٍ وَمِن ذُرِّيَّةِ إِبْرَٰهِيمَ وَإِسْرَٰٓءِيلَ وَمِمَّنْ هَدَيْنَا وَٱجْتَبَيْنَآ

നൂഹിന്റെ കൂടെ നാം [അല്ലാഹു; കപ്പലിൽ] വഹിച്ചു കൊണ്ടു പോയ വരിലും ഇബ്റാഹീമിന്റെയും, ഇസ്റാ ഈലിന്റെ [യഅ്ക്വൂബിന്റെ]യും സന്തതികളിലും പെട്ടവരും; നാം സൻമാർഗം നൽകുകയും തിരഞ്ഞെ ടുക്കുകയും ചെയ്തവരിൽപെട്ടവരും ആകുന്നു.

سجود ۩

إِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُ ٱلرَّحْمَٰنِ خَرُّوا۟ سُجَّدًا وَبُكِيًّا ۩ ﴿٥٨﴾

'പരമകാരുണിക'ന്റെ [അല്ലാഹു വിന്റെ] ലക്ഷ്യങ്ങൾ അവർക്ക് ഓതി ക്കേൾപ്പിക്കപ്പെടുന്നതായാൽ, 'സുജൂദ്' [സാഷ്ടാംഗം] ചെയ്യുന്നവ രായും, കരയുന്നവരായും കൊണ്ട് അവർ നിലംപതിച്ചു പോകുന്നതാണ്.

---

﴾58﴿ أُولَٰئِكَ അക്കൂട്ടർ (അവരെല്ലാം) الَّذِينَ യാതൊരു കൂട്ടരാണ് أَنْعَمَ اللهُ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു عَلَيْهِمْ അവരിൽ, അവർക്ക് مِنَ النَّبِيِّينَ നബിമാരിൽ, നബി മാരായുള്ള مِن ذُرِّيَّةِ آدَمَ ആദമിന്റെ സന്തതികളിൽനിന്ന് وَمِمَّنْ യാതൊരു കൂട്ടരിൽനിന്നും حَمَلْنَا നാം വഹിച്ചുകൊണ്ടുപോയ مَعَ نُوحٍ നൂഹിന്റെ കൂടെ وَمِن ذُرِّيَّةِ إِبْرَاهِيمَ ഇബ്റാഹീ മിന്റെ സന്തതികളിൽനിന്നും وَإِسْرَائِيلَ ഇസ്റാഈലിന്റെ (യഅ്ക്വൂബിന്റെ)യും وَمِمَّنْ هَدَيْنَا നാം മാർഗദർശനം ചെയ്തവരിൽ നിന്നും وَاجْتَبَيْنَا നാം തിരഞ്ഞെടുക്കു കയും ചെയ്തു إِذَا تُتْلَىٰ ഓതിക്കൊടുക്കപ്പെട്ടാൽ ഓതിക്കേൾപ്പിക്കപ്പെട്ടാൽ عَلَيْهِمْ അവർക്ക്, അവരിൽ آيَاتُ الرَّحْمَٰنِ റഹ്മാന്റെ (പരമകാരുണികന്റെ) ലക്ഷ്യങ്ങൾ (വേദ വാക്യങ്ങൾ) خَرُّوا അവർ നിലപതിക്കും, വീണുപോകും سُجَّدًا സാഷ്ടാംഗം (സുജൂദ്) ചെയ്യുന്നവരായി وَبُكِيًّا കരയുന്നവരായും

---

സുജൂദിന്റെ ആയത്തുകളിൽ- ഓതുകയോ, കേൾക്കുകയോ ചെയ്യുമ്പോൾ ഒരു സുജൂദ് ചെയ്യേണ്ടതുള്ള ആയത്തുകളിൽ ഒന്നാണ്- ഈ ആയത്തും. അല്ലാഹുവിന് സുജൂദ് (സാഷ്ടാംഗനമസ്കാരം) ചെയ്യാൻ പ്രോൽസാഹിപ്പിച്ചുകൊണ്ടുള്ള വേറെ ചില ആയ ത്തുകൾക്ക്ശേഷവും ഇതുപോലെ സുജൂദ് ചെയ്യേണ്ടതുണ്ടെന്ന് നബിﷺയുടെ സുന്ന ത്തിൽ വന്നിട്ടുണ്ട്. ഓത്തിന്റെ സുജൂദ് (سُجُود التِلَاوَة) എന്ന പേരിലാണ് ഈ സുജൂദു കൾ അറിയപ്പെടുന്നത്. മേൽപറഞ്ഞ നബിമാരുടെ ഒരു മാതൃക എന്ന നിലക്ക് ഇവിടെ നാമും അല്ലാഹുവിന് ഒരു സുജൂദ് ചെയ്യുന്നത് അനുയോജ്യമാണെന്ന് പ്രത്യേകം പറ യേണ്ടതില്ലല്ലോ.

ഈ സൂറത്തിൽ ഇത്വരെ പ്രസ്താവിക്കപ്പെട്ട എല്ലാ നബിമാരും, ആദംനബിയുടെ സന്തതികൾ തന്നെ. നൂഹ് നബിയുടെ കാലത്തുണ്ടായ ചരിത്രപ്രസിദ്ധമായ ജലപ്രളയ ത്തിൽ അദ്ദേഹമൊന്നിച്ച് കപ്പലിൽ കയറി രക്ഷപ്പെട്ടവരുടെ സന്തതികളിലും എല്ലാവരും

ഉൾപ്പെടുന്നു. ഇബ്റാഹീം നബിയുടെ സന്തതികളിൽ ഇസ്ഹാക്, യഅ്ക്വൂബ്, ഇസ്മാഈൽ, മൂസാ, ഹാറൂൻ, സകരിയ്യാ, യഹ്‌യാ, ഈസാ എന്നീ നബിമാർ ഉൾപ്പെടുന്നു. ഇസ്റാഈൽ എന്ന യഅ്ക്വൂബിന്റെ സന്തതികളിൽ മൂസാ, ഹാറൂൻ, സകരിയ്യാ, യഹ്‌യാ, ഈസാ عليهم السلام (എല്ലാവരിലും സമാധാനശാന്തി ഉണ്ടായിരിക്കട്ടെ!) എന്നിവരും ഉൾപ്പെടുന്നു. 'നാം സന്മാർഗം നൽകുകയും, തിരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളവർ' എന്ന് വിശേഷിപ്പിച്ചതിൽ എല്ലാവരും വീണ്ടും ഉൾപ്പെടുന്നു.

ഇപ്പറഞ്ഞ മഹാൻമാരെല്ലാം തന്നെ, അല്ലാഹുവോട് അങ്ങേഅറ്റത്തെ ഭക്തിയുള്ളവരും, അവന്റെ കൽപനകളും, സന്ദേശങ്ങളും, ദൃഷ്ടാന്തങ്ങളുമാകുന്ന ലക്ഷ്യങ്ങളിൽ പരിപൂർണ വിശ്വാസമുള്ളവരും ആയിരുന്നു. അവരുടെ വിനയാധിക്യവും, ഭയഭക്തിയും നിമിത്തം, അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ കേൾക്കുമ്പോഴേക്കും അവർ കരഞ്ഞുകൊണ്ട് സുജൂദായി വീണുപോകുമായിരുന്നു. അല്ലാഹുവിന്റെ തിരുവചനങ്ങളും ലക്ഷ്യങ്ങളും കേൾക്കുമ്പോൾ കരയുക എന്നത് അതിനോടുള്ള ബഹുമാനവും, അവനോടുള്ള ഭക്തിയുമാണ് കാണിക്കുന്നതെന്ന് സ്പഷ്ടമാണല്ലോ. ക്വുർആൻ പാരായണം ചെയ്യുമ്പോൾ കരയുന്നതിന് നബിവചനങ്ങളിൽ പ്രോൽസാഹിപ്പിക്കപ്പെട്ടിട്ടുള്ളത് ഇത് കൊണ്ടാകുന്നു.

۞ فَخَلَفَ مِنۢ بَعْدِهِمْ خَلْفٌ أَضَاعُوا۟ ٱلصَّلَوٰةَ وَٱتَّبَعُوا۟ ٱلشَّهَوَٰتِ ۖ فَسَوْفَ يَلْقَوْنَ غَيًّا ﴿٥٩﴾

**《59》 എന്നാൽ, അവരുടെ [ആ നബിമാരുടെ]ശേഷം, ഒരു (തരം) പിൻഗാമികൾ പിന്നീട് സ്ഥാനത്ത് വന്നു; അവർ നമസ്കാരം പാഴാക്കിക്കളയുകയും, സ്വേച്ഛകളെ പിൻതുടരുകയും ചെയ്തു; അതിനാൽ, അവർ ദുർമാർഗ(ഫലം) പുറകെ കണ്ടെത്തുന്നതാണ്:-**

إِلَّا مَن تَابَ وَءَامَنَ وَعَمِلَ صَـٰلِحًا فَأُو۟لَـٰٓئِكَ يَدْخُلُونَ ٱلْجَنَّةَ وَلَا يُظْلَمُونَ شَيْـًٔا ﴿٦٠﴾

**《60》 പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തവർ ഒഴികെ, അവരാകട്ടെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്; അവർ ഒട്ടുംതന്നെ അക്രമിക്കപ്പെടുന്നതുമല്ല;-**

---

《59》 فَخَلَفَ എന്നാൽ പിന്നീട് സ്ഥാനത്തുവന്നു, എന്നിട്ട് പിന്നിട്ടുണ്ടായി مِنۢ بَعْدِهِمْ അവരുടെ (ആ നബിമാരുടെ) ശേഷം خَلْفٌ ഒരു (തരം) പിൻഗാമികൾ أَضَاعُوا അവർ പാഴാക്കി الصَّلَاةَ നമസ്കാരം وَاتَّبَعُوا അവർ പിന്തുടരുകയും ചെയ്തു الشَّهَوَاتِ ദേഹേച്ഛകളെ, സ്വേച്ഛകളെ, തന്നിഷ്ടങ്ങളെ فَسَوْفَ ആകയാൽ പുറകെ, വഴിയെ يَلْقَوْنَ അവർ കണ്ടെത്തും غَيًّا ദുർമാർഗം (ദുർമാർഗഫലം) 《60》 إِلَّا مَنْ യാതൊരുവരൊഴികെ تَابَ അവർ പശ്ചാത്തപിച്ചു, ഖേദിച്ചുമടങ്ങി وَآمَنَ വിശ്വസിക്കുകയും ചെയ്തു وَعَمِلَ അവർ പ്രവൃത്തിക്കുകയും ചെയ്തു صَالِحًا സൽക്കർമം, നല്ലത് فَأُولَٰئِكَ എന്നാൽ അക്കൂട്ടർ

يَدْخُلُونَ അവർ പ്രവേശിക്കും الْجَنَّةَ സ്വർഗത്തിൽ وَلَا يُظْلَمُونَ അവർ അക്രമിക്കപ്പെടുകയുമില്ല شَيْئًا ഒട്ടും, ഒന്നും.

---

മേൽപറഞ്ഞ നബിമാരുടെ കാലങ്ങൾക്ക്ശേഷം അവരുടെ പിൻഗാമികളായി രംഗത്ത്വന്ന ഓരോ തലമുറകൾ, ആ പ്രവാചകൻമാരാൽ പ്രബോധനം ചെയ്യപ്പെട്ട സത്യമാർഗത്തിന്റെ യാഥാർത്ഥ്യങ്ങൾ വിസ്മരിച്ചു കളഞ്ഞു. അതിന്റെ സത്തയും അന്തസ്സാരവും പാഴാക്കി. അവർ തങ്ങളുടെ ദേഹേച്ഛകളെ പൂജിക്കുന്നവരായിത്തീർന്നു. ഇന്നും ആ മഹാൻമാരുടെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന കക്ഷികളുടെ നില മിക്കവാറും അത് തന്നെ. അതിന്റെ ദുരന്തഫലം അവർ അനുഭവിക്കാതിരിക്കയില്ല.

മനുഷ്യൻ എത്രതന്നെ പിഴച്ചുപോയാലും, അതിൽനിന്ന് ഖേദിച്ചു പശ്ചാത്തപിക്കുന്ന പക്ഷം, നിശ്ചയമായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കും. അവൻ കാരുണ്യവാനും കരുണാനിധിയുമാകുന്നു. പശ്ചാത്താപത്തിന്റെ അടിസ്ഥാനം ശരിയായ വിശ്വാസവും, അതിന്റെ അനിവാര്യഫലം സൽക്കർമവുമാണ്. അതിനാൽ, അത്രണ്ടും പ്രകടമാകുമ്പോഴേ പശ്ചാത്താപം യഥാർത്ഥമായിത്തീരുകയുള്ളൂ. ഇത്തരത്തിലുള്ള പശ്ചാത്താപം മൂലം, ചെയ്തുപോയ പാപങ്ങൾ പൊറുക്കപ്പെടുമെന്ന് മാത്രമല്ല, പാപം ചെയ്യാത്തവനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. 'അവർ ഒട്ടും അക്രമിക്കപ്പെടുകയില്ല' (وَلَا يُظْلَمُونَ شَيْئًا) എന്ന വാക്യത്തിൽന്നിന്ന്തന്നെ ഇത് മനസ്സിലാക്കാം. 'പാപത്തിൽനിന്ന് പശ്ചാത്തപിക്കുന്നവൻ പാപമില്ലാത്തവനെപോലെയാകുന്നു (التائب من الذنب كمن لا ذنب له) എന്ന് നബിവചനത്തിലും വന്നിട്ടുണ്ട്. അത്രയുമല്ല, പാപങ്ങളുടെ സ്ഥാനത്ത് കാരുണ്യവാനായ അല്ലാഹു പുണ്യകർമങ്ങളുടെ പ്രതിഫലം നൽകുകകൂടി ചെയ്യുന്നതാണെന്ന് സൂറത്തുൽ ഫുർഖ്വാനിൽ നമ്മെ അറിയിക്കുന്നു.

إِلَّا مَن تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَٰئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ - الفرقان ٧٠

'......പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമം പ്രവൃത്തിക്കുകയും ചെയ്തവരൊഴികെ -അവരാകട്ടെ, അവരുടെ തിന്മകളെ അല്ലാഹു നന്മകളാക്കി മാറ്റിക്കളയുന്നതാണ്.'

പ്രവാചകൻമാരുടെ മാർഗത്തിൽനിന്ന് വ്യതിചലിച്ചവരുടെ രണ്ട് ദുർഗുണങ്ങളാണ് അല്ലാഹു ഇവിടെ എടുത്തു പറഞ്ഞത്- നമസ്കാരം പാഴാക്കിയതും, സേച്ഛകളെ പിൻപറ്റിയതും, -ശ്രദ്ധേയമാകുന്നു. ആരാധനകളുടെ കഴമ്പായ നമസ്കാരം വിശ്വാസത്തിന്റെ ചൈതന്യമാകുന്നു. അതിന്റെ സാക്ഷാൽ ചൈതന്യം പോയിക്കഴിഞ്ഞാൽ മറ്റുള്ള നന്മകളെല്ലാം നഷ്ടമായിത്തീരുന്നതാണ്. നേരെമറിച്ച് പാപങ്ങളുടെയെല്ലാം നിദാനം ഇച്ഛാപൂജയല്ലാതെ മറ്റെന്താണ്?! ദൈവവിശ്വാസികളും, അല്ലാത്തവരും തമ്മിലുള്ള വ്യത്യാസവും നമസ്കാരം മുഖേനയാണ് യഥാർത്ഥീകരിക്കുന്നത്. ഒരു ദൈവത്തിൽ വിശ്വസിക്കുന്ന ഒരാൾ, അവൻ വിശ്വസിക്കുന്ന ദൈവത്തെ പ്രാർത്ഥിച്ചും, ആ ദൈവത്തെ ഭക്തിപൂർവം ആരാധിച്ചും വരുക സ്വാഭാവികമാണ്. ദൈവനിഷേധികൾക്കാകട്ടെ, സ്വേച്ഛകൾ പൂർത്തിയാക്കുകയെന്നതിൽ കവിഞ്ഞു ഒന്നും വേണ്ടതായിട്ടില്ലല്ലോ.

അതുകൊണ്ടാണ് നമസ്കാരമാകുന്ന പ്രാർത്ഥനാകർമം വിശ്വാസത്തിന്റെ സാക്ഷാൽ അടയാളമായി ഗണിക്കപ്പെട്ടിട്ടുള്ളത്. നമസ്കാരത്തിന്റെ നിർവഹണ രൂപങ്ങളിൽ, മതങ്ങൾക്കിടയിൽ വ്യത്യാസമുണ്ടെങ്കിലും, എല്ലാ മതസ്ഥരും അവരുടെ മതജീവിതത്തിന്റെ അടിസ്ഥാനം നമസ്കാരത്തിൻമേൽ കെട്ടിപ്പടുത്തു കാണാവുന്നതാണ്. ഇത് അലങ്കോ

ലപ്പെട്ടുപോകുന്നതോടുകൂടി മതപരമായ ജീവിതവും താറുമാറായിത്തീരുന്നു. ഒരാളുടെ വിശ്വാസത്തിനും അവിശ്വാസത്തിനും ഇടക്കുള്ള വരമ്പ് നമസ്കാരമാണെന്ന് നബി തിരുമേനി ﷺ അരുളിച്ചെയ്ത ഒരു ഹദീഥ് (بين العبد والكفر ترك الصلوة -مسلم) ഈ പരമാർത്ഥമാണ് ചൂണ്ടിക്കാട്ടുന്നത്.

പശ്ചാത്തപിക്കുന്നവർക്ക് യാതൊരു കുറവും കോട്ടവും പറ്റാതെ, സ്വർഗം പൂകുവാനുള്ള ഭാഗ്യം ലഭിക്കുമെന്ന് പറഞ്ഞുവല്ലോ. പ്രസ്തുത സ്വർഗത്തിന്റെ ചുരുങ്ങിയ വിവരണമാണ് അടുത്ത വചനങ്ങളിലുള്ളത്.

جَنَّٰتِ عَدۡنٍ ٱلَّتِي وَعَدَ ٱلرَّحۡمَٰنُ عِبَادَهُۥ بِٱلۡغَيۡبِۚ

**﴾61﴿ അതായത്, പരമകാരുണികൻ [അല്ലാഹു] അവന്റെ (സ്വന്തം) അടിയാന്മാരോട്, അദൃശ്യമായ നിലയിൽ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിന്റെ സ്വർഗങ്ങളിൽ (പ്രവേശിക്കും);**

إِنَّهُۥ كَانَ وَعۡدُهُۥ مَأۡتِيّٗا ﴿٦١﴾

**നിശ്ചയമായും, അവന്റെ വാഗ്ദാനം (നിറവേറ്റി) കൊടുക്കപ്പെടുന്നത് തന്നെയാകുന്നു.**

لَّا يَسۡمَعُونَ فِيهَا لَغۡوًا إِلَّا سَلَٰمٗاۖ وَلَهُمۡ رِزۡقُهُمۡ فِيهَا بُكۡرَةٗ وَعَشِيّٗا ﴿٦٢﴾

**﴾62﴿ അവർ അവിടെവെച്ച് 'സലാമ'ല്ലാതെ- നിരർത്ഥകമായ യാതൊന്നും- കേൾക്കുകയില്ല. അവർക്ക് അവിടെ, തങ്ങളുടെ ഉപജീവനം [ആഹാരം] കാലത്തും, വയ്യിട്ടും ഉണ്ടായിരിക്കുന്നതുമാണ്.**

تِلۡكَ ٱلۡجَنَّةُ ٱلَّتِي نُورِثُ مِنۡ عِبَادِنَا مَن كَانَ تَقِيّٗا ﴿٦٣﴾

**﴾63﴿ നമ്മുടെ അടിയാൻമാരിൽനിന്ന് ആർ ഭയഭക്തരായിരുന്നുവോ അവർക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുന്ന സ്വർഗമത്രെ, അത്.**

---

﴾61﴿ جَنَّاتِعَدۡنٍ (അതായത്) സ്ഥിരവാസത്തിന്റെ സ്വർഗങ്ങൾ الَّتِي യാതൊരുവിധമുള്ള وَعَدَالرَّحۡمَٰنُ റഹ്മാൻ (പരമകാരുണികൻ) വാഗ്ദാനം ചെയ്തിരിക്കുന്നു عِبَادَهُ അവന്റെ അടിയാൻമാരോട് بِالۡغَيۡبِ അദൃശ്യമായ (കാണപ്പെടാത്ത) നിലയിൽ إِنَّهُ كَانَ നിശ്ചയമായും ആകുന്നു وَعۡدُهُ അവന്റെ വാഗ്ദാനം مَأۡتِيًّا നൽകപ്പെടുന്നത്, കൊടുക്കപ്പെടുന്നത്. ﴾62﴿ لَايَسۡمَعُونَ അവർ കേൾക്കയില്ല فِيهَا അതിൽ, അവിടെവെച്ച് لَغۡوًا ഒരു നിരർത്ഥവും, അനാവശ്യവും إِلَّا سَلَامًا 'സലാമല്ലാതെ, സമാധാനശാന്തിയ

ല്ലാതെ وَلَهُمْ അവർക്കുണ്ടായിരിക്കുകയും ചെയ്യും رِزْقُهُمْ അവരുടെ ആഹാരം, ഉപജീവ നം, ജീവിത വിഭവം فِيهَا അതിൽ, അവിടത്തിൽ بُكْرَةً രാവിലെ, കാലത്ത് وَعَشِيًّا വൈകുന്നേരവും, വയ്യിട്ടും ﴾63﴿ تِلْكَ അത് (അപ്പറഞ്ഞത്) الْجَنَّةُ സ്വർഗമാകുന്നു الَّتِي യാതൊരു (സ്വർഗം) نُورِثُ നാം അവകാശപ്പെടുത്തികൊടുക്കും مِنْ عِبَادِنَا നമ്മുടെ അടിയാൻമാരിൽനിന്ന് مَنْ كَانَ ആയിട്ടുള്ളവന് تَقِيًّا ഭയഭക്തൻ, സൂക്ഷ്മതയുള്ളവൻ.

---

അല്ലാഹുവിന്റെ പ്രീതിക്ക് പാത്രീഭവിക്കുന്ന ഭയഭക്തൻമാരായ അവന്റെ അടിയാൻമാർക്ക് അവൻ വാഗ്ദാനം ചെയ്ത സ്വർഗത്തിൽ- അത് നേരിൽ കാണാതെത്തന്നെ- അവർ വിശ്വസിക്കുകയും, ആ മഹാഭാഗ്യസിദ്ധിക്ക്വേണ്ടി പരിശ്രമിക്കുകയും ചെയ്തു. കേവലം അദൃശ്യമെന്നുവെച്ച് അവർ അത് അവഗണിച്ചില്ല. അതിനാൽ സർവ സുഖസമ്പൂർണമായ നിലയിൽ അതവർക്ക് അല്ലാഹു അവകാശപ്പെടുത്തിയിരിക്കയാണ്. അനാവശ്യങ്ങളോ, അസഭ്യങ്ങളോ ആയ ഒരു ശബ്ദവും അവർ അവിടെ കേൾക്കേണ്ടിവരികയില്ല. എവിടെയും- മലക്കുകളിൽ നിന്നും തമ്മതമ്മിലുമായി- ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമാകുന്ന സലാം മാത്രമായിരിക്കും അവരെ സ്വാഗതം ചെയ്യുക. ഇഹത്തിലും, പരത്തിലുമെല്ലാം തന്നെ, മനുഷ്യന് ഏറ്റവുമധികം ആനന്ദപ്രദമായി സമാധാനമല്ലാതെ മറ്റെന്താണുള്ളത്?! അതുകൊണ്ടുതന്നെയാണ്, മുസ്ലിംകൾ തമ്മിൽ കാണുമ്പോഴും, നമസ്കാരത്തിലുമൊക്കെ സലാമിന്റെ വിവിധ രൂപങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളതും.

ഭക്ഷണപാനീയങ്ങൾ തുടങ്ങിയ ജീവിത വിഭവങ്ങൾ നിരന്തരമായും, പരിപൂർണമായും അവർക്കവിടെ ലഭിക്കുന്നു. അവർ ഇച്ഛിക്കുകയും, ആഗ്രഹിക്കുകയും ചെയ്യുന്നതെന്തോ അതെല്ലാം അവർക്കവിടെയുണ്ട്. وَلَكُمْ فِيهَا مَا تَشْتَهِي أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ - فصلت : ٣١ (നിങ്ങൾ എന്ത് ഇച്ഛിക്കുന്നുവോ അത് നിങ്ങൾക്ക് അവിടെയുണ്ട്. നിങ്ങൾ എന്ത് ആവശ്യപ്പെടുന്നുവോ അതും നിങ്ങൾക്ക് അവിടെയുണ്ട്.) 'കാലത്തും വയ്യിട്ടും' എന്നുപറഞ്ഞതിന്റെ താൽപര്യം നിത്യവും നിരന്തരവും എന്നത്രെ.

മുൻകഴിഞ്ഞുപോയ പ്രവാചകൻമാരിൽ പലരുടെയും ചരിത്രങ്ങൾ വിവരിച്ചു. പിന്നീട് അവരുടെ പിൻഗാമികളുടെ നിലപാടുകളും വിവരിച്ചു. തുടർന്നുകൊണ്ട് പാപങ്ങളിൽ നിന്ന് പശ്ചാത്തപിച്ചു സൽക്കർമം പ്രവർത്തിക്കുന്നവരുടെ മഹത്തായ പ്രതിഫലത്തെപ്പറ്റി ഉണർത്തുകയും ചെയ്തു. അടുത്തതായി പ്രവാചകൻമാർക്ക് ദിവ്യസന്ദേശങ്ങൾ കൊണ്ടുവരുന്ന മലക്കുകൾ വരുന്നത് അല്ലാഹുവിന്റെ കൽപനപ്രകാരം മാത്രമാണെന്നും, പ്രവാചകൻമാർ ആശിക്കുമ്പോഴെല്ലാം അത് ലഭിക്കുന്നതല്ലെന്നും വ്യക്തമാക്കിക്കൊണ്ട് നബിﷺയെ സമാശ്വസിപ്പിക്കുകയാണ്. ഒരവസരത്തിൽ നബി തിരുമേനിﷺക്ക് വഹ്യ് (ദിവ്യസന്ദേശം) വരുവാൻ സാധാരണയിൽ കവിഞ്ഞു താമസിക്കുകയുണ്ടായി. പ്രസ്തുത ഭാഗ്യം എപ്പോഴും സിദ്ധിച്ചുകൊണ്ടിരിക്കുവാൻ സ്വാഭാവികമായും ആശിച്ചുകൊണ്ടിരിക്കുന്ന തിരുമേനിക്ക് അതിനാൽ മനഃക്ലേശം നേരിട്ടു. അതിനും പുറമെ മുശ്രിക്കുകളുടെ പരിഹാസവാക്കുകളും കേട്ടപ്പോൾ മനോദുഃഖം അധികമാകുകയും, ആവേശം വർദ്ധിക്കുകയും ചെയ്തു. അടുത്ത പ്രാവശ്യം ജിബ്രീൽ (അ) വന്നപ്പോൾ തിരുമേനി ചോദിച്ചു: 'ഇപ്പോൾ സന്ദർശിച്ചു കൊണ്ടിരിക്കുന്നതിലും കൂടുതലായി നമ്മെ സന്ദർശിക്കുന്നതിന്ന് താങ്കൾക്കെന്താണ് മുടക്കം?!' (ما يمنعك ان تزورنا اكثر مما تزورنا؟)

ഇതിനെത്തുടർന്നു ജനങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടുന്ന ഒരു വലിയ തത്വം അടക്കം ചെയ്തുകൊണ്ടുള്ള താഴെ കാണുന്ന വചനം- മലക്കിന്റെ ഭാഷയിലായി -അല്ലാഹു അവതരിപ്പിച്ചു:-

وَمَا نَتَنَزَّلُ إِلَّا بِأَمْرِ رَبِّكَ لَهُۥ مَا بَيْنَ أَيْدِينَا وَمَا خَلْفَنَا وَمَا بَيْنَ ذَٰلِكَ وَمَا كَانَ رَبُّكَ نَسِيًّا ﴿٦٤﴾

**《64》 (നബിയേ,) തന്റെ രക്ഷിതാവിന്റെ കൽപനപ്രകാരമല്ലാതെ ഞങ്ങൾ [മലക്കുകൾ] ഇറങ്ങുന്നില്ല; നമ്മുടെ മുന്നിലുള്ളതും, പിന്നിലുള്ളതും, അതിനിടയിലുള്ളതും (എല്ലാം) അവന്റെത്തന്നെ; തന്റെ രക്ഷിതാവ് വിസ്മരിക്കുന്നവനല്ല;**

رَّبُّ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا فَٱعْبُدْهُ وَٱصْطَبِرْ لِعِبَـٰدَتِهِۦ ۚ هَلْ تَعْلَمُ لَهُۥ سَمِيًّا ﴿٦٥﴾

**《65》 '(അവൻ) ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയുടെ ഇടയിലുള്ളതിന്റെയും റബ്ബാകുന്നു. അതിനാൽ, അവനെ (മാത്രം) നീ ആരാധിച്ചുകൊള്ളുക; അവനെ ആരാധിക്കുന്നതിൽ സഹനമെടുക്കുകയും ചെയ്തുകൊള്ളുക. അവനോട് പേരൊത്ത വല്ലവരെയും താൻ അറിയുമോ?! [ഇല്ല.]'**

---

《64》 وَمَانَتَنَزَّلُ ഞങ്ങൾ ഇറങ്ങുന്നില്ല إِلا بِأَمْرِ കൽപന പ്രകാരമല്ലാതെ رَبِّكَ നിന്റെ റബ്ബിന്റെ لَهُ അവന്റെതാണ്, അവന്നാണ് مَابَيْنَ أَيْدِينَا നമ്മുടെ മുന്നിലുള്ളത് وَمَاخَلْفَنَا നമ്മുടെ പിന്നിലുള്ളതും وَمَابَيْنَ ذَٰلِكَ അതിന്റെ ഇടയിലുള്ളതും وَمَاكَانَ അല്ല, ആയിട്ടില്ല رَبُّكَ നിന്റെ റബ്ബ്, തന്റെ റബ്ബ് نَسِيًّا മറക്കുന്നവൻ, മറതിക്കാരൻ. 《65》 رَبُّ السَّمَاوَاتِ ആകാശങ്ങളുടെ റബ്ബാണ് وَالأَرْضِ ഭൂമിയുടെയും وَمَابَيْنَهُمَا അവ രണ്ടിനുമിടയിലുള്ളതിന്റെയും فَاعْبُدْهُ ആകയാൽ നീ അവനെ ആരാധിക്കുക وَاصْطَبِرْ സഹനമെടുക്കുക (ക്ഷമ സ്വീകരിക്കുക)യും ചെയ്യുക لِعِبَادَتِهِ അവനെ ആരാധിക്കുന്നതിൽ, അവനെ ആരാധിക്കുന്നതിനായി هَلْ تَعْلَمُ നീ അറിയുമോ, നിനക്കറിയാമോ لَهُ അവന് سَمِيًّا പേരൊത്തവനെ, തുല്യനെ, നാമധാരിയെ

---

ആകാശഭൂമികളെയും, അവയ്ക്കിടയിൽ സ്ഥിതിചെയ്യുന്ന മറ്റു വസ്തുക്കളെയും സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിച്ചുവരുന്ന രക്ഷിതാവ്, പ്രപഞ്ചകാര്യങ്ങളുടെ നിയന്താവ് എന്നിങ്ങനെയുള്ള നാമത്തിന് അർഹൻ തന്റെ റബ്ബായ അല്ലാഹുവാണല്ലോ. ഈ പേരിനോ, അല്ലെങ്കിൽ അവന്റെ ഉൽകൃഷ്ടഗുണങ്ങളെ വർണിച്ചു കാണിക്കുന്ന മറ്റേതെങ്കിലും നാമങ്ങൾക്കോ അർഹതയുള്ള വേറെ വല്ലവരെയും തനിക്ക് അറിയാമോ? ഇല്ലെന്ന് തീർച്ചയാണ്. അതുകൊണ്ട് അവനെ മാത്രമേ ആരാധിക്കാവൂ. ആ വിഷയത്തിൽ നേരിട്ടേക്കുന്ന എല്ലാ പ്രതിബന്ധങ്ങളെയും, വിഷമങ്ങളെയും സഹനപൂർവം തരണം ചെയ്തു

മുന്നോട്ടുപോയിക്കൊണ്ടിരിക്കണം എന്ന് സാരം. പ്രത്യക്ഷത്തിൽ, ഈ കൽപന നബി ﷺ യെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും, സമുദായത്തിലെ ഓരോ വ്യക്തിയെയും ഉദ്ദേശിച്ചുള്ളതാണെന്ന് വ്യക്തമാണ്. പ്രപഞ്ചകർത്താവായ അല്ലാഹുവിനെ മാത്രം ആരാധിക്കുക, അതിൽ നേരിടുന്ന എല്ലാ ബുദ്ധിമുട്ടുകളെയും സഹനത്തോടെ തരണം ചെയ്യുക എന്നിങ്ങിനെ രണ്ട് കാര്യമാണ് ഈ കൽപനയിൽ അടങ്ങിയിരിക്കുന്നത്. വാസ്തവത്തിൽ, ഈ രണ്ട് കാര്യങ്ങളിൽ ഐഹികവും പാരത്രികവുമായ എല്ലാ നന്മകളും അടങ്ങിയിട്ടുണ്ടെന്ന് പറയാം.

## വിഭാഗം - 5

وَيَقُولُ ٱلْإِنسَـٰنُ أَءِذَا مَا مِتُّ لَسَوْفَ أُخْرَجُ حَيًّا ﴿٦٦﴾

﴿66﴾ **മനുഷ്യൻ പറയുന്നു: 'ഞാൻ മരണപ്പെട്ടുപോയാലുണ്ടോ, ജീവനുള്ളവനായി പിന്നെ പുറത്തുകൊണ്ടുവരപ്പെടുന്നു?! [അത് സംഭവ്യമല്ല]' എന്ന്.**

أَوَلَا يَذْكُرُ ٱلْإِنسَـٰنُ أَنَّا خَلَقْنَـٰهُ مِن قَبْلُ وَلَمْ يَكُ شَيْـًٔا ﴿٦٧﴾

﴿67﴾ **മനുഷ്യൻ ഓർക്കുന്നില്ലേ: താൻ യാതൊന്നുംതന്നെ ആയിരുന്നില്ലാത്ത ഘട്ടത്തിൽ, മുമ്പ് അവനെ നാം പടച്ചുണ്ടാക്കിയിരിക്കുന്നു എന്ന്?!**

فَوَرَبِّكَ لَنَحْشُرَنَّهُمْ وَٱلشَّيَـٰطِينَ ثُمَّ لَنُحْضِرَنَّهُمْ حَوْلَ جَهَنَّمَ جِثِيًّا ﴿٦٨﴾

﴿68﴾ **(നബിയേ,) എന്നാൽ, നിന്റെ റബ്ബ് തന്നെയാണ (സത്യം)! നിശ്ചയമായും, അവരെയും (എല്ലാ) 'ചെകുത്താൻമാരെ' [പിശാചുക്കളെ]യും നാം ഒരുമിച്ചുകൂട്ടുന്നതാണ്; പിന്നീട്, അവരെ മുട്ടുകുത്തിയവരായ നിലയിൽ, നരകത്തിന് ചുറ്റും നാം ഹാജരാക്കുകയും ചെയ്യും.**

ثُمَّ لَنَنزِعَنَّ مِن كُلِّ شِيعَةٍ أَيُّهُمْ أَشَدُّ عَلَى ٱلرَّحْمَـٰنِ عِتِيًّا ﴿٦٩﴾

﴿69﴾ **പിന്നീട്, പരമകാരുണികനായുള്ളവനോട് കൂടുതൽ ധിക്കാരം കഠിനമായിരുന്നവരേതോ അവരെ, എല്ലാ കക്ഷികളിൽനിന്നും നാം വേർതിരിക്കുന്നതുമാകുന്നു.**

ثُمَّ لَنَحْنُ أَعْلَمُ بِٱلَّذِينَ هُمْ أَوْلَىٰ بِهَا صِلِيًّا ﴿٧٠﴾

﴿70﴾ **പിന്നെ, അതിൽ [നരകത്തിൽ]കടന്ന് എരിയുവാൻ അവരിൽ ഏറ്റവും അർഹതയുള്ളവരെക്കുറിച്ച് നാം നല്ലവണ്ണം അറിയുന്നവനാകുന്നു.**

﴾66﴿ وَيَقُولُ പറയും, പറയുന്നു ٱلْإِنسَٰنُ മനുഷ്യൻ أَءِذَا مَا مِتُّ ഞാൻ മരിച്ചുപോയാലുണ്ടോ, ഞാൻ മരണപ്പെട്ടിട്ടാണോ لَسَوْفَ തീർച്ചയായും പിന്നീട് أُخْرَجُ ഞാൻ പുറത്തുകൊണ്ടുവരപ്പെടുന്നു حَيًّا ജീവനുള്ളവനായി ﴾67﴿ أَوَلَا يَذْكُرُ ഓർക്കുന്നില്ലേ ٱلْإِنسَٰنُ മനുഷ്യൻ أَنَّا خَلَقْنَٰهُ നാം അവനെ സൃഷ്ടിച്ചു (പടച്ചു)ണ്ടാക്കി എന്ന് مِن قَبْلُ മുമ്പ് وَلَمْ يَكُ അവൻ ആയിരുന്നില്ലാത്തപ്പോൾ, അവൻ ആയിരുന്നതുമില്ല شَيْـًٔا ഒരു വസ്തുവും, യാതൊന്നും ﴾68﴿ فَوَرَبِّكَ എന്നാൽ നിന്റെ റബ്ബ് തന്നെയാണ لَنَحْشُرَنَّهُمْ നിശ്ചയമായും നാം അവരെ ഒരുമിച്ചുകൂട്ടും وَٱلشَّيَٰطِينَ പിശാചുക്കളെയും, ചെകുത്താൻമാരെയും ثُمَّ പിന്നെ, പിന്നീട് لَنُحْضِرَنَّهُمْ നിശ്ചയമായും നാം അവരെ ഹാജരാക്കും حَوْلَ جَهَنَّمَ 'ജഹന്നമി'ന് (നരകത്തിന്) ചുറ്റും جِثِيًّا മുട്ടുകുത്തിയവരായിക്കൊണ്ട്. ﴾69﴿ ثُمَّ പിന്നെ لَنَنزِعَنَّ നിശ്ചയമായും നാം വേർതിരിക്കും, നീക്കി എടുക്കും مِن كُلِّ شِيعَةٍ എല്ലാ കക്ഷിയിൽ നിന്നും أَيُّهُمْ അവരിൽ ഏതുകൂട്ടരാണോ (അവരെ) أَشَدُّ കൂടുതൽ കഠിനമായവർ عَلَى ٱلرَّحْمَٰنِ പരമകാരുണികനോട് عِتِيًّا ധിക്കാരം ﴾70﴿ ثُمَّ പിന്നെ لَنَحْنُ തീർച്ചയായും നാം أَعْلَمُ നല്ലപോലെ അറിയുന്നവനാണ് بِٱلَّذِينَ ഒരു കൂട്ടരെപ്പറ്റി هُمْ അവർ أَوْلَىٰ കൂടുതൽ അർഹതയുള്ളവരാണ്, കൂടുതൽ ബന്ധപ്പെട്ടവരാണ് بِهَا അതിന്, അതിനോട് صِلِيًّا കടന്നെരിയുവാൻ, കടന്നെരിയുന്നതിന്

---

അല്ലാഹുവിലും, പരലോക ജീവിതത്തിലും വിശ്വാസമില്ലാത്തവരെ ഇരുത്തിച്ചിന്തിപ്പിക്കത്തക്ക ഒരു ചോദ്യമാണ് 67-ാം വചനത്തിൽ കാണുന്ന ചോദ്യം. അതെ, മനുഷ്യൻ യാതൊന്നും തന്നെ അല്ലാതിരുന്ന ഘട്ടത്തിൽ, മുമ്പ് അവനെ നാം സൃഷ്ടിച്ചുണ്ടാക്കിയിരിക്കുന്നുവെന്ന് അവൻ ഓർക്കുന്നില്ലേ?!' ഒരു പക്ഷേ, പെട്ടെന്ന് വല്ലവരും ഉത്തരം പറഞ്ഞേക്കും: 'ഞാൻ എന്റെ മാതാപിതാക്കളിൽ ജനിച്ചവനാണല്ലോ' എന്ന്. അല്ലെങ്കിൽ 'ഇന്ദ്രിയത്തിൽ നിന്നുണ്ടായി' എന്നോ, 'മണ്ണിൽനിന്ന് ഉൽഭൂതനായി' എന്നോ മറ്റോ പറഞ്ഞേക്കാം. എന്നാൽ, ഓരോരുത്തന്റെയും ഉൽഭവത്തെപ്പറ്റി പിന്നോട്ട് പിന്നോട്ട് കടന്നുചെന്നു പരിശോധിക്കുമ്പോൾ, നമ്മുടെ ബുദ്ധി- നിഷ്പക്ഷമായി ചിന്തിക്കുന്നവരുടെ ബുദ്ധി- ഒടുക്കം ഒരു ശുദ്ധശൂന്യതയിൽ ചെന്നെത്താതിരിക്കാൻ നിവൃത്തിയില്ല. അതെ, അങ്ങനെതികച്ചും ശുദ്ധമായ ഒരവസ്ഥയിൽ നിന്നാണ് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. ഈ ബോധം അവന് വരുന്നില്ലെങ്കിൽ അവന്റെ കാര്യം നിരാശാജനകംതന്നെ. ഈ ഓർമ അവനുണ്ടാകുന്നപക്ഷം, അവൻ തന്റെ സ്രഷ്ടാവിലും, ഭാവിജീവിതത്തിലുമെല്ലാം വിശ്വസിക്കാതിരിക്കുകയില്ല താനും.

وَإِن مِّنكُمْ إِلَّا وَارِدُهَا ۚ كَانَ عَلَىٰ رَبِّكَ حَتْمًا مَّقْضِيًّا ﴿٧١﴾

**﴾71﴿ അതിനടുക്കൽ [നരകത്തിങ്കൽ] വരുന്നവരല്ലാതെ നിങ്ങളിൽ (ആരും) ഇല്ല; അത് [അക്കാര്യം] നിന്റെ റബ്ബിന്റെ അടുക്കൽ അനിവാര്യവും, തീരുമാനിക്കപ്പെട്ടതുമാകുന്നു.**

ثُمَّ نُنَجِّى ٱلَّذِينَ ٱتَّقَوا۟ وَّنَذَرُ

**﴾72﴿ പിന്നീട് സൂക്ഷിച്ചുവന്നിട്ടുള്ളവരെ [സജ്ജനങ്ങളെ] നാം രക്ഷപ്പെടുത്തുകയും, അക്രമകാരികളെ മുട്ടു**

ٱلظَّـٰلِمِينَ فِيهَا جِثِيًّا ﴿٧٢﴾

കുത്തിയവരായിക്കൊണ്ട് അതിൽതന്നെ വിട്ടേക്കുന്നതുമാണ്.

കാന് كَانَ അതിനടുക്കൽ വരുന്നവരല്ലാതെ إِلَّا وَارِدُهَا നിങ്ങളിൽ ഇല്ല وَإِن مِّنكُمْ ﴿71﴾
അതാകുന്നു, അതായിരിക്കുന്നു عَلَىٰ رَبِّكَ നിന്റെ റബ്ബിന്റെ അടുക്കൽ حَتْمًا അനിവാര്യം,
(ഒഴിവില്ലാത്തത്) مَّقْضِيًّا തീരുമാനം ചെയ്യപ്പെട്ടത്, വിധിക്കപ്പെട്ടത് ﴿72﴾ ثُمَّ പിന്നീട്
نُنَجِّي നാം രക്ഷപ്പെടുത്തുന്നതാണ് الَّذِينَ യാതൊരു കൂട്ടരെ اتَّقَوا അവർ സൂക്ഷിച്ചുവ
ന്നു, കാത്തുസൂക്ഷിച്ചു (ഭയഭക്തികാണിച്ചു) وَنَذَرُ നാം വിട്ടേക്കുകയും ചെയ്യും الظَّالِمِينَ
അക്രമികളെ فِيهَا അതിൽ جِثِيًّا മുട്ടുകുത്തിയവരായിക്കൊണ്ട്

എല്ലാവരെയും അല്ലാഹു നരകത്തിന് ചുറ്റും ഹാജരാക്കുന്നു. അനന്തരം ദോഷബാധയെ സൂക്ഷിച്ചുവന്ന ഭയഭക്തൻമാരെ അതിൽ അകപ്പെടാതെ രക്ഷപ്പെടുത്തുകയും, കുറ്റവാളികളെ അതിൽ കടത്തി ശിക്ഷിക്കുകയും ചെയ്യുന്നു. നരകത്തിലെ അതിഭയങ്കരമായ കാഴ്ചകൾ, ചുറ്റുപാടും നിന്ന് നോക്കിക്കണ്ടറിഞ്ഞശേഷം, സൽഭാഗ്യവാൻമാർ അവരുടെ വിശ്വാസത്തിന്റെയും, കർമത്തിന്റെയും നിലപാടനുസരിച്ചുള്ള വേഗതയിൽ, അവിടെനിന്ന് രക്ഷപ്പെട്ടു സ്വർഗത്തിൽ പ്രവേശിക്കുന്നു. മിന്നൽവേഗത്തിൽ, വായുവേഗത്തിൽ, പക്ഷികളുടെ വേഗതയിൽ, കുതിരയുടെ വേഗതയിൽ ഇങ്ങനെ വിവിധ നിലയിലായിരിക്കും അവർ സ്വർഗത്തിൽ പ്രവേശിക്കുകയെന്ന് നബി വചനങ്ങളിൽ വന്നിട്ടുണ്ട്. ദുർഭാഗ്യവാൻമാരാകട്ടെ, നരകത്തിൽനിന്ന് രക്ഷകിട്ടാതെ അതിൽ വീണു കരിയുകയും അവരവരുടെ അന്ധതയുടെയും, ധിക്കാരത്തിന്റെയും തോതനുസരിച്ച് ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَـٰتُنَا بَيِّنَـٰتٍ قَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوٓا۟ أَىُّ ٱلْفَرِيقَيْنِ خَيْرٌ مَّقَامًا وَأَحْسَنُ نَدِيًّا ﴿٧٣﴾

﴿73﴾ വ്യക്തമായ തെളിവുകളായിക്കൊണ്ട് നമ്മുടെ ലക്ഷ്യങ്ങൾ അവർക്ക് ഓതികേൾപ്പിക്കപ്പെടുന്നതായാൽ, അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പറയുന്നതാണ്: 'രണ്ടിൽ ഏത്വിഭാഗക്കാരാണ്, ഏറ്റവും നല്ല സ്ഥാനമുള്ളവരും, കൂടുതൽ ഭംഗിയുള്ള സഭക്കാരും?!' എന്ന്

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هُمْ أَحْسَنُ أَثَـٰثًا وَرِءْيًا ﴿٧٤﴾

﴿74﴾ എത്ര തലമുറകളെയാണ് ഇവരുടെ മുമ്പ് നാം നശിപ്പിച്ചുകളഞ്ഞിട്ടുള്ളത്! അവരാകട്ടെ, സാധന സാമഗ്രികളിലും, കാൺമാനും (ഇവരെക്കാൾ) മെച്ചപ്പെട്ടവരുമായിരുന്നു.

അവർക്ക് عَلَيْهِمْ ഓതികേൾപ്പിക്കപ്പെട്ടാൽ, ഓതിക്കൊടുക്കപ്പെട്ടാൽ وَإِذَا تُتْلَىٰ ﴿73﴾
പറയുന്ന قَالَ വ്യക്തമായ തെളിവുകളായിക്കൊണ്ട് بَيِّنَاتٍ നമ്മുടെ ലക്ഷ്യങ്ങൾ آيَاتُنَا

താണ് الَّذِينَ كَفَرُوا അവിശ്വസിച്ചവർ لِلَّذِينَ آمَنُوا വിശ്വസിച്ചവരോട് أَيُّ الْفَرِيقَيْنِ രണ്ടു വിഭാഗത്തിൽ ഏതാണ്, രണ്ടിൽ ഏത് സംഘമാണ് خَيْرٌ നല്ലത്, കൂടുതൽ നല്ലത് مَقَامًا സ്ഥാനത്തിൽ وَأَحْسَنُ കൂടുതൽ മെച്ചപ്പെട്ടതും, ഭംഗിയുള്ളതും نَدِيًّا സഭ, യോഗം, സഭയിൽ ﴾74﴿ وَكَمْ എത്ര, എത്രയോ أَهْلَكْنَا നാം നശിപ്പിച്ചിരിക്കുന്നു قَبْلَهُمْ അവരുടെ മുമ്പ് مِنْ قَرْنٍ തലമുറകളെ, തലമുറയിൽനിന്ന് هُمْ അവർ أَحْسَنُ നല്ലവർ, മെച്ചപ്പെട്ടവരാണ് أَثَاثًا സാധനസാമഗ്രികൾ, ഉപകരണങ്ങൾ وَرِئْيًا കാൺമാനും, കാഴ്ചയിലും

---

ഭൗതികമായ സ്വാധീനശക്തിയോ, സുഖസൗകര്യങ്ങളോ രൂപ ലാവണ്യങ്ങളോ ഒന്നും തന്നെ നമ്മുടെ ശിക്ഷണ നടപടികളിൽ നിന്ന് അവരെ രക്ഷപ്പെടുത്തുവാൻ പര്യാപ്തമായില്ല, എന്ന് സാരം.

قُلْ مَن كَانَ فِي ٱلضَّلَٰلَةِ فَلْيَمْدُدْ لَهُ ٱلرَّحْمَٰنُ مَدًّا ۚ حَتَّىٰٓ إِذَا رَأَوْا۟ مَا يُوعَدُونَ إِمَّا ٱلْعَذَابَ وَإِمَّا ٱلسَّاعَةَ فَسَيَعْلَمُونَ مَنْ هُوَ شَرٌّ مَّكَانًا وَأَضْعَفُ جُندًا ﴿٧٥﴾

**﴾75﴿ (നബിയേ) പറയുക: 'വല്ലവനും ദുർമാർഗത്തിലായിരിക്കുകയാണെങ്കിൽ, പരമകാരുണികനായുള്ളവൻ അവന് അയച്ചയച്ചുകൊടുത്തുകൊള്ളട്ടെ!' -അങ്ങനെ, തങ്ങൾക്ക് താക്കീത് നൽകപ്പെടുന്നത്- ഒന്നുകിൽ ശിക്ഷ, അല്ലെങ്കിൽ അന്ത്യസമയം- അവർ കാണുമ്പോൾ.**

**ആരാണ് സ്ഥാനം (കൂടുതൽ) ചീത്തയായവരെന്നും, സംഘം കൂടുതൽ ബലഹീനമായവരെന്നും അവർ അറിഞ്ഞുകൊള്ളും!**

وَيَزِيدُ ٱللَّهُ ٱلَّذِينَ ٱهْتَدَوْا۟ هُدًى ۗ وَٱلْبَٰقِيَٰتُ ٱلصَّٰلِحَٰتُ خَيْرٌ عِندَ رَبِّكَ ثَوَابًا وَخَيْرٌ مَّرَدًّا ﴿٧٦﴾

**﴾76﴿ സൻമാർഗത്തിൽ ചരിക്കുന്നവന് അല്ലാഹു സന്മാർഗം [സൻമാർഗബോധം] വർദ്ധിപ്പിക്കുന്നതാണ്. നല്ല നല്ല ശാശ്വതകർമങ്ങൾ, നിന്റെ രക്ഷിതാവിന്റെ അടുക്കൽ ഉത്തമമായ പ്രതിഫലമുള്ളതും, ഉത്തമമായ പരിണാമഫലമുള്ളതുമാകുന്നു.**

---

﴾75﴿ قُلْ നീ പറയുക مَنْ كَانَ ആരെങ്കിലും ആയെങ്കിൽ فِي الضَّلَالَةِ ദുർമാർഗത്തിൽ, വഴിപിഴവിൽ فَلْيَمْدُدْ അയച്ചുകൊടുത്തുകൊള്ളട്ടെ لَهُ അവന് الرَّحْمَٰنُ പരമകാരുണികൻ مَدًّا ഒരു അയച്ചുകൊടുക്കൽ (അയച്ചയച്ചു) حَتَّىٰ അങ്ങനെ (ഇതുവരെ) إِذَا رَأَوْا അവർ കാണുന്നതായാൽ, കാണുമ്പോൾ مَا يُوعَدُونَ അവരോട് താക്കീത് ചെയ്യപ്പെടുന്നത് إِمَّا الْعَذَابَ ഒന്നുകിൽ ശിക്ഷയെ وَإِمَّا السَّاعَةَ ഒന്നുകിൽ (അല്ലെങ്കിൽ) അന്ത്യസമയത്തെ فَسَيَعْلَمُونَ അപ്പോൾ അവർ അറിഞ്ഞുകൊള്ളും مَنْ ആരാണ്, ഏത്കൂട്ടരാണ് هُوَ അവർ

(അക്കൂട്ടർ) അവൻ شَرٌّ ചീത്തയായവർ, മോശപ്പെട്ടവർ مَكَانًا സ്ഥാനം, സ്ഥാനത്തിൽ وَأَضْعَفُ കൂടുതൽ ദുർബ്ബലരും, ശക്തി കുറഞ്ഞവരും جُندًا സംഘം, പട്ടാളം (ജനസ്വാധീനം) ﴾76﴿ وَيَزِيدُ اللَّهُ അല്ലാഹു വർദ്ധിപ്പിക്കും الَّذِينَ اهْتَدَوْا സന്മാർഗത്തിൽ ചരിക്കുന്നവർക്ക്, സന്മാർഗം പ്രാപിച്ചവർക്ക് هُدًى സൻമാർഗം (സൻമാർഗബോധം) وَالْبَاقِيَاتُ ശാശ്വത കർമങ്ങൾ, നിലനിൽക്കുന്നവ الصَّالِحَاتُ നല്ലവ خَيْرٌ ഉത്തമമാണ്, നല്ലതാണ് عِندَ رَبِّكَ നിന്റെ റബ്ബിന്റെ അടുക്കൽ ثَوَابًا പ്രതിഫലം وَخَيْرٌ ഉത്തമവും, നല്ലതും مَّرَدًّا പരിണാമം, മടക്കം, പര്യവസാനം

---

ഹിജ്റഃയുടെ മുമ്പ് മദ്ധ്യദശയിൽ അവതരിച്ച സൂറത്തുകളിൽ ഒന്നാണ് ഈ അദ്ധ്യായം. സത്യപ്രബോധനത്തിൽ വിശ്വസിക്കുന്നവർ അന്ന് ഭൗതികമായ കഴിവുകളൊന്നുമില്ലാത്ത ദുർബ്ബലരായിരുന്നു. നിഷേധകൻമാരുടെ നിലയാകട്ടെ, നേരെമറിച്ചും. ഐഹികമായ എല്ലാ സുഖസൗകര്യങ്ങളും അവർക്കുണ്ട്. നബി തിരുമേനിﷺയും സ്വഹാബികളും സമ്മേളിക്കുന്ന സദസ്സ് കേവലം ചെറുതാണ്. പേരും പ്രശസ്തിയുമില്ലാത്ത കുറേ സാധുക്കളാണ് അതിൽ പങ്കുകൊണ്ടിരുന്നത്. അതേ അവസരത്തിൽ ക്വുറൈശികൾ 'ദാറുന്നദ്‌വ'ത്തിൽ ***(*)*** ചേരുന്ന യോഗങ്ങളാകട്ടെ, കുബേരൻമാരുടെയും, നേതാക്കളുടെയും മഹാസമ്മേളനങ്ങളുമാണ്. സാധനസാമഗ്രികളിലും, ബാഹ്യമായ ആഢംബരമോടികളിലും അവരുടെ നില ഉന്നതമായിരുന്നു.

തൽഫലമായി, വിശുദ്ധ ക്വുർആനിൽ സത്യവിശ്വാസികൾക്ക് നൽകപ്പെടുന്ന സന്തോഷവാർത്തകൾ കേൾക്കുമ്പോൾ, അവിശ്വാസികൾ പരിഹസിക്കുകയും, അഹങ്കാരപൂർവ്വം പലതും പറയുകയും ചെയ്തിരുന്നു. അക്കൂട്ടത്തിൽ പെട്ടതാണ് മേൽ പ്രസ്താവിച്ച ചോദ്യങ്ങളും. ആർക്കാണ് കൂടുതൽ പ്രതാപവും സ്വാധീനവുമുള്ളത്? ആരുടെ സദസ്സാണ് കൂടുതൽ അന്തസ്സുള്ളത്? എന്നിങ്ങനെ പലതും. ഇത്തരം വാക്കുകൾ ഇന്നും ചില ആളുകൾ സദ്‌വൃത്തരായ ആളുകളെക്കുറിച്ച് പറഞ്ഞുകേൾക്കാറുള്ളതാണ്. ഇങ്ങനെയുള്ളവരെ സംബന്ധിച്ച് അല്ലാഹു പറഞ്ഞതിന്റെ സാരം ഇതാകുന്നു: അല്ലാഹുവിന്റെ ഭരണചട്ടം അവർ മനസ്സിലാക്കുന്നില്ല. ദുർമാർഗത്തിൽ അടിയുറച്ചു നിൽക്കുന്നവർക്ക് അല്ലാഹു കുറേ അയച്ചുവിട്ടുകൊടുക്കുക പതിവാകുന്നു. അത്പോലെത്തന്നെ സൻമാർഗചാരികളായ ആളുകൾക്ക് സൻമാർഗബോധവും, അതിനുള്ള സാഹചര്യങ്ങളും അധികരിപ്പിച്ചുകൊടുക്കലും അവന്റെ പതിവത്രെ. ഈ നടപടിയാണ് ഇവിടെയും അവൻ സ്വീകരിച്ചിട്ടുള്ളത്. സൽക്കർമ ദുഷ്കർമങ്ങൾക്ക് അപ്പപ്പോൾതന്നെ അവൻ തികഞ്ഞ പ്രതിഫലം കൊടുക്കുകയല്ല ചെയ്യുന്നത്. ഓരോന്നിന്റെയും പ്രതിഫലം പൂർത്തിയായും, പരിപൂർണമായും നൽകപ്പെടുന്നതിന് ഒരു സമയമുണ്ട്. അപ്പോൾ മാത്രമേ ഓരോ വിഭാഗക്കാർക്കും അവരുടെ യഥാർത്ഥവും, സ്ഥിരവുമായ നിലപാടുകൾ ഇന്നതാണെന്ന് ശരിക്ക് വെളിപ്പെടുകയുള്ളൂ. അതുകൊണ്ട് തൽക്കാലത്തെ സുഖസൗകര്യങ്ങളും, സ്വാധീനശക്തികളും കണ്ടു അവർ വഞ്ചിതരാകേണ്ടതില്ല.

ബുഖാരി, മുസ്‌ലിം (റ) മുതലായ ഹദീഥ് പണ്ഡിതൻമാർ രേഖപ്പെടുത്തിയ ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: ഒരു പ്രധാന സ്വഹാബിയായ ഖബ്ബാബുബ്നു- അറത്ത് (خَبَّاب بن الارت - رضـ) പറയുകയാണ്: 'എനിക്ക് ആസ്വുബ്നു വാഇലി (عاص بن وائل)ന്റെ

പക്കൽ നിന്ന് കുറച്ചു കടം കിട്ടുവാനുണ്ടായിരുന്നു. അത് തന്നുതീർക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അയാളെ സമീപിച്ചു. അയാൾ ഇങ്ങനെ പറഞ്ഞു: 'ഇല്ല- നീ മുഹമ്മദിൽ അവിശ്വസിക്കാതെ ഞാൻ അത് തന്നുതീർക്കയില്ല.' ഞാൻ പറഞ്ഞു: 'ഇല്ല- അല്ലാഹുവാണ! നീ മരണപ്പെടുകയും, പുനരെഴുന്നേൽപിക്കപ്പെടുകയും ചെയ്യുക എന്നല്ലാതെ ഒരിക്കലും ഞാൻ മുഹമ്മദിൽ അവിശ്വസിക്കുകയില്ല.' അപ്പോൾ ആസ് പറഞ്ഞു: (ശരി) എന്നാൽ ഞാൻ മരണപ്പെട്ടു എഴുന്നേൽപിക്കപ്പെടുമ്പോൾ നീ എന്റെ അടുക്കൽ വന്നുകൊള്ളുക; എനിക്കവിടെ സമ്പത്തും, സന്തതികളും ഉണ്ടായിരിക്കും; അപ്പോൾ ഞാൻ നിന്റെ കടം തന്നുതീർത്തുകൊള്ളാം' ഈ അവസരത്തിലാണ് أَفَرَأَيْتَ الَّذِي كَفَرَ .... എന്ന (അടുത്ത) വചനം അവതരിച്ചത്. ആസിനെ മാത്രമല്ല, പരലോകജീവിതത്തെ നിഷേധിക്കുകയും, അതിനെക്കുറിച്ച് പുച്ഛമായി സംസാരിക്കുകയും ചെയ്യുന്നവരെയെല്ലാം തന്നെ കഠിനമായി താക്കീത് ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:-

أَفَرَءَيْتَ ٱلَّذِى كَفَرَ بِـَٔايَـٰتِنَا وَقَالَ لَأُوتَيَنَّ مَالًا وَوَلَدًا ﴿٧٧﴾

**《77》 എന്നാൽ, നമ്മുടെ ലക്ഷ്യങ്ങളിൽ അവിശ്വസിക്കുകയും, 'എനിക്ക് നിശ്ചയമായും സ്വത്തും സന്താനവും നൽകപ്പെടുമെന്ന് പറയുകയും ചെയ്തവനെ നീ കണ്ടുവോ (നബിയേ)?!**

أَطَّلَعَ ٱلْغَيْبَ أَمِ ٱتَّخَذَ عِندَ ٱلرَّحْمَـٰنِ عَهْدًا ﴿٧٨﴾

**《78》 അവൻ അദൃശ്യകാര്യത്തെ നോക്കിക്കണ്ടിരിക്കുന്നുവോ, അഥവാ പരമകാരുണികനായുള്ളവന്റെ അടുക്കൽ വല്ല ഉടമ്പടിയും അവൻ ഉണ്ടാക്കിവെച്ചിട്ടുണ്ടോ?!**

كَلَّا ۚ سَنَكْتُبُ مَا يَقُولُ وَنَمُدُّ لَهُۥ مِنَ ٱلْعَذَابِ مَدًّا ﴿٧٩﴾

**《79》 അങ്ങനെയല്ല:- അവൻ പറയുന്നത് നാം രേഖപ്പെടുത്തുന്നതാകുന്നു; അവന് നാം ശിക്ഷ കൂട്ടിക്കൂട്ടിക്കൊടുക്കുകയും ചെയ്യും.**

وَنَرِثُهُۥ مَا يَقُولُ وَيَأْتِينَا فَرْدًا ﴿٨٠﴾

**《80》 അവൻ (ആ) പറയുന്നത് [സ്വത്തും സന്താനവും] അവനോട് നാം അവകാശമെടുക്കുകയും, അവൻ നമ്മുടെ അടുക്കൽ ഒറ്റപ്പെട്ടവനായി വരുകയും ചെയ്യുന്നതാകുന്നു.**

---

《77》 أَفَرَأَيْتَ എന്നാൽ നീ കണ്ടുവോ الَّذِي كَفَرَ അവിശ്വസിച്ചവനെ بِآيَاتِنَا നമ്മുടെ ലക്ഷ്യങ്ങളിൽ وَقَالَ അവൻ പറയുകയും ചെയ്തു لَأُوتَيَنَّ നിശ്ചയമായും എനിക്ക് നൽകപ്പെടും مَالًا സ്വത്തും, ധനം وَوَلَدًا സന്താനവും, മക്കളും 《78》 أَطَّلَعَ അവൻ നോക്കിക്കണ്ടുവോ الْغَيْبَ അദൃശ്യകാര്യം أَمِ അഥവാ, അതോ, അല്ലാത്തപക്ഷം اتَّخَذَ ഉണ്ടാക്കിയി

രിക്കുന്നു (വോ) عِندَ ٱلرَّحْمَٰنِ പരമകാരുണികന്റെ അടുക്കൽ عَهْدًا വല്ല ഉടമ്പടിയും ﴾79﴿
كَلَّا അങ്ങനെയില്ല سَنَكْتُبُ നാം എഴുതുന്നതാണ്, രേഖപ്പെടുത്തുന്നതാണ് مَا يَقُولُ
അവൻ പറയുന്നത് وَنَمُدُّ لَهُ അവന് നാം കൂട്ടി (വർദ്ധിപ്പിച്ചു, നീട്ടി) കൊടുക്കുകയും
ചെയ്യും مِنَ ٱلْعَذَابِ ശിക്ഷയിൽനിന്ന് مَدًّا ഒരു കൂട്ടൽ, നീട്ടൽ, വർദ്ധിപ്പിക്കൽ ﴾80﴿ وَنَرِثُهُ
നാം അവനോട് അവകാശമെടുക്കുകയും ചെയ്യും مَا يَقُولُ അവൻ പറയുന്നത് وَيَأْتِينَا
അവൻ നമ്മുടെ അടുക്കൽ വരുകയും ചെയ്യും فَرْدًا ഒറ്റയായി, ഒറ്റപ്പെട്ടവനായി

---

അവന്റെ സന്താനമോ, സമ്പത്തോ ഒന്നും തന്നെ അവിടെ- പരലോകത്ത്- ഉപകരിക്കുകയില്ല. അവൻ നിസ്സഹായനായിട്ടാണ് അല്ലാഹുവിന്റെ മുമ്പിൽ വരുക. അവിടെ അവന് ലഭിക്കുവാനുള്ളത് വമ്പിച്ച ശിക്ഷ മാത്രമായിരിക്കും എന്ന് സാരം. മനുഷ്യൻ താൽക്കാലിക സുഖലഹരിയിൽ മദോൻമത്തനായിക്കൊണ്ടിരിക്കുമ്പോൾ അതെല്ലാം തനിക്ക് സ്വായത്തവും, സ്ഥിരാവകാശവുമാണെന്ന് ധരിച്ചുപോകുന്നു. അവന്റെ ജീവിതവും, അതിൽ നടമാടിക്കൊണ്ടിരിക്കുന്ന നവംനവങ്ങളായ മാറ്റങ്ങളും, അവയുടെ അനന്തരസംഭവങ്ങളും ഒന്നുംതന്നെ അവന്റെ അധീനത്തിലല്ല സ്ഥിതിചെയ്യുന്നത്. ഈ പരമാർത്ഥത്തെ അവൻ വിസ്മരിച്ചുകളയുന്നു. അദൃശ്യവൃത്താന്തങ്ങൾ കണ്ടറിയുകയോ അല്ലാഹുവിൽ നിന്ന് യാതൊരു കരാറും എഴുതിവാങ്ങുകയോ ചെയ്തിട്ടില്ലാത്ത അവൻ എങ്ങനെയാണതിന് ധൈര്യപ്പെടുന്നതെന്നത്രെ അല്ലാഹു ചോദിക്കുന്നത്. നിമിഷനേരംകൊണ്ട് കൊട്ടാരത്തിൽ നിന്ന് കുടിലിലിലേക്കും, സ്വന്തം മണിമാളികയിൽ നിന്ന് അന്യന്റെ കോലായിലേക്കും നീങ്ങുവാൻ ഇടവന്നേക്കാമെന്ന് അവൻ ഓർക്കാത്തത് ആശ്ചര്യം തന്നെ.

പരലോകനിഷേധികളെക്കുറിച്ച് പലതും വിവരിച്ചശേഷം, തങ്ങളുടെ വിഗ്രഹാദിദൈവങ്ങളുടെ ശുപാർശ മൂലം തങ്ങൾക്ക് രക്ഷ കിട്ടിയേക്കുമെന്ന് ധരിച്ചുവരുന്ന ബഹുദൈവവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു;

وَٱتَّخَذُوا۟ مِن دُونِ ٱللَّهِ ءَالِهَةً لِّيَكُونُوا۟ لَهُمْ عِزًّا ﴿٨١﴾

**﴾81﴿ തങ്ങൾക്ക് സഹായശക്തി ആയിത്തീരുവാൻവേണ്ടി അവർ [അവിശ്വാസികൾ] അല്ലാഹുവിന് പുറമെ (മറ്റു) ചില ആരാധ്യൻമാരെ സ്വീകരിച്ചിരിക്കുകയാണ്-**

كَلَّا ۚ سَيَكْفُرُونَ بِعِبَادَتِهِمْ وَيَكُونُونَ عَلَيْهِمْ ضِدًّا ﴿٨٢﴾

**﴾82﴿ അങ്ങനെയല്ല; അവർ ഇവരുടെ ആരാധനയെ (ത്തന്നെ) നിഷേധിക്കുകയും, ഇവർക്ക് എതിരായിത്തീരുകയും ചെയ്യുന്നതാണ്.**

---

﴾81﴿ وَٱتَّخَذُوا അവർ സ്വീകരിച്ചു, ഉണ്ടാക്കി مِن دُونِ ٱللَّهِ അല്ലാഹുവിന് പുറമെ ءَالِهَةً പല
ദൈവങ്ങളെ لِيَكُونُوا അവർ ആയിത്തീരുവാൻ വേണ്ടി لَهُمْ അവർക്ക് ഇവർക്ക് عِزًّا ശക്തി,
സഹായശക്തി ﴾82﴿ كَلَّا അങ്ങനെയല്ല; سَيَكْفُرُونَ അവർ നിഷേധിക്കും بِعِبَادَتِهِمْ അവ
രുടെ ആരാധനയെ وَيَكُونُونَ അവർ ആയിത്തീരുകയും ചെയ്യും عَلَيْهِمْ അവർക്ക്,

ഇവർക്ക് ضِدًّا എതിർ, എതിരിൽ

പരദൈവങ്ങളെ സ്വീകരിക്കുന്നതിന് മുശ്‌രിക്കുകൾ ന്യായം പറഞ്ഞിരുന്നത്, അവർ തങ്ങൾക്ക് അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്നായിരുന്നു. എന്നാൽ, പരലോകത്ത് വെച്ച് സംഭവിക്കുന്നത് നേരെ മറിച്ചായിരിക്കും. അവർ തങ്ങളെ ആരാധിച്ചിരുന്നുവെന്ന ത്പോലും ആ ദൈവങ്ങൾ നിഷേധിക്കുകയും, അവർ അവരുടെ വിരോധികളായിത്തീരുകയുമാണുണ്ടാകുക.

## വിഭാഗം - 6

أَلَمْ تَرَ أَنَّآ أَرْسَلْنَا ٱلشَّيَـٰطِينَ عَلَى ٱلْكَـٰفِرِينَ تَؤُزُّهُمْ أَزًّا ﴿٨٣﴾

**﴿83﴾ (നബിയേ) നീ കാണുന്നില്ലേ- അവിശ്വാസികളിൽ- അവരെ ഇളക്കിഇളക്കി വിട്ടുകൊണ്ടിരിക്കുന്ന നിലയിൽ- പിശാചുക്കളെ നാം അയച്ചിരിക്കുന്നത്?!**

فَلَا تَعْجَلْ عَلَيْهِمْ ۖ إِنَّمَا نَعُدُّ لَهُمْ عَدًّا ﴿٨٤﴾

**﴿84﴾ അതിനാൽ, അവരെപ്പറ്റി നീ ധൃതിപ്പെടേണ്ടതില്ല; അവർക്ക് (സമയമാകുന്നത്) നാം എണ്ണിഎണ്ണിക്കൊണ്ടിരിക്കുക മാത്രമാണ് ചെയ്യുന്നത്.**

﴿83﴾ أَلَمْ تَرَ നീ കണ്ടില്ലേ, കാണുന്നില്ലേ أَنَّا أَرْسَلْنَا നാം അയച്ചിട്ടുണ്ടെന്ന് الشَّيَاطِينَ പിശാചുക്കളെ عَلَى الْكَافِرِينَ അവിശ്വാസികളിൽ تَؤُزُّهُمْ അവരെ ഇറക്കിവിട്ടുകൊണ്ട് أَزًّا ഒരു ഇളക്കിവിടൽ ﴿84﴾ فَلَا تَعْجَلْ ആകയാൽ നീ ധൃതിപ്പെടരുത് عَلَيْهِمْ അവരെപ്പറ്റി إِنَّمَا نَعُدُّ നാം എണ്ണിക്കൊണ്ടിരിക്കുകമാത്രമാണ് لَهُمْ അവർക്ക് عَدًّا ഒരു എണ്ണൽ

അവിശ്വാസികൾക്ക് അവരുടെ ഹിതമനുസരിച്ച് കൂത്താടി നടക്കുവാനും, സത്യത്തിന്റെ നേരെ കണ്ണടച്ചു പരിഹാസം കൊള്ളുവാനും അവരെ പ്രേരിപ്പിച്ചുവിടുന്ന ഒരു തരം പിശാചുക്കളെ അല്ലാഹു അയച്ചുവിട്ടിരിക്കുകയാണ്. യഥേഷ്ടം പ്രവർത്തിക്കുന്നതിൽ നിന്ന് തൽക്കാലം അല്ലാഹു അവരെ തടയുന്നില്ല. അവരുടെ ധിക്കാരത്തിന്റെ പ്രതിഫലം നൽകുന്ന സമയം വിദൂരമൊന്നുമല്ല. ഓരോ നാഴികയും, ഓരോ വിനാഴികയും അതിലേക്കുള്ള സമീപനമത്രെ. അധികം താമസിയാതെ അതിന്റെ എണ്ണം പൂർത്തിയാകുന്നതാണ്. പൗരസ്ത്യ മഹാകവിയായ ശൗകീബേഗ് (شوقى بك) പറഞ്ഞതെത്ര വാസ്തവം!- دقات قلب المرء قائلة له ان الحياة دقائق وثواني (മനുഷ്യന്റെ ഹൃദയത്തിന്റെ മിടിപ്പുകൾ അവനോട് പറഞ്ഞുകൊണ്ടിരിക്കുകയാണ്; ജീവിതമെന്നാൽ, മിനുട്ടുകളും സെക്കന്റുകളുമാകുന്നു എന്ന്) അങ്ങനെ, ആ സമയം ഇതാ എത്താറായി. എത്തിക്കഴിഞ്ഞാൽ ഓരോന്നിന്റെയും, ഓരോരുത്തരുടെയും പ്രതിഫലങ്ങൾ ശരിക്കും, കൃത്യമായും, നൽകപ്പെടും- സംശയിക്കേണ്ടതില്ല. ബന്ധപ്പെടേണ്ടതുമില്ല. എല്ലാ ഓരോ കാര്യത്തിന്റെയും പ്രതിഫലം പരലോകത്ത്വെച്ച് മാത്രമാണ് ലഭിക്കുകയെന്നും, ഇവിടെവെച്ച് ഏതുപ്രവൃത്തിക്കും ഫലം പ്രത്യക്ഷപ്പെടുകയില്ല എന്നും ധരിക്കുന്നത് ശരി

യല്ല. പരലോകത്തേക്ക് നീട്ടിവെക്കുന്ന ഭാഗവും, ഇവിടെവെച്ച് തന്നെ അനുഭവപ്പെടുന്ന ഭാഗവും അതിലുണ്ടായിരിക്കും. നോക്കുക: അതാ മുശ്‌രിക്കുകളുടെ ധിക്കാരഫലം അവർ അനുഭവിക്കാൻ എത്ര കാലം കഴിയേണ്ടി വന്നു?! സൂറത്ത് മർയം അവതരിച്ചു കവിഞ്ഞപക്ഷം പത്തുകൊല്ലം മാത്രം! അവരുടെ ധിക്കാരത്തിന്റെ ഭരണവും, ഭരണകൂടവും അവിടെനിന്ന് തുടച്ചു നീക്കപ്പെട്ടു. ഇസ്‌ലാമിന്റെ വിജയം പ്രത്യക്ഷപ്പെടുകയും ചെയ്തു. അത്പോലെ എത്രയോ ഉദാഹരണങ്ങൾ കാണാവുന്നതാണ്.

يَوْمَ نَحْشُرُ ٱلْمُتَّقِينَ إِلَى ٱلرَّحْمَٰنِ وَفْدًا ﴿٨٥﴾

**《85》 ഭയഭക്തൻമാരെ പരമകാരുണികനായുള്ളവന്റെ അടുക്കലേക്ക് അതിഥികളെന്ന നിലയിൽ നാം ഒരുമിച്ചുകൂട്ടുന്ന ദിവസം;**

وَنَسُوقُ ٱلْمُجْرِمِينَ إِلَىٰ جَهَنَّمَ وِرْدًا ﴿٨٦﴾

**《86》 കുറ്റവാളികളെ ദാഹിച്ചവരായിക്കൊണ്ട് നരകത്തിലേക്ക് നാം തെളിക്കുകയും ചെയ്യുന്ന (ദിവസം).-**

لَّا يَمْلِكُونَ ٱلشَّفَٰعَةَ إِلَّا مَنِ ٱتَّخَذَ عِندَ ٱلرَّحْمَٰنِ عَهْدًا ﴿٨٧﴾

**《87》 (അന്ന്) പരമകാരുണികനായുള്ളവന്റെ അടുക്കൽ വല്ല കരാറും ഉണ്ടാക്കിവെച്ചിട്ടുള്ളവനല്ലാതെ, ശുപാർശക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.**

---

《85》 يَوْمَ نَحْشُرُ നാം ഒരുമിച്ചുകൂട്ടുന്ന ദിവസം الْمُتَّقِينَ ഭയഭക്തൻമാരെ, സൂക്ഷിക്കുന്നവരെ إِلَى الرَّحْمَٰنِ റഹ്മാന്റെ (പരമകാരുണികന്റെ) അടുക്കലേക്ക് وَفْدًا അതിഥികളെന്ന നിലയിൽ, നിവേദകസംഘമായി 《86》 وَنَسُوقُ നാം തെളിയിക്കുകയും ചെയ്യുന്ന الْمُجْرِمِينَ കുറ്റവാളികളെ إِلَىٰ جَهَنَّمَ നരകത്തിലേക്ക് وِرْدًا ദാഹിച്ചവരായി 《87》 لَا يَمْلِكُونَ അവർക്ക് അധികാരമുണ്ടാകയില്ല, അധീനപ്പെടുത്തുകയില്ല, കഴിയുകയില്ല الشَّفَاعَةَ ശുപാർശക്ക് إِلَّا مَنِ ഒരുവനൊഴികെ اتَّخَذَ അവൻ ഉണ്ടാക്കിവെച്ചു, ഏർപ്പെടുത്തി عِندَ الرَّحْمَٰنِ റഹ്മാന്റെ അടുക്കൽ عَهْدًا കരാറ്, ഉടമ്പടി

---

സജ്ജനങ്ങളായ ഭയഭക്തൻമാരെ അതിഥികളെപ്പോലെ ആദരിച്ചും, നിവേദകസംഘത്തെപ്പോലെ ബഹുമാനിച്ചും കൊണ്ടായിരിക്കും കിയാമത്ത്നാളിൽ ഒരുമിച്ചുകൂട്ടുക.ദുർജ്ജനങ്ങളാകുന്ന കുറ്റവാളികളെ ദാഹിച്ചു വലഞ്ഞ മൃഗങ്ങളെപ്പോലെ ആട്ടിത്തെളിച്ചുകൊണ്ടുമത്രെ കൊണ്ടുവരപ്പെടുക. സജ്ജനങ്ങൾ, പരമകാരുണികനായ അല്ലാഹു അവന്റെ അനുഗ്രഹത്താൽ ഒരുക്കിവെച്ചിട്ടുള്ള സ്വർഗത്തിലേക്ക് നയിക്കപ്പെടും. ദുർജ്ജനങ്ങൾ, അവരുടെ ഫലം അനുഭവിക്കേണ്ടതിനായി നരകത്തിലേക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്യും. സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും വഴി അല്ലാഹുവിങ്കൽ നല്ല നില സമ്പാദിച്ചവർക്കുമാത്രമേ അവിടെ ശുപാർശയുടെ പ്രശ്നമുള്ളൂ. ശുപാർശ ചെയ്യാനും, ശുപാർശ അനുഭവിക്കുവാനുമുള്ള അനു

വാദം അവർക്ക് മാത്രമേ നൽകപ്പെടുകയുമുള്ളൂ. സത്യവിശ്വാസത്തോട്കൂടി സൽക്കർമങ്ങൾ പ്രവർത്തിച്ചവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സൽഫലങ്ങൾ ലഭിക്കുവാൻ അർഹരായിത്തീർന്നവരെപ്പറ്റിയാണ് 'അല്ലാഹുവിങ്കൽ കരാറുണ്ടാക്കിവെച്ചവർ' എന്ന് പറഞ്ഞത്.

وَقَالُوا۟ ٱتَّخَذَ ٱلرَّحْمَـٰنُ وَلَدًا ﴿٨٨﴾

﴿88﴾ അവർ പറയുന്നു: 'പരമകാരുണികനായുള്ളവൻ [അല്ലാഹു] സന്താനം സ്വീകരിച്ചിരിക്കുന്നു' എന്ന്!

لَّقَدْ جِئْتُمْ شَيْـًٔا إِدًّا ﴿٨٩﴾

﴿89﴾ (ഹേ, ഇത് പറയുന്നവരേ!) തീർച്ചയായും നിങ്ങൾ ഘോരമായ ഒരു കാര്യം ചെയ്തിരിക്കുകയാണ്!-

تَكَادُ ٱلسَّمَـٰوَٰتُ يَتَفَطَّرْنَ مِنْهُ وَتَنشَقُّ ٱلْأَرْضُ وَتَخِرُّ ٱلْجِبَالُ هَدًّا ﴿٩٠﴾

﴿90﴾ അതുനിമിത്തം, ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും, മലകൾ (പൊട്ടിത്തകർന്ന്) വീഴുകയും ചെയ്യാറാകുന്നു.

أَن دَعَوْا۟ لِلرَّحْمَـٰنِ وَلَدًا ﴿٩١﴾

﴿91﴾ (അതെ) പരമകാരുണികനായുള്ളവന് സന്താനം (ഉണ്ടെന്ന്) അവർ വാദിച്ചതിനാൽ! [അത്രയും ഗൗരവമേറിയതത്രെ, ആ വാദം.]

وَمَا يَنۢبَغِى لِلرَّحْمَـٰنِ أَن يَتَّخِذَ وَلَدًا ﴿٩٢﴾

﴿92﴾ സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികനായുള്ളവന് യുക്തമായിരിക്കയില്ല.

إِن كُلُّ مَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ إِلَّآ ءَاتِى ٱلرَّحْمَـٰنِ عَبْدًا ﴿٩٣﴾

﴿93﴾ ആകാശങ്ങളിലും, ഭൂമിയിലും ഉള്ളവരെല്ലാം (ഓരോരുത്തനും) പരമകാരുണികന്റെ അടുക്കൽ അടിയാനായി വരുന്നവരല്ലാതെയില്ല.

لَّقَدْ أَحْصَىٰهُمْ وَعَدَّهُمْ عَدًّا ﴿٩٤﴾

﴿94﴾ തീർച്ചയായും, അവരെ (മുഴുവനും) അവൻ ക്ലിപ്തമായി അറിയുകയും, (ശരിക്ക്) എണ്ണിക്കണക്കാക്കുകയും ചെയ്തിരിക്കുന്നു.

وَكُلُّهُمْ ءَاتِيهِ يَوْمَ ٱلْقِيَـٰمَةِ فَرْدًا ﴿٩٥﴾

**﴾95﴿ അവരിൽ ഓരോരുത്തനും 'ഖിയാമത്ത്' നാളിൽ ഒറ്റപ്പെട്ടവനായി അവന്റെ അടുക്കൽ വരുന്നവരത്രെ.**

---

﴾88﴿ وَقَالُوا അവർ പറയുന്നു اتَّخَذَ ഉണ്ടാക്കിയിരിക്കുന്നു, സ്വീകരിച്ചിരിക്കുന്നു الرَّحْمَٰنُ
പരമകാരുണികൻ وَلَدًا സന്താനം, മക്കൾ ﴾89﴿ لَقَدْ جِئْتُمْ തീർച്ചയായും നിങ്ങൾ ചെയ്തു,
വരുത്തി شَيْئًا ഒരു കാര്യം إِدًّا ഘോരമായ, നികൃഷ്ടമായ, വമ്പിച്ച ﴾90﴿ تَكَادُ ആവാറാ
കുന്നു السَّمَاوَاتُ ആകാശങ്ങൾ يَتَفَطَّرْنَ പൊട്ടിപ്പിളരുവാൻ مِنْهُ അത്നിമിത്തം وَتَنْشَقُّ
(വിണ്ടു) പിളരുവാനും الْأَرْضُ ഭൂമി وَتَخِرُّ വീണു (തകർന്നു) പോവാനും الْجِبَالُ മലകൾ
هَدًّا തകർന്നു, ഇടിഞ്ഞു, പൊളിഞ്ഞു ﴾91﴿ أَنْ دَعَوْا അവർ വാദിച്ചതിനാൽ لِلرَّحْمَٰنِ പര
മകാരുണികന് وَلَدًا സന്താനം (ഉണ്ടെന്ന്) മക്കളെ ﴾92﴿ وَمَا يَنْبَغِي യോജിക്കുകയില്ല,
യുക്തമാവുകയില്ല, ചേരുകയില്ല لِلرَّحْمَٰنِ പരമകാരുണികന് أَنْ يَتَّخِذَ അവൻ സ്വീകരിക്കു
ന്നത് وَلَدًا സന്താനത്തെ ﴾93﴿ إِنْ كُلُّ എല്ലാവരും (ഓരോരുത്തനും) അല്ല مَنْ فِي السَّمَاوَاتِ
ആകാശങ്ങളിലുള്ളവർ وَالْأَرْضِ ഭൂമിയിലും إِلَّا آتِي വരുന്നവരല്ലാതെ, ചെല്ലുന്നവനല്ലാതെ
الرَّحْمَٰنِ റഹ്മാന്റെ അടുക്കൽ عَبْدًا അടിയാനായി, അടിമയായി ﴾94﴿ لَقَدْ തീർച്ചയായും
أَحْصَاهُمْ അവൻ അവരെ ക്ലിപ്തമായി അറിയുന്നതാണ് وَعَدَّهُمْ അവരെ എണ്ണുക (കണ
ക്കാക്കുക)യും ചെയ്തിരിക്കുന്നു عَدًّا ഒരു (ശരിയായ) എണ്ണൽ ﴾95﴿ وَكُلُّهُمْ അവരെ
ല്ലാവരും آتِيهِ അവന്റെ അടുക്കൽ വരുന്നതാണ് يَوْمَ الْقِيَامَةِ ഖിയാമത്ത്നാളിൽ فَرْدًا ഒറ്റ
യായി, ഒറ്റപ്പെട്ടവനായി

---

സൃഷ്ടികളുടെ എണ്ണം, വണ്ണം, സ്വഭാവം, പ്രവൃത്തി, വാക്ക്, ശ്വാസം, പര്യവസാനം, എന്നുവേണ്ട ചെറുതും വലുതുമായ സർവ്വകാര്യങ്ങളും- സ്ഥലകാലവ്യത്യാസമില്ലാതെ- അല്ലാഹു അറിയുന്നു. ഓരോരുത്തനും, ഏകനും നിസ്സഹായനുമായിട്ടത്രെ ഖിയാമത്ത്നാളിൽ അവന്റെ മുമ്പാകെ വരുന്നത്. അവന്റെ രക്ഷയും തുണയുമല്ലാതെ അവിടെ ആർക്കും യാതൊരു അവലംബവും ഇല്ലതന്നെ. അവന്റെ പ്രീതിയും, രക്ഷയും ലഭിക്കുവാനുള്ള ഏക മാർഗം അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നു:-

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ سَيَجْعَلُ لَهُمُ ٱلرَّحْمَـٰنُ وُدًّا ﴿٩٦﴾

**﴾96﴿ നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് പരമകാരുണികനായുള്ളവൻ സ്നേഹം ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്.**

---

﴾96﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ آمَنُوا അവർ വിശ്വസിച്ചു وَعَمِلُوا

അവർ പ്രവർത്തിക്കുകയും ചെയ്തു الصَّالِحَاتِ സൽക്കർമങ്ങളെ سَيَجْعَلُ ഉണ്ടാക്കിക്കൊടുക്കും, ഏർപ്പെടുത്തിക്കൊടുക്കും لَهُمُ അവർക്ക് الرَّحْمَٰنُ പരമകാരുണികൻ وُدًّا സ്നേഹം, താൽപര്യം

അതായത്: അല്ലാഹുവിന്റെയും, മലക്കുകളുടെയും, ഭൂമിയിലുള്ളവരുടെയുമെല്ലാം സ്നേഹം അവർക്ക് ലഭിക്കുന്നതാകുന്നു. നബിﷺ ഇപ്രകാരം അരുളിച്ചെയ്തതായി ബുഖാരി, മുസ്‌ലിം, തിർമദീ (റ) മുതലായവർ നിവേദനം ചെയ്യുന്നു:

اذا احب الله عبدا يقول لجبريل انى قد أحببت فلانا فاحبه فينادى فى السمآء ثم تنزل له المحبة فى الارض فذلك قوله تعالى : ان الذين امنوا وعملوا الصالحات - الآية (الشيخان والترمذى وغيرهم)

സാരം: 'അല്ലാഹു ഒരു അടിയാനെ സ്നേഹിക്കുന്നപക്ഷം ജിബ്‌രീലിനോട് അവൻ പറയും: 'ഇന്ന ആളെ ഞാൻ സ്നേഹിക്കുന്നുണ്ട്. അതിനാൽ നീയും അവനെ സ്നേഹിക്കുക' എന്ന്. അങ്ങനെ, അത് ആകാശത്തിൽ വിളിച്ചു പറയപ്പെടും പിന്നീട് അവന് ഭൂമിയിലും സ്നേഹമുണ്ടായിത്തീരുന്നു. അതാണ് അല്ലാഹു ഈ (96-ാം) വചനത്തിൽ പറയുന്നത്. തിരുമേനി ഈ വചനം ഓതുകയും ചെയ്തു.

فَإِنَّمَا يَسَّرْنَٰهُ بِلِسَانِكَ لِتُبَشِّرَ بِهِ ٱلْمُتَّقِينَ وَتُنذِرَ بِهِۦ قَوْمًا لُّدًّا ﴿٩٧﴾

**﴾97﴿ എന്നാൽ, ഇത് [ക്വുർആൻ] നാം നിന്റെ ഭാഷയിൽ (അവതരിപ്പിച്ചു) എളുപ്പമാക്കിത്തന്നിരിക്കുന്നത്, ഭയഭക്തന്മാർക്ക് ഇത്കൊണ്ട് നീ സന്തോഷവാർത്ത അറിയിക്കുവാനും, കുതർക്കികളായ ജനങ്ങളെ ഇത്മൂലം നീ താക്കീത് ചെയ്യുവാനും വേണ്ടിതന്നെയാണ്.**

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هَلْ تُحِسُّ مِنْهُم مِّنْ أَحَدٍ أَوْ تَسْمَعُ لَهُمْ رِكْزًا ﴿٩٨﴾

**﴾98﴿ എത്രയോ തലമുറകളെ ഇവർക്ക് മുമ്പ് നാം നശിപ്പിച്ചുകളഞ്ഞിരിക്കുന്നു!**

**അവരിൽനിന്ന് ഒരാളെയെങ്കിലും നീ കാണുന്നുണ്ടോ? അല്ലെങ്കിൽ, അവരുടെതായ വല്ല ലഘുശബ്ദവും നീ കേൾക്കുന്നുണ്ടോ?!**

﴾97﴿ فَإِنَّمَا يَسَّرْنَاهُ എന്നാൽ നാമതിനെ എളുപ്പമാക്കിയിരിക്കുന്നു, സൗകര്യപ്പെടുത്തിയിരിക്കുന്നു بِلِسَانِكَ നിന്റെ ഭാഷയിൽ لِتُبَشِّرَ നീ സന്തോഷവാർത്ത അറിയിക്കുവാൻ (തന്നെ) بِهِ അത്കൊണ്ട്, അത്മൂലം الْمُتَّقِينَ ഭയഭക്തൻമാർക്ക് وَتُنذِرَ നീ താക്കീത് നൽകുവാനും, മുന്നറിയിപ്പ് നൽകുവാനും (തന്നെ), بِهِ അത്കൊണ്ട് قَوْمًا ഒരു ജനതക്ക് لُدًّا കുതർക്കികളായ ﴾98﴿ وَكَمْ എത്രയോ, എത്ര أَهْلَكْنَا നാം നശിപ്പിച്ചിരി

ക്കുന്നു قَبْلَهُمْ ഇവരുടെ മുമ്പ് مِنْ قَرْنٍ തലമുറകളിൽ നിന്ന്, തലമുറകളായി هَلْ تُحِسُّ നീ അറിയുന്നുണ്ടോ, കാണുന്നുണ്ടോ مِنْهُمْ അവരിൽ നിന്ന് مِنْ أَحَدٍ ഒരാളെയെങ്കിലും (ആരെയെങ്കിലും) أَوْ تَسْمَعُ അല്ലെങ്കിൽ നീ കേൾക്കുന്നുണ്ടോ لَهُمْ അവരുടെ, അവർക്ക് رِكْزًا ലഘുശബ്ദം (വല്ല നേരിയ ശബ്ദവും)

---

ഇല്ല, ഒന്നുമില്ല. ഇങ്ങിനി മടങ്ങിവരാത്തവണ്ണം അവരെല്ലാം നാമാവശേഷമായിപ്പോയി! ഈ നിയമം ഇവർക്കും– നിലവിലുള്ള അവിശ്വാസികൾക്കും– ബാധകമാണെന്ന് ഇവർ ഓർത്തുകൊള്ളട്ടെ എന്ന് സാരം. 'നിന്റെ ഭാഷയിൽ' (بلسانك) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അറബിഭാഷയിൽ എന്നാണെന്ന് വ്യക്തമാണ്. ക്വുർആൻ അറബിഭാഷയിൽ അവതരിപ്പിക്കുവാനുള്ള കാരണം അടുത്ത സൂറത്ത് 113-ാം വചനത്തിന്റെ വിവരണത്തിൽ വെച്ച് നമുക്ക് വായിക്കാം. إنْ شَاء الله

ഈ സൂറത്തിന്റെ ആദ്യവചനത്തിൽ പ്രതിപാദിച്ച വിഷയങ്ങളിൽ ചിലത് അവസാന വചനങ്ങളിലും ആവർത്തിക്കപ്പെട്ടുകാണാം. അതായത്: ഈസാ (അ)നെക്കുറിച്ച് ക്രിസ്ത്യാനികൾക്കുള്ള പിഴച്ച വിശ്വാസം 35, 36 വചനങ്ങളിൽ അല്ലാഹു പറഞ്ഞു. അന്ത്യദിനത്തിൽ ജനങ്ങൾ രണ്ടുതരക്കാരായിരിക്കുമെന്നും, ഒന്ന് 'മുത്തക്വീ'കളും മറ്റൊന്ന് 'മുജ്‌രിമു'കളും ആണെന്നും, അഥവാ ദോഷബാധയെ സൂക്ഷിച്ചു നടക്കുന്ന ഭയഭക്തൻമാരും, സത്യത്തെ ധിക്കരിച്ചു നടക്കുന്ന കുറ്റവാളികളും. ഒന്നാമത്തെ വിഭാഗത്തിന് മോക്ഷവും, രണ്ടാമത്തെ വിഭാഗത്തിന് ശിക്ഷയുമാണ് അനുഭവപ്പെടുക എന്നും പ്രസ്താവിച്ചു. ഈ ലോകത്തുള്ളത്പോലെ, ശുപാർശകൊണ്ട് രക്ഷനേടുവാൻ അവിടെ ഒരു നിവൃത്തിയുമില്ലെന്നും വ്യക്തമാക്കി. എന്നിരിക്കെ, ഈസാ (അ)യെ മനുഷ്യപാപങ്ങൾക്കെല്ലാം പ്രായശ്ചിത്തമായി സങ്കൽപിക്കുന്നതിലും, അദ്ദേഹത്തിന്റെ ശുപാർശകൊണ്ട് മോക്ഷം നേടാമെന്ന് വിചാരിക്കുന്നതിലും അർത്ഥമില്ലല്ലോ.

തുടർന്നുകൊണ്ട്: ഈസാ നബി (അ)യോ മറ്റാരെങ്കിലുമോ ദൈവപുത്രനാണെന്ന വാദത്തിന്റെ കഴമ്പില്ലായ്മ ചൂണ്ടിക്കാട്ടുന്നു. ആകാശഭൂമികളെയും, മറ്റെല്ലാ ചരാചരങ്ങളെയും സൃഷ്ടിച്ചു പരിപാലിക്കുന്ന കർത്താവിന് ഒരു പുത്രന്റെ ആവശ്യം നേരിട്ടുവെന്ന് ധരിക്കുന്നതിൽപരം വിഡ്ഢിത്തം മറ്റെന്താണ്?! ഈ അന്ധവിശ്വാസത്തെ അടിയോടെ ഖണ്ഡിക്കുന്ന തത്വം ഒരൊറ്റ വാചകത്തിൽ അല്ലാഹു വിവരിക്കുന്നു. യാതൊരു സംശയത്തിനും വകയില്ലാത്ത ആ വാക്യം സ്വയം വ്യക്തമാണ്. ഹൃദയത്തെ ആകർഷിക്കുന്ന ഒരു ഖണ്ഡിത തത്വം! ഹൃദയത്തെ തട്ടിയുണർത്തുന്ന ശൈലിയും! إِن كُلُّ مَن فِي السَّمَاوَاتِ وَالْأَرْضِ إِلَّا آتِي الرَّحْمَٰنِ عَبْدًا അതെ, സൃഷ്ടിലോകത്തുള്ള ഏതൊരുവനും– ഈസാ (അ)യാകട്ടെ, മറ്റാരെങ്കിലുമാകട്ടെ– സ്രഷ്ടാവിന്റെ സന്നിധിയിൽ അടിമയുടെ നില മാത്രമെയുള്ളൂ. എന്നുവെച്ചാൽ: യജമാനത്വവും, ആരാധ്യതയും– അഥവാ സംരക്ഷകത്വവും ദൈവത്വവും (الربوبية والالوهية) അല്ലാഹുവിന് മാത്രമാണ്. മറ്റുള്ള വസ്തുവിനെല്ലാമുള്ളത് അടിമത്തവും, ആരാധനാർപ്പണവും (العبودية والعبادة) മാത്രം.

യേശുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നവരേ! ഈ യാഥാർത്ഥ്യം നിങ്ങൾക്ക് നിഷേധിക്കാമോ? ഇല്ലെങ്കിൽ പിന്നെ, ഈസാ നബി (അ)ക്കും അല്ലാഹുവിന്റെ മുമ്പിൽ വെറും അടിമയായിരിക്കുവാനേ അർഹതയുള്ളൂ– ആരാധ്യനായിരിക്കുവാൻ അർഹതയില്ല; ദാസനായിരിക്കുവാനേ നിവൃത്തിയുള്ളൂ– യജമാനനായിരിക്കുക സാധ്യമല്ല; ദൈവി

കവിധിക്ക് വിധേയനാകുവാനേ തരമുള്ളൂ- വിധികർത്താവായിരിക്കുവാൻ മാർഗമില്ല. സൃഷ്ടികളെല്ലാം അവന്റെ അടിയാൻമാരായിരിക്കുക, ഒരാൾമാത്രം അതിൽനിന്ന് ഒഴിവായിരിക്കുക, അത് ഉണ്ടാകാവതല്ല.

96, 98 ൽ, സൂറത്തിനെ ഉപസംഹരിപ്പിച്ചുകൊണ്ടുള്ള ഉപദേശമാകുന്നു. പ്രധാനമായ രണ്ട് തത്വങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്: (1) സത്യവിശ്വാസത്തിന്റെയും സൽക്കർമങ്ങളുടെയും മാർഗം സ്വീകരിച്ചവർക്ക് താമസിയാതെ അല്ലാഹു ജനഹൃദയങ്ങൾ തുറന്നുകൊടുക്കുന്നതും, അങ്ങനെ അവർ എല്ലാവർക്കും പ്രിയപ്പെട്ടവരായി പരിണമിക്കുന്നതുമാകുന്നു. ഈ ഭാഗ്യം നേടിക്കഴിഞ്ഞവർ- വ്യക്തിയാകട്ടെ, ജനതയാകട്ടെ- ഭൂമുഖത്ത് നേതൃത്വവും സ്വീകരണവും ഉള്ളവരായിരിക്കുമല്ലോ. (2) സത്യത്തിനെതിരിൽ അക്രമവും ധിക്കാരവും കാണിക്കുന്നവർക്ക് മുമ്പ് നശിപ്പിക്കപ്പെട്ടുപോയ ജനങ്ങളുടെ അനുഭവമാണ് ഉണ്ടാവുക. അഥവാ അവരുടെ 'പേരും ചൂരും' നിലനിൽക്കുകയില്ല. ഈ രണ്ട് കാര്യങ്ങളും ഇസ്‌ലാമിന്റെ ആദ്യകാലത്ത് -അടുത്തടുത്ത കാലങ്ങളിലായി- നമ്മുടെ സമുദായം കണ്ടുകഴിഞ്ഞതാണ്:-

അതാ, ഒരു കാലം നമുക്ക് കഴിഞ്ഞുപോയി; ലോകം നമ്മെ സ്നേഹിച്ചു; മാനിച്ചു. നമ്മുടെ ഉപദ്രവമോ അക്രമമോ ഭയന്നിട്ടല്ല- നീതിയും മര്യാദയും കാംക്ഷിച്ചു മാത്രം. ജനങ്ങൾ നമ്മിലേക്ക് ഓടിവന്നു; നമ്മെ വിളിച്ചുവരുത്തി. പട്ടണങ്ങൾ അവയുടെ കവാടം നമുക്ക് തുറന്നുതന്നു. കോട്ടകളുടെ താക്കോലുകൾ നമുക്ക് ഏല്പിക്കപ്പെട്ടു. കാരണം? അന്ന് നമ്മുടെ വിശ്വാസകർമങ്ങൾ പരിശുദ്ധങ്ങളായിരുന്നു.

അജ്നാദീനിലെയും, യർമൂക്കിലെയും *(*)* പോർക്കളങ്ങളിൽ, ബൈസന്തീൻ (റോമാ) സാമ്രാജ്യസേന മുസ്‌ലിംകളോട് പടപൊരുതുമ്പോൾ, സിരിയാ നിവാസികൾ അവർക്ക് സ്നേഹസന്ദേശങ്ങൾ അയച്ചുകൊണ്ടിരിക്കുകയായിരുന്നു. ബുസ്രാപട്ടണം അതിന്റെ കവാടം തുറന്നുകൊടുത്തു. ഹിംസ്വു (حمص) നിവാസികൾ അവർക്ക് പല ഒത്താശകളും ചെയ്തുകൊടുത്തു. ത്വറാബൽസ് (طرابلس) അവരെ സ്വീകരിക്കുവാൻ തക്കം പാർത്തുകൊണ്ടിരിക്കുകയായിരുന്നു. സ്വൂർ (صور) പട്ടണം, അതിന്റെ കോട്ടയിൽ കാവൽക്കാർ വേണ്ടതില്ലെന്നുവെച്ച് *(**)* മുസ്‌ലിംകൾ ഈജിപ്തിന്റെ ഭാഗത്തേക്ക് നീങ്ങിയപ്പോൾ അവരെ സ്വാഗതം ചെയ്തത് ക്രിസ്ത്യാനികളായിരുന്നു. അവർ അവിടെ പ്രവേശിച്ചപ്പോൾ യാതൊരു മാർഗതടസ്സവും അവരെ ബാധിച്ചില്ലെന്ന് മാത്രമല്ല, ഭക്ഷണാദി സാധന സാമഗ്രികൾക്ക്പോലും അവർ ബുദ്ധിമുട്ടേണ്ടിവന്നില്ല. ഇതെല്ലാം ഒന്നാം വിഭാഗത്തെ സംബന്ധിച്ച പഴയ ചരിത്രങ്ങളാണ്.

രണ്ടാം വിഭാഗക്കാരുടെ കർമഫലത്തെക്കുറിച്ച് അധികമൊന്നും പറയേണ്ടതായിട്ടില്ല. ഈ ക്വുർആൻ വചനം അവതരിച്ചു 15 കൊല്ലങ്ങളായപ്പോഴേക്കും, വിശുദ്ധ ക്വുർആന്റെ പ്രബോധനത്തെ ധിക്കാരപൂർവം- സർവശക്തിയുമുപയോഗിച്ചു- എതിർത്തിരുന്ന വൻശക്തികളെല്ലാം മുഖം കുത്തിനിലംപതിച്ചു കഴിഞ്ഞു. ആ ചരിത്രം, ഗ്രന്ഥങ്ങളുടെ താളുകളിൽ നിറഞ്ഞു കിടക്കുകയാണല്ലോ.

والحمدلله رب العالمين

---

***(*) ശാം രാജ്യങ്ങളിൽപ്പെട്ട രണ്ട് രാജ്യങ്ങൾ***

***(**) സ്ഥലങ്ങൾ ഫലസ്തീൻ- സിരിയാ പടങ്ങളിൽ കാണാം.***

വ്യാഖ്യാനക്കുറിപ്പ്

# ഈസാ നബി(അ)യും ക്രിസ്ത്യാനികളും

ഈസാ നബി (അ)യുടെ ജനനത്തെക്കുറിച്ച് സൂറഃ മര്‍യമിലും, സൂറഃ ആലുഇംറാനിലും ആകുന്നു ക്വുര്‍ആന്‍ വിവരിച്ചിട്ടുള്ളത്. സകരിയ്യാ നബി (അ)യുടെ പ്രാര്‍ത്ഥനയും, യഹ്‌യാ നബി (അ)യുടെ ജനനവും വിവരിച്ചതിനെത്തുടര്‍ന്നാണ് സൂറത്തുമര്‍യമില്‍ ആ വിവരണം ആരംഭിച്ചത്. നാല് ഇന്‍ജീലുകളില്‍ *(*)* ഒന്നായ സെന്റ് ലൂക്കോസിന്റെ ഇന്‍ജീല്‍ സൂറഃ മര്‍യമിലെ വിവരണത്തോട് മിക്കവാറും യോജിച്ചുകാണാം. ആലുഇംറാനിലാകട്ടെ, ഇതിന്‌മുമ്പുണ്ടായ മറ്റൊരു സംഭവത്തെ- മര്‍യം (അ)ന്റെ ജനനവും, ബൈത്തുല്‍ മുക്വദ്ദസില്‍ വെച്ചുള്ള അവരുടെ സംരക്ഷണവും- വിവരിച്ചതിനെ തുടര്‍ന്നാണ് ഈ കഥ വിവരിക്കുന്നത്. മര്‍യമിനെ സംബന്ധിച്ച വിഷയത്തില്‍ ഇന്‍ജീലുകള്‍ നാലും മൗനമവലംബിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാല്‍ ക്രി. 19-ാം നൂറ്റാണ്ടില്‍ വത്തിക്കാന്‍ ഗ്രന്ഥാലയത്തില്‍നിന്ന് 'ഉപേക്ഷിക്കപ്പെട്ട, ഇന്‍ജീലുകളുടെ ചില കോപ്പികള്‍ പുറത്തുവന്നിട്ടുണ്ട്. മര്‍യമിന്റെ ജനനത്തെക്കുറിച്ച് കാണാതായിപ്പോയ ഭാഗം ഇവമൂലം വെളിക്കുവന്നിരിക്കുകയാണ്

'ഉപേക്ഷിക്കപ്പെട്ട ഇന്‍ജീലുകള്‍' എന്ന് പറഞ്ഞത്: ക്രിസ്ത്വബ്ദം 1-ാം നൂറ്റാണ്ട് മുതല്‍ 4-ാം നൂറ്റാണ്ടിന്റെ ആരംഭംവരേക്കും ക്രിസ്ത്യാനികള്‍ക്കിടയില്‍ പ്രചാരത്തിലുണ്ടായിരുന്നതും, പ്രമാണിക്കപ്പെട്ടു വന്നിരുന്നതുമായ 21ലധികം ഇന്‍ജീലുകളാണ്. *(**)* പക്ഷേ, പിന്നീട് ക്രി. 325 ല്‍ ചേര്‍ന്ന ക്രിസ്തീയകൗണ്‍സില്‍ അവയില്‍ നാലെണ്ണം മാത്രം തിരഞ്ഞെടുത്തു ബാക്കിയെല്ലാം 'ഉപേക്ഷിക്കപ്പെട്ടതാ'യി തള്ളുകയാണുണ്ടായത്. ഈ തീരുമാനം ചരിത്രപരമോ, വിജ്ഞാനപരമോ ആയ ഒരു അടിസ്ഥാനത്തിലല്ല ഉണ്ടായത്. കേവലം ഒരു ഭാഗ്യപരീക്ഷണ രൂപത്തില്‍ മാത്രമായിരുന്നു നടത്തപ്പെട്ടത്.

വിശുദ്ധ ക്വുര്‍ആന്‍ അവതരിക്കുന്ന കാലത്ത് ഈസാ (അ)യെ സംബന്ധിച്ച്

---

***(*) മത്തായി, ലൂക്കോസ്, മാര്‍ക്കോസ്, യോഹന്നാന്‍ എന്നീ നാല് സുവിശേഷങ്ങള്‍. ഇവയാണ് 'പുതിയ നിയമപുസ്തകങ്ങള്‍' (New Testaments) എന്നറിയപ്പെടുന്ന ഇന്‍ജീലിലെ പ്രധാന പുസ്തകങ്ങള്‍.***

***(**) 21ന് താഴെയെന്നും നൂറുക്കണക്കിലുണ്ടെന്നും വേറെയും അഭിപ്രായങ്ങളുണ്ട്.***

ക്രിസ്ത്യാനികൾക്കിടയിൽ നാല് അടിസ്ഥാന വിശ്വാസങ്ങളാണ് ഉണ്ടായിരുന്നത്.

(1) പിതാവില്ലാതെ ജനിച്ചുവെന്ന വിശ്വാസം.

(2) ക്രൂശിക്കപ്പെടുകയും, പിന്നീട് പുനർജീവിച്ചു എഴുന്നേൽക്കുകയും ചെയ്തുവെന്ന വിശ്വാസം.

(3) അദ്ദേഹത്തിന്റെ ദൈവത്വ (**الالوهية**)ത്തിലുള്ള വിശ്വാസം.

(4) പാപപരിഹാര സിദ്ധാന്തം. അഥവാ മോക്ഷത്തിനുള്ള മാർഗം ഇപ്പോൾ കർമങ്ങളല്ല- മിസീഹാ (ഈസാ)യുടെ പാപ പരിഹാര തത്വ (**كفارة**)ത്തിലുള്ള വിശ്വാസമാണ് എന്ന വിശ്വാസം.

കുരിശുസംഭവത്തെ- ഈസാ (അ) കുരിശിൽ തറക്കപ്പെട്ടിട്ടുണ്ടെന്ന വിശ്വാസത്തെ (**عقيدة الصلب**) -ക്വുർആൻ പാടെ നിഷേധിച്ചിരിക്കുകയാണ്. അദ്ദേഹം കൊല്ലപ്പെട്ടിട്ടുമില്ല. ക്രൂശിക്കപ്പെട്ടിട്ടുമില്ല, അദ്ദേഹത്തിന്റെ യഥാർത്ഥ സംഭവം എന്താണെന്ന് അവർക്ക് തിരിയാതെ പോയതാണ് എന്ന് ക്വുർആൻ ഉറപ്പിച്ചു പഖ്യാപിച്ചിരിക്കുന്നു. (സൂറഃ നിസാഉ്: 157.) അദ്ദേഹം സാക്ഷാൽ ദൈവമെന്നോ, ത്രിയേകദൈവമെന്നോ, ദൈവപുത്രനെന്നോ ഉള്ള ദൈവത്വവാദവും ക്വുർആൻ ഖണ്ഡിതമായി നിഷേധിക്കുന്നു. അങ്ങനെ വിശ്വസിക്കുന്നതും, പറയുന്നതും തനി 'കുഫ്ർ' (അവിശ്വാസം) ആണെന്ന് അത് ആവർത്തിച്ചുപറയുന്നു. പാപപരിഹാരത്തിന്റെയും, പ്രായശ്ചിത്തത്തിന്റെയും സിദ്ധാന്തവും ക്വുർആൻ എതിർക്കുന്നു. പാപമോചനം ലഭിക്കുവാനുള്ള മാർഗം അല്ലാഹുവിന്റെ ഏകത്വത്തിലുള്ള വിശ്വാസവും, സൽക്കർമങ്ങളും മാത്രമാണ്; ഒരാളുടെ പാപം മറ്റൊരാൾ ഏറ്റെടുക്കുകയോ, മറ്റൊരാളുടെ മേൽ ചുമത്തപ്പെടുകയോ ഇല്ല എന്നും ക്വുർആൻ തീർത്തുപറയുന്നു.

എനി, മേൽപറഞ്ഞ നാല് വാദങ്ങളിൽ ബാക്കിയുള്ളത്, അദ്ദേഹം പിതാവില്ലാതെ ജനിച്ചുവെന്ന കാര്യമാകുന്നു. മറ്റു മൂന്ന് വാദങ്ങളും പോലെ ഇതും സത്യമല്ലായിരുന്നുവെങ്കിൽ, ഇതും ക്വുർആൻ സ്പഷ്ടമായ ഭാഷയിൽ ഖണ്ഡിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തില്ല. പിതാവില്ലാതെ ജനിച്ച ആളാണ് ഈസാ (അ)എന്ന നിഗമനം വെച്ചുകൊണ്ട് ക്വുർആൻ പരിശോധിക്കുമ്പോൾ, ആ വാദത്തെ ക്വുർആൻ അനുകൂലിക്കുന്നതായി മനസ്സിലാക്കാവുന്നതാണ്. പക്ഷേ, മറ്റു മൂന്ന് കാര്യവും പോലെ, ഈ വസ്തുത ക്വുർആൻ അത്ര വെട്ടിത്തുറന്നു പറഞ്ഞിട്ടില്ല. ഇക്കാരണത്താൽ, പിതാവില്ലാതെ ജനിച്ചുവെന്നതിന് എതിരായ ചില വ്യാഖ്യാനങ്ങൾ ഈ വിഷയത്തിൽ നടത്തുവാൻ ചില ആളുകൾ പരിശ്രമം നടത്തുകയുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ, ഈ വിഷയകമായി വന്ന ക്വുർആൻ വാക്യങ്ങൾ എല്ലാം മുമ്പിൽ വെച്ചുകൊണ്ടും, അവയുടെ മുമ്പും പിമ്പുമുള്ള പ്രസ്താവനകളും, അവയുടെ സന്ദർഭവും ഗൗനിച്ചുകൊണ്ടും അവയെ വീക്ഷിക്കുന്നപക്ഷം, പിതാവില്ലാതെയുള്ള അദ്ദേഹത്തിന്റെ ജനനത്തെ ക്വുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടെന്ന് കാണാം.

ഈസാ (അ)ന്റെ ജനനത്തെസംബന്ധിച്ച് അങ്ങേഅറ്റം പരസ്പരവൈരുദ്ധ്യമുള്ള രണ്ടുവാദങ്ങളാണ് ക്വുർആൻ അവതരിക്കുന്ന കാലത്ത് ഉണ്ടായിരുന്നതെന്ന പരമാർത്ഥം നാം ഓർക്കേണ്ടതുണ്ട്. തികച്ചും നിഷിദ്ധമായ ഒരു കൂട്ടുകെട്ടിൽനിന്നാണ് അദ്ദേഹം ജനിച്ചതെന്ന് ഒരു കക്ഷി- അതെ, ജൂതൻമാർ- പറയുന്നു. അതേ അവസരത്തിൽ അനുവദനീയമായ രൂപത്തിലാണെന്ന് മാത്രമല്ല- ദൈവികമായ ഒരു ദൃഷ്ടാന്തത്തിന്റെ രൂപത്തിലും കൂടിയാണ് അതെന്ന് രണ്ടാമതൊരു കക്ഷിയും- ക്രിസ്ത്യാനികളും- വാദിക്കു

ന്നു. ഒരു മൂന്നാമനെന്നനിലക്കാണ് ക്വുർആൻ ഇവിടെ തീരുമാനം കൽപിക്കേണ്ടതുള്ളത്. യാതൊരു വീഴ്ചയും വരുത്താതെ ക്വുർആൻ അതിന്റെ വിധി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്; അത് പറഞ്ഞു:-

إِنَّ اللَّهَ اصْطَفَاكِ وَطَهَّرَكِ وَاصْطَفَاكِ عَلَىٰ نِسَاءِ الْعَالَمِينَ

അതായത്: (മർയമേ) നിശ്ചയമായും, നിന്നെ അല്ലാഹു തിരഞ്ഞെടുത്തിരിക്കുന്നു; നിന്നെ അവൻ ശുദ്ധിയുള്ളവളാക്കുകയും, ലോകവനിതകളെക്കാൾ പരിശുദ്ധിയുള്ളവളാക്കുകയും ചെയ്തിരിക്കുന്നു. (സൂറഃ ആലുഇംറാൻ: 42) ജൂതൻമാരുടെ വാദത്തെ ഖണ്ഡിക്കുവാൻ ഇതിലപ്പുറം എനി എന്താണ് വേണ്ടത്? ക്വുർആൻ ഇതുകൊണ്ടും മതിയാക്കിയില്ല. ജൂതൻമാരിൽ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് ഹേതുക്കളായ സംഗതികൾ എടുത്തുപറയുന്ന കൂട്ടത്തിൽ, അത് ഇങ്ങനെ പ്രസ്താവിക്കുന്നു:

وَبِكُفْرِهِمْ وَقَوْلِهِمْ عَلَىٰ مَرْيَمَ بُهْتَانًا عَظِيمًا

സാരം: അവരുടെ അവിശ്വാസം കൊണ്ടും, മർയമിന്റെ പേരിൽ വമ്പിച്ച അപരാധം (നുണ) അവർ പറഞ്ഞുണ്ടാക്കിയതുകൊണ്ടുമാണത്. (സൂറഃ നിസാഅ്: 156) ഇതിനും പുറമെ, ജനനസംഭവത്തെ ഇൻജീലിൽ പറഞ്ഞതിന് വിരുദ്ധമല്ലാത്ത രൂപത്തിൽ ക്വുർആൻ വിവരിക്കുകയും ചെയ്തു.

സൂറത്ത് മർയം 20-21 വചനങ്ങളിൽ أَنَّىٰ يَكُونُ لِي غُلَامٌ (എനിക്ക് എങ്ങനെയാണ് കുട്ടിയുണ്ടാവുക?) എന്ന് തുടങ്ങിയ ഭാഗം നാം വായിച്ചുവല്ലോ. ബൈബ്ൾ ഇവിടെ പറയുന്നത് നോക്കുക: 'മറിയ ദൂതനോട്: ഞാൻ പുരുഷനെ അറിയായ്കയാൽ അത് എങ്ങനെ സംഭവിക്കും എന്ന് പറഞ്ഞു. അതിന് ദൂതൻ: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും.....' (ലൂക്കോസ്: 1 ൽ 34) ഇത്രയും പറഞ്ഞതിൽ നിന്ന്, പിതാവില്ലാതെയുള്ള ഈസാ നബി (അ)യുടെ ജനനത്തെ ക്വുർആൻ പരിപൂർണമായി അംഗീകരിച്ചിട്ടുണ്ടെന്ന് സ്പഷ്ടമാണല്ലോ.

ജൂതൻമാർ പറഞ്ഞുണ്ടാക്കിയതും, ക്രിസ്ത്യാനികൾ ഗ്രഹിച്ചതുമല്ലാത്ത മൂന്നാമതൊരു വാദം കൂടി നിലവിലുണ്ട്. മർയമിന് യൂസുഫ് എന്ന് പേരായ ഒരു ഭർത്താവുണ്ടായിരുന്നുവെന്നും, അദ്ദേഹത്തിൽനിന്നാണ് ഈസാ (അ)ന്റെ ജനനമെന്നും ആകുന്നു ആ വാദം. ക്വുർആന്റെ അനുകൂലം ഈ വാദത്തിനുണ്ടെന്ന് വരുവാൻ യാതൊരു ന്യായവുമില്ല. കാരണം, മേൽപറഞ്ഞ രണ്ട് വാദങ്ങളെയും കുറിച്ച് ഇത്രയും പറഞ്ഞ ക്വുർആൻ ഇതിനെപ്പറ്റി ഒരക്ഷരവും പറയാതെ വിട്ടുകളഞ്ഞുവെന്നോ?: ഭിന്നാഭിപ്രായങ്ങളിൽ യഥാർത്ഥ തീരുമാനവും, ഊഹാപോഹങ്ങളിൽ വിജ്ഞാനപ്രദവും, യുക്തവുമായ പ്രഖ്യാപനം ചെയ്യുന്ന ക്വുർആൻ, ഇതിനെപ്പറ്റി പാടെ മൗനം അവലംബിച്ചുവെന്നോ?!

ക്രിസ്ത്യാനികളും ജൂതൻമാരും തമ്മിൽ ഈ വിഷയത്തിൽ മാത്രമല്ല ഭിന്നിപ്പുള്ളത്. ഈസാ നബി (അ)യുടെ പ്രവാചകത്വത്തിലും ജൂതർക്ക് നിഷേധമുണ്ട്. വെറും ഒരു വഞ്ചകനായ ജാലവിദ്യക്കാരനായേ അദ്ദേഹത്തെ അവർ ഗണിച്ചിട്ടുള്ളൂ. ക്രിസ്ത്യാനികളാകട്ടെ, അദ്ദേഹത്തെ പ്രവാചകനെന്നല്ല, ദൈവമാക്കുകയും ചെയ്യുന്നു. ഈ രണ്ട് പക്ഷത്തെയും ക്വുർആൻ ഉച്ചൈസ്തരം ഖണ്ഡിച്ചു. ഒരു കൂട്ടരിൽ ഇങ്ങേഅറ്റത്തെ വീഴ്ചയും, മറ്റേ കൂട്ടരിൽ അങ്ങേഅറ്റത്തെ അതിരുകവിച്ചലുമാണുള്ളതെന്ന് വെളിവാക്കിക്കൊണ്ട് അദ്ദേഹം അല്ലാഹുവിന്റെ അടിയാനായ ഒരു പ്രവാചകൻ മാത്രമാണെന്ന് ക്വുർആൻ പ്രഖ്യാപിക്കുകയും ചെയ്തു.

യേശുക്രിസ്തു ദൈവപുത്രനാണെന്ന ക്രിസ്തീയ വാദത്തിന് അവർ ഏറ്റവും വലിയ അവലംബമാക്കുന്നത് അദ്ദേഹത്തിന്റെ ആശ്ചര്യകരമായ ജനനത്തെയാകുന്നു. എന്നിട്ടുപോലും ആ ജനനത്തെ ക്വുർആൻ നിഷേധിച്ചില്ല- അനുകൂലിക്കുകയാണ് ചെയ്തത്. അതോടുകൂടി അദ്ദേഹം ദൈവമോ, ദൈവപുത്രനോ ആണെന്ന വാദങ്ങളെ യാതൊരു വിട്ടുവീഴ്ചയും കൂടാതെ അത് ഖണ്ഡിക്കുകയും ചെയ്തു. സാധാരണപോലെ ഒരു പിതാവിൽ നിന്നാണ് അദ്ദേഹത്തിന്റെ ജനനമുണ്ടായിട്ടുള്ളതെങ്കിൽ 'മർയമിന്റെ മകൻ ഈസാ' എന്നതിനുപകരം ഒരൊറ്റ പ്രാവശ്യമെങ്കിലും 'യൂസുഫിന്റെ മകൻ ഈസാ' എന്നൊരു വാക്ക് പറഞ്ഞാൽ മതിയാകുമായിരുന്നു അദ്ദേഹം ദൈവമാണെന്ന ക്രിസ്തീയവാദം അടിയോടെ തകർന്നുപോകുവാൻ. അത് പറയാതെ, യേശു മർയമിന്റെ ഗർഭാശയത്തിൽ താമസിച്ചു പ്രസവിക്കപ്പെടേണ്ടിവന്നതുകൊണ്ടുതന്നെ അദ്ദേഹം ഒരു മനുഷ്യനും, ദൈവത്തിന്റെ അടിമയും ആയിത്തീരുന്നുവെന്ന് സമർത്ഥിക്കുകയാണ് ക്വുർആൻ ചെയ്യുന്നത്.

ഈസാ (അ)ന്റെ ജനനം കേവലം ഒരു സാധാരണസംഭവമായി ചിത്രീകരിക്കുവാൻ ചില ആളുകൾ മുതിരാറുണ്ടെന്ന് പറഞ്ഞുവല്ലോ. മർയമിനും, യൂസുഫിനുമിടയിൽ നടന്നതായി (ലൂക്കോസ് 1: 27 ലും മറ്റും) പറയപ്പെടുന്ന ഒരു വിവാഹാലോചനയെ പൊക്കിപ്പിടിച്ചുകൊണ്ടാണ് ഇക്കൂട്ടർ ആ പാഴ്‌വേല നടത്തുന്നത്. വിവാഹാലോചന നടന്നത് ശരിയായിരുന്നാൽ തന്നെ ഇവർക്കിടയിൽ വിവാഹവും കൂട്ടുകെട്ടും നടന്നതായി യാതൊരു തെളിവുമില്ല. കെട്ടിച്ചമയ്ക്കപ്പെട്ട ഒരു കഥാപാത്രമാണത്. ജൂതൻമാരുടെ ആദ്യകാല പ്രസ്താവനകളും അതിന് എതിരായിരുന്നു. അവർ മർയമിന്റെ പേരിൽ ആരോപണങ്ങൾ നടത്തിയപ്പോൾ, അതിൽ യൂസുഫിന്റെ പേർ പറഞ്ഞിരുന്നില്ല; ഏതോ ഒരു പാമ്പരൻ അട്ടാലിയുടെ പേരായിരുന്നു പറഞ്ഞുവന്നിരുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈസാ (അ) പിതാവിൽ നിന്ന് ജനിച്ചതാണെന്ന് ക്വുർആനിൽ നിന്ന് വരുത്തിത്തീർക്കുവാനുള്ള ആരുടെ പരിശ്രമവും, തനിസാഹസവും, വാസ്തവ വിരുദ്ധവുമാണെന്ന് ഖണ്ഡിതമായി പറയാം.

നാം, ക്വുർആനെ മനസ്സിലാക്കുന്നത് അതിനെ അത്ഭുതപൂജകൻമാരുടെ ഒരു പുസ്തകമാക്കിക്കൊണ്ടാകരുത്. അത്പോലെത്തന്നെ, അവരിൽനിന്ന് രക്ഷപ്പെടുവാനായി, അതിനെ ദുർവ്യാഖ്യാനം നടത്തിക്കൊണ്ടും ആകരുത്. അത് അറബിഭാഷയിലാണുള്ളത്. അതിന് അതിന്റേതായ ചില പ്രത്യേകതകളുണ്ട്; അറബിഭാഷയുടെതായ ചില ശൈലീസമ്പ്രദായങ്ങളുമുണ്ട്; സരളമായ വാചകഘടനയും, ഹൃദ്യമായ പ്രതിപാദനരീതിയുമുണ്ട്. ആകയാൽ, നിഷ്പക്ഷതയോടും, സത്യാമ്പേഷണത്തോടുംകൂടി- അല്ലാഹുവിന്റെ വചനമാണെന്ന ബോധത്തോടും ബഹുമാനത്തോടും കൂടി- അത് എന്ത് പറഞ്ഞുതരുന്നുവോ അത് ഏറ്റക്കുറവ് ചെയ്യാതെ സ്വീകരിക്കുവാനുള്ള തയ്യാറോട്കൂടി- ആയിരിക്കണം, നാം അതിനെ സമീപിക്കുന്നത്. അപ്പോൾ കെട്ടിക്കുടുക്കും ഇടമുഴയും കൂടാതെ ഏതൊരു സാരം നമുക്ക് ലഭിക്കുന്നുവോ ആ സാരം യാതൊരു സങ്കോചവും വൈമനസ്യവും കാണിക്കാതെ, നാം സ്വീകരിക്കണം. വക്ര മനഃസ്ഥിതിയോ, ഒരു പ്രത്യേക താൽപര്യമോ അതിനുമുമ്പിൽ നമുക്കുണ്ടായിരിക്കരുത്. അങ്ങനെ ആകുന്നപക്ഷം, നമുക്ക് ക്വുർആനിൽ നിന്ന് ലഭിക്കുന്ന ഫലം ആകാശക്കോട്ടകൾ മാത്രമായിരിക്കും. വിജ്ഞാനവും, യാഥാർത്ഥ്യവുമാകുന്ന ഒരു കോടതി നമുക്കുണ്ട്. എല്ലാ കൃത്രിമവും അതിന്റെ വിചാരണയിൽ പരാജയപ്പെടുകയേ ഉണ്ടാവുകയുള്ളൂ.

ഈസാ നബി (അ)യുടെയും, ആദം നബി (അ)യുടെയും സ്ഥിതി (പിതാവില്ലാത്ത

വിഷയത്തിൽ) ഒരു പോലെയാണെന്ന് അല്ലാഹു പ്രസ്താവിച്ചത് 36-ാം വചനത്തിൽ നാം കണ്ടു. അല്ലാഹുവിന്റെ വചനവും, അവന്റെ പക്കൽനിന്നുള്ള ആത്മാവും മാത്ര മാണ് മർയമിന്റെ മകൻ ഈസാ എന്ന് ക്വുർആൻ ഉറപ്പിച്ചു പറഞ്ഞത് 40-ാം വചന ത്തിന്റെ വിവരണത്തിലും നാം ഉദ്ധരിച്ചു. ഒരു മനുഷ്യനും എന്നെ സ്പർശിക്കുകയോ, ഞാനൊരു ദുർവൃത്തയായിരിക്കുകയോ ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് എനിക്ക് എങ്ങനെ കുട്ടിയുണ്ടാകുമെന്ന് മർയം മലക്കിനോട് ചോദിച്ചു. അത് ശരിയാണെന്നും, പക്ഷേ, ഇതൊരു ദൃഷ്ടാന്തമാക്കുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്നും മലക്ക് മറുപടി പറ ഞ്ഞു. ഇത് ഇതേ സൂറത്ത് 20, 21 ൽ നാം വായിച്ചു. ആലുഇംറാൻ 47 ലും ഈ സംഗതി സ്പഷ്ടമാക്കിയിട്ടുണ്ട്. മർയം തന്റെ ഗുഹ്യസ്ഥാനം (യാതൊരു ദുർവൃത്തിയും ചെയ്യാ തെ) കാത്ത് രക്ഷിച്ചിട്ടുള്ളതും, അല്ലാഹു അവന്റെ പക്കൽനിന്നുള്ള ആത്മാവ് അവ ളിൽ ഊതിയത് നിമിത്തമാണ് അവൾക്ക് -അസാധാരണനിലയിൽ- മകനുണ്ടായതെന്ന് സൂറഃ അൻബിയാഉ് 91 ലും, സൂറഃ തഹ്‌രീമിന്റെ അവസാനത്തിലും കാണാം. എനിയും പല ക്വുർആൻ വചനങ്ങളും ഇപ്പറഞ്ഞകാര്യങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നതായി കാണാം. എന്നിരിക്കെ, ക്വുർആനിൽ വിശ്വസിക്കുന്നതായി വാദിക്കുന്ന ഏതൊരുവനും ഈസാ നബി (അ)യുടെ ജനനം ഏതെങ്കിലും ഒരു പിതാവിൽ നിന്നായിരിക്കുമോ എന്ന് സംശയിക്കുവാൻപോലും യാതൊരു ന്യായവും ഇല്ലതന്നെ. വല്ലവരും സംശയിക്കുന്ന പക്ഷം അവർ ക്വുർആനിൽ വിശ്വസിക്കാത്തവരായിരിക്കുവാനേ നിവൃത്തിയുള്ളൂ.

ولله الحمد والمنة